# മലയാളലിപി ഉത്ഭവവും


**ഡി. ദയാനന്ദൻ**

ആർക്കിവിസ്റ്റ്


> **വസ്തുവിന്റെ പ്രതിരൂപങ്ങളിലൂടെ ആശയം ആവിഷ്കരിക്കപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. ഈ രൂപങ്ങൾ ലഘൂകരിക്കപ്പെട്ട് ലിപികൾ രൂപപ്പെട്ടു. മാനവസംസ്കാരത്തെ മാറ്റിമറിച്ച ഈ പരിണാമ വഴികളിലൂടെ.....**



അക്ഷരവിദ്യ മനുഷ്യനു മാത്രം സ്വായത്തമായിട്ടുള്ള ഒന്നാണ്. മാനവരാശിയുടെ പുരോഗതിയുടെ ഏതു ഘട്ടത്തിലാണ് അവൻ ലിപി വികസിപ്പിച്ചെടുത്തതെന്ന് കൃത്യമായി പറയാൻ നിർവാഹമില്ല. ലിപിയുടെ കണ്ടുപിടിത്തം മാനവസംസ്കാരത്തെ മാറ്റി മറിച്ചു. ആദിമലിപിയെന്നു പറയുന്നത് ഓരോ വസ്തുവിന്റെയും പ്രതിരൂപമാണ്. വസ്തുവിന്റെ പ്രതിരൂപങ്ങളിലൂടെ ആശയം ആവിഷ്കരിച്ചിരുന്നു. മനുഷ്യൻ എന്ന ആശയം പ്രകടിപ്പിക്കേണ്ടിടത്ത് മനുഷ്യന്റെ രൂപം തന്നെ വരച്ചാണ് ലേഖനവിദ്യ നടപ്പാക്കിയിരുന്നത്. പിൽക്കാലത്ത് ഈ രൂപങ്ങൾ ലഘൂകരിക്കപ്പെടുകയും അവകൊണ്ട് നിർദ്ദേശിക്കപ്പെട്ട വാക്കുകളുടെ പ്രധാന ലിപിയോ ആദ്യലിപിയോ ആയിത്തീരുകയും ചെയ്തു. ലിപികൾ ഇങ്ങനെയുണ്ടായിയെന്നാണ് ലിപി ശാസ്ത്രജ്ഞന്മാർ കരുതിപ്പോരുന്നത്.

ഭാരതചരിത്രം പരിശോധിച്ചാൽ ബ്രാഹ്മി, ഖരോഷ്ടി എന്നിങ്ങനെ രണ്ടു തരം ലിപികൾ ഇവിടെ പ്രചാരത്തിലിരുന്നതായി കാണാം. പിൽക്കാലത്ത് ഈ ലിപികളുടെ രൂപം വികാസം പ്രാപിക്കുകയും പല ലിപികൾ ഉരുത്തിരിഞ്ഞു വരികയും ചെയ്തു. ബി.സി. ആറാം നൂറ്റാണ്ടായപ്പോൾ ലിപികളുടെ എണ്ണം അറുപത്തിനാലായി.

മേൽപറഞ്ഞ ലിപികൾ ഇന്ത്യയുടെ എല്ലാ ഭാഗത്തും പ്രയോഗത്തിലുണ്ടായിരുന്നില്ല. ഖരോഷ്ടി ഇന്ത്യയുടെ വടക്കു പടിഞ്ഞാറേ ഭാഗത്ത് ചില ദിക്കുകളിൽ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ പ്രദേശങ്ങളിൽ പോലും അതിന്റെ ആയുസ്സ് ഹ്രസ്വമായിരുന്നു. ക്രമേണ അതിന്റെ പ്രചാരം കുറഞ്ഞു വരികയും എ.ഡി. നാലാം ശതകത്തോടു കൂടി നാമാവശേഷമാവുകയും ചെയ്തു. അതുപോലെ മറ്റു ലിപികളും പ്രചാരലുപ്തമായി. അതിനുശേഷം ഭാരതത്തിൽ എല്ലായിടത്തും പ്രചരിപ്പിച്ചിരുന്നത് ബ്രാഹ്മിലിപികളാണ്. ഈ ബ്രാഹ്മി ലിപി ഭാരതത്തിൽ എല്ലായിടത്തും ഒരുപോലെ ആയിരുന്നില്ല എഴുതിപ്പോന്നത്. ബ്രാഹ്മി തെക്കേ ഇന്ത്യയിലെത്തിയപ്പോൾ അതിന്റെ പേരിൽപോലും മാറ്റംവന്നു. ദക്ഷിണേന്ത്യയിൽ അത് ദ്രാവിഡി എന്ന പേരിൽ അറിയപ്പെട്ടു. ഭാരതത്തിലെ സകല ലിപികളുടെയും മൂലരൂപം ബ്രാഹ്മി ആണെന്നാണ് ഭാഷാശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. കാലാന്തരത്തിൽ അവയ്ക്ക് ദേശഭേദം ഉണ്ടായി. ദേശഭേദമുണ്ടായപ്പോൾ നാമഭേദവുമുണ്ടായി. അങ്ങനെ ലിപികൾ ഓരോ ദേശത്തും ഓരോ പേരിൽ അറിയപ്പെട്ടു.

ബ്രാഹ്മി ലിപികൾ ദക്ഷിണഭാരതത്തിൽ എത്തിയത് എപ്പോഴെന്നുള്ളതിന് കൃത്യമായ തെളിവുകളില്ല. എങ്കിലും എ.ഡി. മൂന്നാം ശതകത്തോടെ അവ വിന്ധ്യൻ കടന്നുവെന്നു കരുതിപ്പോരുന്നു. ദക്ഷിണഭാരതത്തിൽ പ്രവേശിച്ച ഈ ലിപി ക്രമേണ കേരളത്തിലുമെത്തി. ബ്രാഹ്മിലിപിയിൽ നിന്ന് പരിണമിച്ചുണ്ടായവയാണ് വെട്ടെഴുത്ത് അഥവാ വട്ടെഴുത്ത്. ഈ വെട്ടെഴുത്ത് അഥവാ വട്ടെഴുത്താണ് മലയാള ലിപികളുടെ ആദ്യരൂപം. അതിൽ നിന്ന് ക്രമേണ ഇന്നത്തെ മലയാളലിപികൾ രൂപം കൊണ്ടു. വെട്ടി അടയാളപ്പെടുത്തുക അല്ലെങ്കിൽ ചൂഴ്ന്ന് അടയാളപ്പെടുത്തുക



# വികാസവും

എന്നർത്ഥമുള്ള 'എഴു' അല്ലെങ്കിൽ 'അഴു' എന്ന ധാതുവിൽ നിന്നാണ് 'എഴുത്ത്' എന്ന വാക്ക് ഉണ്ടായിട്ടുള്ളതെന്ന് ലിപി വിദഗ്ധനായ ഡോ.എൽ.എ. രവിവർമ്മ പ്രസ്താവിച്ചിട്ടുണ്ട്. അതിന് പണ്ഡിത ലോകത്തിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ പ്രചാരത്തിലിരുന്ന ആലേഖന സമ്പ്രദായവുമായി ബന്ധപ്പെട്ടാണ് ഈ വാക്ക് ഉണ്ടായിട്ടുള്ളത്. എഴുത്താണിയോ ഉളിയും ചുറ്റികയുമോ ഉപയോഗിച്ച് അക്ഷരങ്ങൾ വെട്ടിയുണ്ടാക്കുകയായിരുന്നു ദക്ഷിണേന്ത്യയിലെ ആലേഖന സമ്പ്രദായം. വെട്ടിയെഴുതിയിരുന്നതുകൊണ്ട് ഈ രീതിക്ക് വെട്ടെഴുത്തെന്നു പേരുവന്നു എന്നാണ് പൊതുവെ കരുതിപ്പോരുന്നത്. ഇതിനെ ഖണ്ഡിക്കുന്ന പണ്ഡിതന്മാരുണ്ട്. അവരുടെ അഭിപ്രായത്തിൽ വളഞ്ഞ വരകൾ അധികം ഉള്ളതുകൊണ്ടാണ് ഈ ലിപിക്ക് ആ പേരു സിദ്ധിച്ചത്. കോലുകൊണ്ട് വരച്ചുണ്ടാക്കിയിരുന്ന രൂപത്തിന് കോലെഴുത്തെന്നും നാമകരണം ചെയ്തു. കേരളത്തിന്റെ തെക്കൻ ദിക്കുകളിൽ മാത്രം പ്രചാരത്തിലിരുന്ന മറ്റൊരു ലിപിയും ഉണ്ടായിരുന്നു. അതാണ് മലയാണ്മ അഥവാ മലയാഴ്മ. അതിന്റെ പൂർണ്ണമായ പേര് തെക്കൻ മലയാണ്മ അല്ലെങ്കിൽ തെക്കൻ മലയാഴ്മ എന്നാണ്. പേരിൽ നിന്നുതന്നെ അതു പ്രചാരത്തിലിരുന്ന ദേശവിഭാഗത്തിന്റെ സൂചനയും ലഭിക്കുന്നു.

വട്ടെഴുത്തിന്റെ മറ്റൊരു പേരാണ് 'നാനം മോനം' എന്നത്. ഇത് എങ്ങനെ വന്നുവെന്ന് നോക്കാം. 'ഹരിശ്രീ ഗണപതയെ നമഃ', എന്നതിലെ ഹരിശ്രീയ്ക്ക് പകരം നമോ നാരായണായ എന്നായിരുന്നു പഴയ പ്രയോഗം. അതിലെ ആദ്യാക്ഷരങ്ങളായ 'ന'കാരവും 'മ'കാരവും ചേർത്ത് ഭാഷയ്ക്ക് 'നാനം മോനം' എന്നു പേരിട്ടു.

നേരത്തെ പറഞ്ഞ മലയാണ്മ വട്ടെഴുത്തിൽ നിന്ന് അൽപം വ്യത്യാസമുള്ളതാണ്. ഈ മലയാണ്മയും വട്ടെഴുത്തും കോലെഴുത്തും ഒരേ കാലത്ത് ഇവിടെ പ്രയോഗത്തിലുണ്ടായിരുന്നു. പിൽക്കാലത്ത് 'കേരളഭാഷ'യും സംസ്കൃതവും കൂടി കലർന്ന് മണിപ്രവാളം ഉണ്ടായപ്പോൾ ആര്യ എഴുത്ത് എന്ന പേരുള്ള ഗ്രന്ഥലിപി ഉപയോഗിച്ച് തുടങ്ങി. മലയാളക്കരയിൽ ഗ്രന്ഥലിപിക്ക് പ്രചാരം സിദ്ധിച്ചതോടുകൂടി വട്ടെഴുത്തിനും കോലെഴുത്തിനും പ്രാധാന്യം കുറഞ്ഞു.

ഉത്തരേന്ത്യയിൽ പ്രചരിച്ചിരുന്ന ബ്രാഹ്മി അതേപടിയല്ല ദക്ഷിണേന്ത്യയിൽ എത്തിയത്. അതിന് പല മാറ്റങ്ങളുമുണ്ടായി. ഈ മാറ്റങ്ങൾ കൂടെ ഉൾക്കൊണ്ടുകൊണ്ടാണ് തമിഴ് മുതലായ ലിപികൾ രൂപപ്പെട്ടത്. ആ മാറ്റങ്ങൾ കണ്ടാലറിയാവുന്ന രീതിയിലായിരുന്നു. വട്ടെഴുത്തും ബ്രാഹ്മിയിൽ നിന്ന് പിരിഞ്ഞ് പ്രത്യേകം വളർന്നുവന്നതാണ്. ഈ വട്ടെഴുത്ത് പാണ്ട്യദേശത്തും പ്രചരിച്ചിരുന്നു. എ.ഡി. 1000-ാമാണ്ടിനു മുൻപുള്ള പാണ്ട്യദേശത്തെ

**ബ്രാഹ്മിയിൽ നിന്ന് മലയാളത്തിലേയ്ക്ക്**



ശിലാരേഖകൾ വട്ടെഴുത്തിലാണ് കാണപ്പെടുന്നത്. എന്നാൽ ക്രമേണ ഈ ലിപി കേരളത്തിൽ മാത്രമായി ചുരുങ്ങി.

ഭാഷയും സംസ്കൃതവും ഇടകലർന്ന് കേരളത്തിൽ മണിപ്രവാളമുണ്ടായത് മദ്ധ്യകാലത്തോടെയാണ്. അതിനു മുൻപ് ദ്രാവിഡാക്ഷരങ്ങൾ മാത്രമാണ് ഭാഷയിൽ ഉണ്ടായിരുന്നത്. ഭാഷയിലെ പാട്ടുപ്രസ്ഥാനം പൂർണമായും ദ്രാവിഡാക്ഷരങ്ങളിൽ അധിഷ്ഠിതമാണ്. "ദ്രമിഡ സംഘാതാക്ഷര നിബദ്ധ, മെതുക, മോന, വൃത്തവിശേഷ യുക്തം പാട്ട്" എന്നാണ് പാട്ടിന് ലക്ഷണം പറഞ്ഞിരിക്കുന്നത്. ഈ ദ്രമിഡ സംഘാതാക്ഷരങ്ങൾ ബ്രാഹ്മിയിൽ നിന്ന് രൂപപ്പെട്ടതുമാണ്.

നൂറു കൊല്ലത്തിനു മുൻപുള്ള മലയാളത്തിലെ 'ഇ'കാരവും ബ്രാഹ്മിയിലെ 'ഇ'കാരവും പരിശോധിച്ചാൽ അവ തമ്മിലുള്ള സാമ്യം മനസ്സിലാക്കാവുന്നതാണ്. '∘∘∘' എന്നാണ് ബ്രാഹ്മിയിൽ 'ഇ' എഴുതിയിരുന്നത്. അത് ചിലപ്പോൾ % എന്നുമായി കാണുന്നുണ്ട്. ഠരം എന്നാണ് നൂറു കൊല്ലം മുൻപ് വരെ മലയാളത്തിൽ 'ഇ'കാരം എഴുതിയിരുന്നത്. ബ്രാഹ്മിയിലെ '1' മലയാളത്തിൽ 'ര' എന്നായി മാറി.

മലയാളഭാഷയുടെ പിതാവാണല്ലോ തുഞ്ചത്തെഴുത്തച്ഛൻ. അദ്ദേഹമാണ് ഭാഷയെ തമിഴിന്റെ പിടിയിൽ നിന്ന് മോചിപ്പിച്ചത്. തമിഴാകുന്ന അമ്മയുടെ രക്ഷാകർത്തൃത്വത്തിൽ നിന്ന് ഭാഷയെ മോചിപ്പിച്ച് സംസ്കൃതമാകുന്ന ഭർത്താവിനെ ഏൽപ്പിക്കുകയെന്ന മഹത്കൃത്യമാണ് എഴുത്തച്ഛൻ ചെയ്തത്. എഴുത്തച്ഛന്റെ കാർമ്മികത്വത്തിൽ നടന്ന ആ വിവാഹാനന്തരം മലയാളം എന്ന കുഞ്ഞ് പിറന്നു. ആ കാലത്താണ് ഇന്ന് പ്രചാരത്തിലുള്ള മലയാള ലിപികൾ രൂപം കൊണ്ടത്. പിൽക്കാലത്ത് അതിന് പല പരിണാമങ്ങളുമുണ്ടായി. നിഘണ്ടുകാരന്മാർ താഴെപ്പറയുന്ന അക്ഷരങ്ങളാണ് അക്ഷരമാലപ്പട്ടികയിൽ ചേർത്തിരിക്കുന്നത്.

**സ്വരങ്ങൾ**

അ ആ ഇ ഈ ഉ ഊ ഋ ൠ ഌ ൡ എ ഏ ഐ ഒ ഓ ഔ.

**വ്യഞ്ജനങ്ങൾ**

| | |
|---|---|
| ക ഖ ഗ ഘ ങ | ക വർഗം |
| ച ഛ ജ ഝ ഞ | ച വർഗം |
| ട ഠ ഡ ഢ ണ | ട വർഗം |
| ത ഥ ദ ധ ന | ത വർഗം |
| പ ഫ ബ ഭ മ | പ വർഗം |
| യ ര ല വ | മധ്യമങ്ങൾ |
| ശ ഷ സ | ഊഷ്മാക്കൾ |
| ഹ | ഘോഷി |
| ള ഴ റ | ദ്രാവിഡ മധ്യമങ്ങൾ |

**ചില്ലുകൾ**

ൺ ൻ ർ ൽ ൾ

കേരളപാണിനി മുകളിൽപറഞ്ഞ വർഗ്ഗാക്ഷരങ്ങൾക്ക് പുറമേ റ്റ, ന എന്ന രണ്ട് അക്ഷരങ്ങളെ കൂടെ വർഗ്ഗാക്ഷരങ്ങളിൽ പെടുത്തിയിരിക്കുന്നു. അവയ്ക്ക് യഥാക്രമം 4, എന്നിങ്ങനെ ലിപികളും നിശ്ചയിച്ചിട്ടുണ്ട്. ഭാഷാവിദ്യാർത്ഥികൾക്കല്ലാതെ സാധാരണ മലയാളിക്ക് ഈ വർഗ്ഗാക്ഷരങ്ങൾ പരിചിതമല്ല. എന്നാൽ അവയുടെ സാന്നിധ്യം മലയാളികൾക്കെല്ലാം പരിചിതവുമാണ്. പ്രയോഗത്തിൽ അവ ഉണ്ടെന്നതാണ് അതിനു കാരണം. നനഞ്ഞു എന്ന പദത്തിലെ ആദ്യത്തെ രണ്ടക്ഷരങ്ങൾക്കുള്ള ഉച്ചാരണ വൈവിധ്യം എടുത്തു പറയേണ്ടതില്ലല്ലോ. അതുപോലെ എന്റെ, നിന്റെ എന്നീ വാക്കുകളിൽ കാണുന്ന 'റ'യുടെ ഉച്ചാരണം 'റ്റ' എന്നാണ്.

ആധുനിക മലയാളത്തിൽ കാണുന്ന എ ഏ ഒ ഓ എന്നീ ഹ്രസ്വ ദീർഘ സ്വരങ്ങളെ കുറിക്കുന്ന പ്രത്യേക രൂപങ്ങളും സംവൃതോകാരവും മറ്റും നൂതനോത്പന്നങ്ങളാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് അവയുടെ രംഗപ്രവേശം. അതിനു മുൻപ് അവ അജ്ഞാതങ്ങളായിരുന്നു.

പിൽക്കാലത്തുണ്ടായ ലിപി പരിഷ്കാരം മുഖേന അച്ചടി ഭാഷയ്ക്ക് വളരെ സൗകര്യം കൈവന്നു. എന്നാൽ അച്ചടിയുടെ സൗകര്യത്തിനു വേണ്ടി മാത്രം നിർദ്ദേശിക്കപ്പെട്ട പരിഷ്കാരങ്ങൾ കൈയെഴുത്തിലും കടന്നുവന്നതോടെ ഭാഷയ്ക്ക് മലയാളത്തനിമ നഷ്ടപ്പെട്ടു. സംവൃതോകാരം അപ്രത്യക്ഷമായി. തമിഴിൽ നിന്ന് മലയാളത്തെ വേറിട്ടു കാണിക്കുന്ന വ്യവസ്ഥകളിലൊന്നാണ് സംവൃതോകാരമെന്ന കാര്യം വിസ്മൃതിയിലാണ്ടു.

ലിപി പരിഷ്കരണം നടന്നുവെങ്കിലും മലയാളത്തിലെ ലിപി ഘടന വ്യവസ്ഥാപിതമായില്ല. ഒരേ പദം തന്നെ പല പ്രകാരത്തിൽ എഴുതുന്നത് മലയാളത്തിൽ സർവസാധാരണമാണ്. മാത്രമല്ല ആവശ്യമില്ലാത്ത അക്ഷരങ്ങൾ വെറുതെ അഭ്യസിക്കേണ്ടിയും വരുന്നു. ഇതൊഴിവാക്കാൻ വേണ്ടിയാണ് 'ലിപി മാനകീകരണ'മെന്ന ആശയം രൂപം കൊണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ മലയാളം എഴുത്തിനും അച്ചടിയ്ക്കും ആവശ്യമായ അക്ഷരങ്ങൾ താഴെപ്പറയുന്നവയായി നിജപ്പെടുത്തിയിരിക്കുന്നു.

സ്വരങ്ങൾ

അ ആ ഇ ഈ ഉ ഊ ഋ ഌ എ ഏ ഐ ഒ ഓ ഔ.

**വ്യഞ്ജനങ്ങൾ**

ക ഖ ഗ ഘ ങ

ച ഛ ജ ഝ ഞ

ട ഠ ഡ ഢ ണ

ത ഥ ദ ധ ന

പ ഫ ബ ഭ മ

യ ര ല വ

ശ ഷ സ

ഹ

ള ഴ റ

ഇതിനുപുറമേ അനുസ്വാരം, വിസർഗ്ഗം, ചന്ദ്രക്കല (മീത്തൽ), ചില്ലുകൾ, വ്യഞ്ജനങ്ങളുടെ ഉപചിഹ്നങ്ങൾ, സ്വരങ്ങളുടെ ഉപചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവയുമുണ്ട്.

ജീവത്ഭാഷകളെല്ലാം പരിണാമത്തിനു വിധേയമാണ്. ആ മാറ്റം ലിപിഘടനയിലും വന്നുചേരും. അതുകൊണ്ട് കാലം കഴിയുമ്പോൾ ലിപികൾക്ക് ഇനിയും മാറ്റമുണ്ടാകാം. ആ മാറ്റത്തെയും നാം സ്വാഗതം ചെയ്യേണ്ടതാണ്.

**പരിണാമത്തിന്റെ വഴി**



B-ബ്രാഹ്മി V-വട്ടെഴുത്ത് K-കോലെഴുത്ത് M-മലയാണ്മ ML-മലയാളം



# ലിഖിത നാണയങ്ങളും ലിപി പരിണാമവും

നാണയങ്ങൾ ചരിത്രത്തെ സ്ഥിരീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്നു. നാണയ നിർമ്മിതിയുടെ ലോഹവും അനുപാതവും കലാമേന്മയും യാന്ത്രിക നിർമ്മാണവുമൊക്കെ നാണയ വിജ്ഞാനീയത്തിന്റെ ഭാഗങ്ങളാണ്.

**ജി. സരോജിനി അമ്മ,** എസ്കവേഷൻ അസിസ്റ്റന്റ്, പുരാവസ്തു വകുപ്പ്

ചരിത്രഗവേഷണങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു സഹായകഘടകമാണ് നാണയങ്ങൾ. ഭാരതചരിത്ര രചനയ്ക്ക് നാണയവിജ്ഞാനീയം അത്യധികം സഹാകമായിട്ടുണ്ട്. ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ കൽക്കട്ട കമ്മട്ടത്തിൽ മേലധികാരി ആയിരുന്ന സർ ജയിംസ് പ്രിൻസെപ്പിന് സന്ദർഭവശാൽ അതിപ്രാചീന നാണയങ്ങൾ ലഭിക്കുവാനിടയായി. അവയുടെ ഒരു വശത്ത് ഗ്രീക്കുലിപിയിലും മറുവശത്ത് ഇന്ത്യയിലുണ്ടായിരുന്ന ഒരു തരം ലിപിയിലും ലിഖിതമുണ്ടായിരുന്നു. രണ്ടു ഭാഷകളിൽ ആലേഖനമുള്ള ആ ദ്വിഭാഷാനാണയം ബി.സി. രണ്ടാം ശതകത്തിൽ ഇന്ത്യയുടെ പശ്ചിമോത്തര ഭാഗങ്ങൾ ഭരിച്ചിരുന്ന യവനരാജാക്കന്മാർ നടപ്പിൽ വരുത്തിയതാണെന്ന് അദ്ദേഹം മനസ്സിലാക്കി. പാശ്ചാത്യ ഭാഷകളിൽ അതീവ പാണ്ഡിത്യം ഉണ്ടായിരുന്ന ആ കമ്മട്ടം അധികാരിക്ക് പ്രസ്തുത നാണയങ്ങളിലെ ഗ്രീക്ക് ലിഖിതം വായിക്കാൻ കഴിഞ്ഞു. നാണയത്തിന്റെ മറുവശത്ത് എഴുതിയിരുന്നത് ഗ്രീക്കിൽ എഴുതിയ കാര്യം തന്നെയെന്ന് ഊഹിച്ച്, അവയെ താരതമ്യപ്പെടുത്തിയും അടിസ്ഥാനമാക്കിയും ഒരു ലിപിപട്ടിക തയ്യാറാക്കി. ഭാരതത്തിലെ ശിലാസ്തംഭങ്ങളിലും പാറകളിലും കാണപ്പെട്ട എഴുത്തുകൾ ഇതേ ലിപിയാണെന്നും മനസ്സിലാക്കി. അങ്ങനെ അതുവരെ അജ്ഞാതമായിരുന്ന ഒരു ലിപിമാല വെളിച്ചത്തുകൊണ്ടുവരുവാൻ കഴിഞ്ഞു. അതാണ് ഭാരതത്തിലെ ബ്രാഹ്മിലിപി. ഭാരതത്തിലെ അശോകസ്തംഭങ്ങളിൽ കാണുന്ന ലിഖിതം ബ്രാഹ്മി ലിപിയിലാണ്. ഒരു ചെറിയ പ്രാചീന നാണയത്തിൽ ഉല്ലേഖനം ചെയ്ത ലിഖിതങ്ങളാണ് വിസ്മൃതിയിലാണ്ടുകിടന്ന ഭാരതചരിത്രത്തിന്റെ പ്രധാനപ്പെട്ട അദ്ധ്യായത്തിന് ആരംഭം കുറിക്കാൻ സഹായകമായത്. പ്രാചീന നാണയങ്ങളിലെ ലിഖിതങ്ങൾ ചരിത്രത്തെ സ്ഥിരീകരിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യുന്ന സുപ്രധാന തെളിവുകളാണെന്നതിൽ സംശയമില്ല.

കേരളവംശപ്രതിഷ്ഠാപകൻ പരശുരാമൻ എന്നാണല്ലോ ഐതിഹ്യം. കേരളസൃഷ്ടിക്കുശേഷം ദാനവിക്രമനെ രാജാവായി അഭിഷേകം ചെയ്തുവെന്നും 'രാശി' എന്ന സ്വർണ്ണനാണയം അടിച്ച് വിനിമയത്തിനായി രാജാവിനെ ഏൽപിച്ചുവെന്നും കഥ തുടരുന്നു. ദേശാധിപനെ ഏൽപിച്ച 'പരശുരാമൻരാശി'യാണ് കേരളത്തിന്റെ ആദ്യനാണയം എന്നു വിശ്വസിച്ചുപോരുന്നു. പണ്ടുപണ്ടേ കേരളത്തിനു നാണയമുണ്ടായിരിക്കാം. വേദേതിഹാസങ്ങളിൽ പരാമർശിക്കുന്ന ഹിരണ്യപിണ്ഡം, നിഷ്ക, പൊൻ, സുവർണ്ണ എന്നിവയെപ്പോലെ കേരളത്തിന്റെ പ്രാചീന നാണയമാകാം രാശി. പൊൻ, പണം, പരശുരാമൻരാശി, കലിയുഗരായൻ പണം, കലിയൻ പണം, അച്ച് തുട




ങ്ങിയവ. ഒരു കാലത്ത് പ്രാചീന കേരളത്തിൽ മുഴുവൻ പ്രചാരത്തിലിരുന്ന നാണയങ്ങളാണെന്ന് ശിലാശാസനങ്ങൾ



സാക്ഷ്യം വഹിക്കുന്നു.

പ്രാചീന ജനപഥങ്ങളും, സ്വരൂപങ്ങളും, നാട്ടുരാജ്യങ്ങളും, നാടുവാഴികളുമായി നടന്നിരുന്ന വ്യാപാരങ്ങളിലാണ് കേരള നാണയപ്രചാരത്തിന്റെ പ്രശസ്തി. കേരള രാജ്യചരിത്രം കേരളോത്പത്തിയെ അടിസ്ഥാനമാക്കി പെരുമാക്കന്മാരുടെ വാഴ്ച മുതൽ എത്രയോ മുമ്പുതന്നെ ഫിനീഷ്യന്മാരും ജൂതന്മാരും ഗ്രീക്കുകാരും റോമാക്കാരും ചീനക്കാരും ബുദ്ധമതക്കാരും ജൈനമതക്കാരും സുറിയാനികളും പിന്നീട് അറബികളും ഈ നാട്ടിൽ വന്ന് കുടിയേറി കച്ചവടം ചെയ്തതായും അവർ ദേശങ്ങൾ സഞ്ചരിച്ചും മതങ്ങളെ പ്രചരിപ്പിച്ചും പാർത്തതായുമുള്ള തെളിവുകൾ കാണുന്നുണ്ട്. കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്നും ലഭിച്ച നാണയങ്ങളടങ്ങിയ നിധിശേഖരങ്ങൾ അതിനുള്ള തെളിവുകളാണ്. സ്വർണ്ണവും വെള്ളിയും അന്നത്തെ ജനങ്ങളുടെ മോഹമായിരുന്നു. കിട്ടിയ സ്വർണ്ണമെല്ലാം സ്വകാര്യശേഖരത്തിൽ സൂക്ഷിക്കുന്ന രീതിയും കേരളത്തിലുണ്ടായിരുന്നു. ക്രിസ്തുവിന് മുമ്പുള്ളകാലത്ത് സ്വർണ്ണവും വെള്ളിയും കഴിയുന്നത്ര നേടുന്നതിനായി കുരുമുളക്, പട്ടുതുണി, മലഞ്ചരക്കുകൾ, സുഗന്ധദ്രവ്യങ്ങൾ, മുത്തുകൾ, കല്ലുകൾ മുതലായവ വൻതോതിൽ കൈമാറ്റം ചെയ്തിരുന്നതായി തെളിയുന്നു. ഈ വിദേശ നാണയങ്ങൾക്കൊപ്പം ഭാരതത്തിലെ തനതായ ആദ്യലോഹനാണയമായ മുദ്രാങ്കിത നാണയങ്ങൾ ക്രിസ്തുവിന് മുമ്പ് - അഞ്ചാം നൂറ്റാണ്ടു മുതൽ ക്രിസ്തു വർഷം - മൂന്നാം നൂറ്റാണ്ടുവരെ കേരളക്കരയിലും പ്രചരിച്ചിരുന്നു. ലിപിരഹിതമായ ഈ നാണയങ്ങൾ ചിഹ്നങ്ങളും പ്രകൃതിയിലെ അടയാളങ്ങളും മുദ്രകളും കൊണ്ട് രേഖപ്പെടുത്തിയ നിശ്ചിത ഭാരത്തിലുള്ള ലോഹക്കഷണങ്ങളായിരുന്നു. എയ്യാൽ, അങ്കമാലി, കോടിശ്ശേരി നിധികളിൽ കണ്ടവ കേരളത്തിൽ പ്രചാരത്തിലിരുന്ന മുദ്രാങ്കിത നാണയങ്ങളായിരുന്നു.

ആദ്യകാലത്ത് തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളത്തിൽ പൊൻ എന്ന നാണയം നിലനിന്നിരുന്നു. 57.6 ഗ്രേൻ തൂക്കം ഉണ്ടായിരുന്നുവെന്ന് പണ്ഡിതമതം. ദക്ഷിണദേശത്ത് സ്വർണ്ണപ്പണമെന്ന നാണയത്തിന് 1/10 പൊൻ മൂല്യവും 5.75 ഗ്രേൻ തൂക്കവുമായിരുന്നു. കാശ്, ചക്രം, പണം, വരാഹൻ എന്നീ നാണയ വ്യവസ്ഥയുണ്ടായിരുന്നു. കേരളത്തിൽ രക്തിക (ചുവന്ന കുന്നിക്കുരു)യിൽ അധിഷ്ഠിതമായ റത്തിയും, കഴറ്റി (കഴഞ്ചിക്കുരു)യും പ്രാമാണിക തൂക്കങ്ങളായിരുന്നു.

'പെരിപ്ലസ് ഓഫ് ദ എറിത്രെൻ സീ'യുടെ കർത്താവായ അജ്ഞാത യവനൻ 'കൾറ്റിസ്' എന്ന സ്വർണ്ണ നാണയത്തെക്കുറിച്ച് പരാമർശിക്കുന്നു. സമുദ്രസഞ്ചാരി പറയുന്ന കൾറ്റിസ് കേരളത്തിലെ കഴറ്റി അഥവാ കഴഞ്ചി തന്നെയാകാനാണ് സാധ്യത. ഒരു കഴഞ്ചു തൂക്കമുണ്ടായിരുന്ന ഒരു സ്വർണ്ണപ്പണം ദക്ഷിണദേശത്ത് ഉണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നു. പത്ത്, പതിനൊന്നാം ശതകങ്ങളിലെ ശാസനകളിൽ കഴഞ്ച്, പാണ്ഡ്യകാശ് എന്നിവയെപ്പറ്റിയുള്ള പരാമർശം കാണാം.

ഏറ്റവും ചെറിയ ഭിന്നനാണയമായിരുന്നു കേരളത്തിൽ കവടി. കുറഞ്ഞവിലയ്ക്ക് സാധനങ്ങൾ സുലഭമായതിനാലാവാം കവടി (പളുങ്കു കാശ്) സാധാരണക്കാരന്റെ കൈയിലെ വിനിമയ മാധ്യമമായി മാറിയത്. മാലിദ്വീപിൽ നിന്ന് അഞ്ചുതെങ്ങു കോട്ടയിലേക്ക് കവടി ഇറക്കുമതി ചെയ്തിരുന്നതായി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ബോംബെക്കുറിപ്പിൽ പറയുന്നു.

കേരളത്തിൽ പ്രചരിച്ചിരുന്ന രാശി, പൊൻ കലിയൻ പണം, വീരരായൻ പണം, ഇരട്ടവാലൻരാശി, അനന്തരായൻ പണം, ചിന്നപ്പണം, കാശ് മുതലായവയിൽ ലിഖിതങ്ങളില്ല. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും രാശി ചക്ര അടയാളങ്ങളും പന്ത്രണ്ടു രാശിബിന്ദുക്കളും കൊണ്ടലംകൃതമായ മിന്നുന്ന ചെറിയ സ്വർണ്ണ നാണയങ്ങളാണ് അധികവും. പ്രാചീന ചിന്നചക്രവും വെള്ളിചക്രവും ചിഹ്നാലംകൃത നാണയങ്ങളായിരുന്നു. 18-ാം നൂറ്റാണ്ടുവരെ കലിയൻ പണം തെക്കൻ കേരളത്തിൽ പ്രചാരത്തിലിരുന്നു. വക്കം വില്ലേജിൽ നിന്നും കിട്ടിയ ധാരാളം

**സ്റ്റേറ്റ് കറൻസിയുടെ ഭാഗമായിരുന്നില്ല തുലാഭാരക്കാശ്. മഹാരാജാവിന്റെ തുലാഭാരച്ചടങ്ങിനുശേഷം നാണയങ്ങൾ ദക്ഷിണയായി കൊടുത്തിരുന്നു. കാൽ, അര, ഒന്ന്, രണ്ട്, വരാഹൻ മൂല്യങ്ങൾ ഇവയ്ക്കുണ്ടായിരുന്നു.**





കലിയൻ പണം പുരാവസ്തു വകുപ്പ് നിധിയായി സൂക്ഷിച്ചിട്ടുണ്ട്.

പ്രാചീന തമിഴകത്തിന്റെ ചരിത്രവുമായി വളരെ ബന്ധമുള്ള കേരള ചരിത്രത്തിൽ 11-ാം നൂറ്റാണ്ടുവരെ ഒരു ദേശത്തിന്റെ പേരോ, ദേശാധിപന്റെ നാമമോ, ആണ്ടോ, തീയതിയോ ആലേഖനം ചെയ്ത നാണയങ്ങളുടെ തെളിവുകൾ വിരളമാണ്. അതിനൊരപവാദമായി പറയാവുന്നത് ചേരനാണയമെന്നംഗീകരിക്കപ്പെട്ടിട്ടുള്ള ചെമ്പു പരശുകാശിലെ 'ച' എന്ന തമിഴ് ലിഖിതം മാത്രമാണ്. പന്ത്രണ്ടാം ശതകത്തിൽ കേരളനാണയ പഠനത്തിന് ഒരു വഴിത്തിരിവായി മാറുന്നത് ശ്രീ വീരകേരള ദേശാധിപന്റെ വീരകേരള വെള്ളിപ്പണമാണ്.

**വീരകേരളപ്പണം**

കൊല്ലവർഷം 302-ൽ (1127 എ.ഡി.) വേണാടിന്റെ പ്രതാപകാലത്തെ പ്രതാപവാനായ വീരകേരള ചക്രവർത്തിയെക്കുറിച്ച് തിരുവല്ലം രേഖകളിൽ പരാമർശമുണ്ട്. വീരകേരളപ്പണം വീരകേരള രാജാവിന്റെ (1127/44 എ.ഡി.) കാലഘട്ടത്തിലാണെന്ന് അനുമാനിക്കുന്നു. ചിഹ്ന വ്യവസ്ഥയിലും നിർമ്മാണ വൈദഗ്ധ്യത്തിലും ലിഖിതത്തിലും അദ്വിതീയമായ ഈ പണം ഇരട്ട അച്ചുപയോഗിച്ചാണ് കമ്മട്ടം ചെയ്തിരിക്കുന്നത്. അപൂർവ ചിഹ്നങ്ങളായ വാ പിളർന്നിരിക്കുന്ന മകരം ഒരു വശത്തും കുംഭം അഥവാ കലശം മറുവശത്തും കാണാം. കൂടാതെ ദേശാധിപന്റെ പേരും പദവി നാമവും ആലേഖനം ചെയ്തിട്ടുണ്ട്. ശ്രീ 'ഗണ്ഡരാങ്കുശസ്യ' എന്ന നാഗരി ലിഖിതം ഒരു വശത്തും 'ശ്രീ വീര കേരളസ്യ' എന്നു മറുവശത്തും കാണാം. പുരാതന നാഗരി-ഗ്രന്ഥ മിശ്രിത ലിപിയിലുള്ള ആദ്യ കേരളീയ നാണയവും ഇതാണെന്നു വിശ്വസിക്കുന്നു. വീരകേരള രാജാവിന്റെ കാലഘട്ടത്തിൽ ഔദ്യോഗിക ഭാഷ സംസ്കൃതമായിരിക്കാം. അതിനു ശേഷമുള്ള ശ്രീ ഉദയ മാർത്താണ്ഡവർമ്മയുടെ (1175-1195 എ.ഡി.). നാണയങ്ങളിലും ഇതേലിപി തന്നെയാണ് അവലംബിച്ചിരിക്കുന്നത്. ചതുര വടിവിലുള്ള ലിഖിതം ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ളതിനുള്ള തെളിവുകളാണ് ഇവ. ചതുരവടിവും ഗജവടിവും (വട്ട വടിവും) മലയാളദേശത്ത് ഒരുപോലെ നിലനിന്നിരുന്നു. വീരകേരള നാമം (ദേശാധിപന്റെ നാമലിഖിതം) ആലേഖനം ചെയ്തതു കൊണ്ടാവാം നാണയത്തിൽ ദേശചിഹ്നം പ്രകടമല്ലാത്തത്. വീരകേരളപ്പണത്തിലെ ചിഹ്നങ്ങൾ വാപിളർന്നിരിക്കുന്ന മകരവും മറുവശത്ത് കുംഭവും (കലശം) ആയിരുന്നു. ഉദയ മാർത്താണ്ഡവർമ്മയുടെ (1145-1195) നാണയങ്ങളിൽ മകരവും മറുവശത്ത് കർക്കിടവും (ഞണ്ട്) കാണുന്നുണ്ട്. കർക്കടക ചിഹ്നത്തെ ചിലന്തിയായി വ്യാഖ്യാനിക്കുന്നവരും ഇല്ലാതില്ല.

കേരളത്തിന്റെ തനതായ സ്വർണ്ണ നാണ്യം രാശി എന്നു നാം വിശ്വസിക്കുന്നു. ഇവിടെനിന്നും കിട്ടിയ നിധിശേഖരങ്ങളിലുള്ള രാശി നാണയം പരിശോധിച്ച് മനസ്സിലാക്കിയതിൽ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, തിഥികൾ എന്നിവ ബിന്ദുക്കൾ കൊണ്ടും രാശി കലകൾ കൊണ്ടും രേഖപ്പെടുത്തിയ കേരളത്തിലെ നാണയങ്ങളെ രാശിയായി നാമകരണം ചെയ്തിരിക്കുന്നു. കേരളത്തിലെ ജ്യോതിഷ ശാസ്ത്രവിജ്ഞാനപാരമ്പര്യത്തിന്റെ സാക്ഷ്യപത്രങ്ങളായിരിക്കാം രാശിചക്ര ചിഹ്നങ്ങൾ മുദ്രയിട്ട നാണയങ്ങൾ. മകരം രാശി, കുംഭം രാശി, കർക്കിടകം രാശി ചിഹ്നങ്ങൾ മുഖരിതമായ ഈ നാണയങ്ങൾ കേരളത്തിലെ ആദ്യത്തെ രാശിചക്ര പരമ്പരനാണയങ്ങളാകാനാണ് സാധ്യത. അതിന് ഉപോത്ബലകമായി ചിലത് വിലയിരുത്തേണ്ടതായി കാണുന്നു. കാബൂളിലെ ചമൻ ഹുസുരിയിൽ (റോയൽ ഗാർഡൻ) നിന്നും കിട്ടിയ ഗ്രീക്കു നാണയത്തിൽ കർക്കിടക രൂപം കാണാം, കൂടാതെ രാജസ്ഥാൻ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന ഒരു യവന നാണയത്തിലും ചിലന്തി എന്നു തോന്നുന്ന ചിഹ്നം കർക്കിടക ചിഹ്നമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരതത്തിലാകട്ടെ മുഗൾചക്രവർത്തി ജഹാംഗീർ, രാശിചക്ര പരമ്പരയിലുള്ള നാണയങ്ങൾ കമ്മട്ടം ചെയ്തിട്ടുണ്ട്. 12 രാശിചക്ര നാണയങ്ങൾ പ്രസിദ്ധമാണുതാനും. കേരളത്തിൽ ചിലന്തി രാജചിഹ്നമായി അംഗീകരിക്കാനുള്ള ന്യായത്തിനൊരു തെളിവും ഇതുവരെ ലഭിച്ചിട്ടില്ല. ഭാരതനാണയചിഹ്നവ്യവസ്ഥയിൽ ചിലന്തി ഒരു കാലത്തും സ്ഥാനം പിടിച്ചിട്ടില്ല. ആയതിനാൽ വീര കേരളപ്പണത്തിൽ കാണുന്ന കർക്കിടക ചിഹ്നം ചിഹ്ന വ്യവസ്ഥയനുസരിച്ച് രാശി സ്വരൂപമാകാനാണ് സാധ്യത. ഗഹനമായ ഗവേഷണ പഠനങ്ങൾ കേരള നാണയപഠനത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.



തിരുവിതാംകൂറിലെ നാണയങ്ങളിൽ 1809 മുതൽ തമിഴ് ലിപികളും തമിഴ് അക്കങ്ങളും സമാന്തരമായി ഉപയോഗിച്ചിരുന്നു. നാണയമൂല്യം മുദ്രണം ചെയ്യുന്നതിനായി ചതുരവടിവും ഉപയോഗിച്ചിരുന്നു. 1809-ലെ വെള്ളി രണ്ടുചക്രം ഇതിനുദാഹരണമാണ്. തിരുവിതാംകൂർ ചെമ്പ് കാൽചക്രത്തിൽ 'കാൽച്ചക്രം' എന്ന് നാണയമൂല്യം ചതുരവടിവിൽ മുദ്രണം ചെയ്തിട്ടുണ്ട്. ചെമ്പ് അരച്ചക്രത്തിലും ഇതേ രീതിയിലുള്ള ലിഖിതങ്ങൾ കാണാം. തിരാക്കാശു പരമ്പരയിലുള്ള സർപ്പക്കാശിൽ തമിഴ് ലിപിയിൽ ചതുരവടിവിൽ ലിഖിതം കാണുന്നു. 1036-ലെ വെള്ളിപ്പണത്തിലും തമിഴ് ലിപികൾ വട്ടത്തിൽ ആലേഖനം ചെയ്തിട്ടുണ്ട്. 1885-നുശേഷം ചതുരവടിവ്



നാണയങ്ങളിൽ ഉപയോഗിച്ചിട്ടില്ല.

തിരുവിതാംകൂറിലെ ഒരു വിശേഷനാണയമാണ് (993 എം.ഇ. 1818 എ.ഡി.യിലെ ലക്ഷ്മിവരാഹൻ പരമ്പര നാണയങ്ങളായ 1/2 രൂപ, 1/4 രൂ (കാൽ രൂപ) അരൈ കാൽ രൂപ (1/8), മാകാണി (1/16) തുട്ടുകൾ.) നാണയത്തിന്റെ മുഖവശത്ത് താമരയിൽ ഉപവിഷ്ടയായ മഹാലക്ഷ്മിരൂപവും മറുവശത്ത് തമിഴിൽ നാണയനാമവും, മൂല്യവും തമിഴ് അക്കങ്ങൾ ഉപയോഗിച്ച് ആണ്ടും രേഖപ്പെടുത്തിയിരിക്കുന്നു. 997 എം.ഇ. (1822 എ.ഡി.)യിൽ അച്ചടിച്ചിറക്കിയ പാർവതീരൂപയിലും തമിഴ്, മലയാള അക്ഷരങ്ങളും ഇടകലർത്തി നാണയനാമം ആലേഖനം ചെയ്തിരിക്കുന്നു. മലയാള വർഷം തമിഴ് അക്കങ്ങളിൽ രേഖപ്പെടുത്തിയ ഈ വെള്ളിത്തുട്ടുകൾ തിരുവിതാംകൂറിൽ വിനിമയത്തിന് ഉപയോഗിച്ചിട്ടില്ലാത്ത നാണയങ്ങളാണ്.

ദേശനാമം തിരുവിതാംകോട്, 1877-ലെ തിരുവിതാംകൂർ വരാഹൻ മുതലാണ് മുദ്രണം ചെയ്തു തുടങ്ങിയത്. ശ്രീ ആയില്യം തിരുനാൾ മഹാരാജാവിന്റെ



കാലത്ത് നടപ്പിൽ വരുത്തിയ ഈ വരാഹന് ഒരു വശത്ത് ശംഖും കൊടിയും മറുവശത്ത് ഇംഗ്ലീഷിലും മലയാളത്തിലും ആണ്ടും, തിരുവിതാംകോട് എന്ന ദേശനാമവും, ആർ.വി. (രാമവർമ്മ) എന്ന ഇംഗ്ലീഷ് അക്ഷരങ്ങളും ഉല്ലേഖനം ചെയ്തിരിക്കുന്നു. 1881-ൽ തിരുവിതാംകൂർ എന്നായി രാജ്യനാമം. വരാഹൻ നാണയങ്ങളിൽ വട്ടവടിവിലും ചതുരവടിവിലും ലിഖിതം കാണാം. ഒരു കഴഞ്ചിലുള്ള വരാഹന് 52 1/2 പണവും അര കഴഞ്ചിലുള്ള വരാഹന് 26 1/4 പണവും വിലയായിരുന്നു.

19-ാം നൂറ്റാണ്ടിനു ശേഷമുള്ള കാശ്, ചക്രം മുതലായവയിൽ മലയാള അക്ഷരത്തിൽ നാണയനാമമോ, ആണ്ടോ, മൂല്യമോ, ആലേഖനം ചെയ്തിട്ടുണ്ട്.

തിരുവിതാംകൂർ രാജാക്കന്മാർ 1829-നും 1931-നും ഇടയ്ക്ക്, സ്വർണ്ണത്തുലാഭാരക്കാശുകൾ കമ്മട്ടം ചെയ്തിരുന്നു. സ്റ്റേറ്റ് കറൻസിയുടെ ഭാഗമായിരുന്നില്ല തുലാഭാരക്കാശ്. മഹാരാജാവിന്റെ തുലാഭാരച്ചടങ്ങിനുശേഷം നാണയങ്ങൾ ദക്ഷിണയായി കൊടുത്തിരുന്നു. കാൽ, അര, ഒന്ന്, രണ്ട്, വരാഹൻ മൂല്യങ്ങൾ ഇവയ്ക്കുണ്ടായിരുന്നു. പഴയ തുലാഭാരക്കാശുകൾ ചതുരാകൃതിയിൽ മുറിച്ചവയും ഒരു വശത്ത് ശ്രീപത്മനാഭ എന്നു രേഖപ്പെടുത്തി മറുവശം ഒഴുക്കനായി കമ്മട്ടം ചെയ്തവയും ആയിരുന്നു. പിന്നീടുള്ള കാലങ്ങളിൽ ഒരുവശത്ത് ശ്രീ പത്മനാഭ എന്നത് മലയാളലിപിയിൽ ഒരു പുഷ്പവൃത്തത്തിലും മറുവശത്ത് അതേ പുഷ്പവൃത്തത്തിൽ തിരുവിതാംകൂറിന്റെ ചിഹ്നമായ ശംഖും മുദ്രണം ചെയ്തിരുന്ന സ്വർണ്ണ നാണയങ്ങളായിരുന്നു. ഈ നാണയങ്ങൾ വളരെ പവിത്രമായി ഇന്നും കേരളീയർ സൂക്ഷിക്കുന്നുണ്ട്.

> കേരളത്തിലെ ജ്യോതിഷ ശാസ്ത്ര വിജ്ഞാനപാരമ്പര്യത്തിന്റെ സാക്ഷ്യപത്രങ്ങളാണ് രാശിചക്ര ചിഹ്നങ്ങൾ മുദ്രയിട്ട നാണയങ്ങൾ.

ചുരുക്കത്തിൽ എ.ഡി. 1860 വരെയുള്ള തിരുവിതാംകൂർ നാണയങ്ങളിൽ തമിഴ് ഗ്രന്ഥാക്ഷരലിപിയിലുള്ള ലിഖിതങ്ങളും, അതിനുശേഷം മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ലിഖിതങ്ങളും മുദ്രണം ചെയ്തിരിക്കുന്നു. ധർമ്മരാജായ്ക്കുശേഷം സ്വതന്ത്രമായ നാണയ നിർമ്മാണാവകാശം തിരുവിതാംകൂറിനില്ലായിരുന്നു. ഇംഗ്ലീഷ് കമ്പനിയുടെ റസിഡന്റിന്റെ മുൻ അനുവാദം ഇല്ലാതെ നാണയനിർമ്മാണം അസാധ്യമായിരുന്നു. ഇംഗ്ലീഷ് ലിപികൂടി നാണയങ്ങളിൽ ആലേഖനം ചെയ്തുകൊണ്ട് തന്നെയായിരുന്നു ഇംഗ്ലീഷുകാരുടെ സ്വാധീനം നാണയങ്ങളിൽ പ്രതിഫലിപ്പിച്ചത്. കേരളത്തിൽ പ്രചാരത്തിലിരുന്ന കോഴിക്കോട് സാമൂതിരിയുടെ നാണയങ്ങൾ, കൊച്ചിയുടെ പുത്തൻ, കണ്ണൂരിന്റെ പണം എന്നീ നാട്ടുരാജ്യ നാണയങ്ങളേക്കാൾ മികവുറ്റ നാണയങ്ങൾ കമ്മട്ടം ചെയ്തിരുന്ന നാട്ടുരാജ്യമായിരുന്നു തിരുവിതാംകൂർ.

തിരുവിതാംകൂറിലെ 1/2 രൂപ (14 ചക്രം വില) ആയിരുന്നു വലിയ രൂപ. ഒരു രൂപ തുട്ട് കമ്മട്ടം ചെയ്യാനുള്ള അവകാശം ഇംഗ്ലീഷുകാർ നിഷേധിച്ചിരുന്നു. ബ്രിട്ടീഷ് ഒരു രൂപയ്ക്ക് 281/2 ചക്രം വിലയും കൽപിച്ചിരുന്നു. 16 കാശ് = ഒരു ചക്രം, നാല് ചക്രം = ഒരു പണം, 31/2 പണം = ഒരു ചിത്രരൂപ, 2 ചിത്ര രൂപ = ഒരു തിരുവിതാംകൂർ രൂപ എന്നായിരുന്നു ആധുനിക നിരക്ക്.

1946 വരെ തിരുവിതാംകൂർ നാണയങ്ങൾ കമ്മട്ടം ചെയ്തിരുന്നു. തിരുവിതാംകൂർ സ്വതന്ത്ര ഭാരതത്തിന്റെ ഭാഗമായതോടുകൂടി അതിന്റെ പ്രചാരം ഇല്ലാതാവുകയും ഭാരതസർക്കാർ നാണയങ്ങൾ കേരളത്തിൽ പ്രചാരത്തിലാവുകയും ചെയ്തു.

നാണയനിർമ്മിതിയുടെ ലോഹവും അനുപാതവും ലേഖനങ്ങളും അവയുടെ യാന്ത്രികനിർമ്മാണവും, കലാമേന്മയും എല്ലാം നാണയ വിജ്ഞാനീയത്തിലെ ഭാഗങ്ങളാണ്. സമകാലീന ചരിത്രവും തദ്ദേശ സമ്പദ്ഘടനയും സാംസ്കാരികനിലവാരവും വിളിച്ചോതുന്ന ഘടകങ്ങളാണിവ. ചരിത്ര ഗവേഷകന് വഴികാട്ടിയായി തീർന്നിട്ടുള്ള ഈ ശാസ്ത്രശാഖയുടെ കാലിക പ്രാധാന്യം വർദ്ധിച്ചുവരുന്നുവെന്നതിൽ തെല്ലും സംശയിക്കേണ്ടതില്ല.

പണ്ഡിത പരിതോഷമല്ല, ബഹുജനസമ്പർക്കമാണ് ഭരണഭാഷാ മലയാളീകരണത്തിന്റെ പരമ പ്രധാന ലക്ഷ്യം. ഭാഷാപരമായ അതിശുദ്ധിവാദം, കുളിപ്പിച്ചു കുളിപ്പിച്ചു കുഞ്ഞിനെ ഇല്ലാതാക്കുന്നതിനു തുല്യം.



# ഭരണഭാഷാ മലയാളീകരണം

ഡോ.വി.ആർ. പ്രബോധചന്ദ്രൻ

കേരള സംസ്ഥാനത്തിലെ ഭരണഭാഷ എല്ലാ തലങ്ങളിലും മലയാളം തന്നെയായിരിക്കണം എന്ന തത്ത്വം പരസ്യമായി ചോദ്യം ചെയ്യാൻ ഇക്കാലത്ത് ആരും മുതിരുമെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യം നേടിയിട്ടും ഐക്യകേരളമെന്ന ചിരകാലസ്വപ്നം പൂത്തുകായ്ച്ചിട്ടും ആദ്യത്തെ ഏതാനും പതിറ്റാണ്ടുകളിൽ ഈ രംഗത്ത് കേരളത്തിലെ ജനങ്ങളും ഭരണകൂടവും ശങ്കിച്ചും പരിഭ്രമിച്ചും നിൽക്കുകയായിരുന്നു. എങ്കിലും ഒരു പിന്നാക്കം പോക്ക് ഇനി അസാധ്യമാംവണ്ണം ഭരണത്തിന്റെ വിവിധമണ്ഡലങ്ങളിൽ മലയാളം മുന്നേറിക്കഴിഞ്ഞു. പക്ഷേ സർക്കാർകാര്യങ്ങൾ മുറപോലെ നടക്കാനും ഓഫീസിലെ അച്ചടക്കവും അതിനോടനുബന്ധിച്ച ചിട്ടവട്ടങ്ങളും പാലിക്കാനും അധികാരികളുടെ അന്തസ്സു നിലനിർത്താനും ഇംഗ്ലീഷുതന്നെയാണ് നന്ന് എന്നു കരുതുന്നവർ ഇന്നും ചിലരെങ്കിലുമുണ്ട്. ചിരപരിചിതമായ പാത വിട്ടു നടക്കാൻ മനുഷ്യസഹജമായ ശങ്കയും വീട്ടുകാരെക്കാൾ അതിഥിയെ പൂവിട്ടു പൂജിക്കുന്ന കേരളീയശീലവുമാവാം മുൻസൂചിപ്പിച്ച ചിന്താഗതിയുടെ ഉറവിടം.

“മലയാളത്തേക്കാൾ ഇംഗ്ലീഷാണ് എനിക്കു വഴങ്ങുക” എന്ന ചിലരുടെ പൊങ്ങച്ചസഞ്ചിയഴിക്കൽ തത്കാലം നമുക്ക് മറക്കാം (അവർ എഴുതുന്നതും പറയുന്നതും നല്ല ഇംഗ്ലീഷോ എന്നത് മറ്റൊരു വിഷയം!).

ഭരണതലത്തിൽ സാർവത്രികമായ മലയാളീകരണത്തിനാവശ്യമായ നിശ്ചയദാർഢ്യം, ഭാഗ്യവശാൽ, ഇപ്പോഴത്തെ ഭരണകൂടത്തിന് ഉണ്ടായിക്കഴിഞ്ഞു. ജനാധിപത്യ വ്യവസ്ഥിതിയുടെ അടിസ്ഥാന ശിലയായ ഭരണസുതാര്യത ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഈ നടപടിയെച്ചൊല്ലി അപരാധബോധമൊന്നും ഒരു സർക്കാരിനും തോന്നേണ്ടതുമില്ല.

**ചാലകബലം**

ഭരണഭാഷ മലയാളമായിക്കഴിഞ്ഞിട്ടില്ലാത്ത വകുപ്പുകളാണ് ഇപ്പോൾ എണ്ണത്തിൽ കുറവ്. ഔദ്യോഗികശ്രേണിയുടെ ഇടത്തട്ടുകളിലെ ചില കേന്ദ്രങ്ങളിൽ നിന്ന് പരിഹാസത്തിൽ പൊതിഞ്ഞ സഹകരണരാഹിത്യം പ്രതിബന്ധങ്ങളുയർത്താറുണ്ടെങ്കിലും സർക്കാരിന്റെ അത്യുന്നതങ്ങളിലെ നിശ്ചയദാർഢ്യത്തിനു മുന്നിൽ അവയ്ക്ക് പിടിച്ചുനിൽക്കാനാവില്ലെന്നായിട്ടുണ്ട്. ഈ നിശ്ചയദാർഢ്യത്തെ നിയമപരവും നിർവഹണപരവുമായ കർമ്മശക്തിയായി പരിവർത്തനം ചെയ്യുന്നതിലാണ് ഭരണഭാഷാരംഗത്തെ മലയാളീകരണത്തിന്റെ ചാലകബലം കുടികൊള്ളുന്നത്.

കാലതാമസം കൂടാതെ ഏറെയേറെ വകുപ്പുകളിലേക്ക് മലയാളത്തിനു സംഭവിക്കേണ്ട വ്യാപനം എന്ന പ്രക്രിയയ്ക്കും വഴിവെട്ടിത്തെളിക്കാൻ മുന്നിട്ടിറങ്ങേണ്ടത് സംസ്ഥാന സർക്കാർതന്നെ. മാനകീകൃതമായ ശബ്ദാവലികളും, നിഘണ്ടു, സ്റ്റൈൽ പുസ്തകം തുടങ്ങിയ റഫറൻസ് സാമഗ്രികളും സാമാന്യജനത്തോടു പ്രതിബദ്ധതയുള്ള വിദഗ്ധരുടെ സഹകരണത്തോടെ, ആനുകാലികമായ നവീകരണ പരിഷ്കരണങ്ങൾക്കു വിധേയവും സമയബന്ധിതവുമായി തയ്യാറാക്കി ആവശ്യക്കാരുടെ കൈകളിൽ എത്തിക്കുന്ന ചുമതല സർക്കാരാഭിമുഖ്യത്തിൽ നടക്കുന്ന സംഘടിതപരിശ്രമങ്ങളിലൂടെ മാത്രമേ നിറവേറൂ.

**നിയമനിർമ്മാണം**

ഈ രംഗത്ത് ആരോഗ്യകരമായ ദിശാസൂചനം നൽകുംമട്ടിലുള്ള നിയമങ്ങളുടെ നിർമ്മിതിയും സർക്കാരിന്റെ ചുമതലയത്രേ.

പൊതുജനങ്ങളിൽ നിന്ന് മലയാളത്തിൽ എഴുതിക്കിട്ടുന്ന കടലാസുകൾക്ക് മലയാളത്തിൽതന്നെ വേണം സർക്കാരിന്റെ പ്രതികരണം എന്ന തത്ത്വത്തിന് ഇതിനകം ഏറിയകൂറും അംഗീകാരം ലഭിച്ചു കഴിഞ്ഞു. വകുപ്പ് ഏതുമാകട്ടെ, കേരള സർക്കാരിൽ മലയാളത്തിലെഴുതിക്കിട്ടുന്ന കടലാസുകൾക്ക് മറ്റേതു ഭാഷയിൽ ലഭിക്കുന്ന കടലാസുകളെയുംകാൾ മുൻഗണന എല്ലാത്തലങ്ങളിലും കൈവരും എന്നൊരു തത്ത്വവും ഉടൻതന്നെ സാർവത്രികമായ അംഗീകാരമർഹിക്കുന്നു.

സർക്കാരിന്റെ ഭാഗത്തുനിന്ന് ഭരണഭാഷാ മലയാളീകരണത്തിൽ ഈയടുത്ത കാലംവരെ ഫലപ്രദവും ശ്രദ്ധേയവുമായ നടപടികളൊന്നും ഉണ്ടാകാത്തതിനു മുഖ്യകാരണം മലയാളികൾ എന്ന ഭാഷണസ

ആദ്യന്തം പലതരം തെറ്റുകളോടും അനൗചിത്യങ്ങളോടും കൂടിയാണെങ്കിലും കല്യാണക്കുറി ഇംഗ്ലീഷിൽ അച്ചടിപ്പിക്കുന്നതിൽ അഭിമാനം കൊള്ളുന്ന മലയാളി സഞ്ചയന–അറിയിപ്പുകൾ ഇപ്പോഴും മലയാളത്തിൽ മുദ്രണം ചെയ്യിക്കുന്നത് ഇംഗ്ലീഷിൽ അതിന് അനുകരണീയമായ മാതൃക കൈവാക്കിൽ കിട്ടാനില്ലാത്തതുകൊണ്ട് മാത്രമാണ്; മോഹമില്ലാഞ്ഞിട്ടല്ല.



മൂഹത്തിന് സാംസ്കാരികവും വികസനോന്മുഖവും പരിഷ്കൃതജനസാധാരണവുമായ മറ്റുപലരംഗങ്ങളിലുമെന്നപോലെ ഇക്കാര്യത്തിലും കാണുന്ന അനന്യസാധാരണമായ അലംഭാവമോ നിസ്സംഗതയോ ആണ്.

**മലയാളം വരളാതിരിക്കാൻ**

കേരളപ്പിറവി ദിനത്തിൽ പ്രായഭേദമെന്യേ സ്ത്രീകൾ സെറ്റുമുണ്ടുടുത്തു പുറത്തിറങ്ങി നടന്നാൽ വളരുന്ന അത്ഭുതങ്ങളല്ല കേരള സംസ്കാരവും അതിന്റെ അവിഭാജ്യഘടകമായ മലയാളഭാഷയും. മറികടക്കാനാവാത്തവണ്ണം വലുതും വിവിധവുമാണ് പ്രതികൂലസാഹചര്യങ്ങളെങ്കിൽ ഭാരതപ്പുഴയിലെ വെള്ളംപോലെ മലയാളഭാഷയും കേരളസംസ്കാരവും ക്രമേണ വറ്റിവരണ്ടുപോവുകതന്നെ ചെയ്യും. ഭാഷയുടെയും സംസ്കാരത്തിന്റെയും വളർച്ചയ്ക്കനുകൂലമായ സാഹചര്യങ്ങളൊരുക്കുക എന്ന ചുമതലയും വലിയൊരളവിൽ സർക്കാരിന്റെ ചുമലിൽ തന്നെയാണ് ഇക്കാലത്ത് വന്നുപെട്ടിരിക്കുന്നത്.

**കല്യാണക്കുറിയും സഞ്ചയന കാർഡും**

ആദ്യന്തം പലതരം തെറ്റുകളോടും അനൗചിത്യങ്ങളോടും കൂടിയാണെങ്കിലും കല്യാണക്കുറി ഇംഗ്ലീഷിൽ അച്ചടിപ്പിക്കുന്നതിൽ അഭിമാനം കൊള്ളുന്ന മലയാളി സഞ്ചയന-അറിയിപ്പുകൾ ഇപ്പോഴും മലയാളത്തിൽ മുദ്രണം ചെയ്യിക്കുന്നത് ഇംഗ്ലീഷിൽ അതിന് അനുകരണീയമായ മാതൃക കൈവാക്കിൽ കിട്ടാനില്ലാത്തതുകൊണ്ട് മാത്രമാണ്; മോഹമില്ലാഞ്ഞിട്ടല്ല. "സ്വന്തം സഞ്ചയന കാർഡ് ഇംഗ്ലീഷിലായിരുന്നെങ്കിൽ മുത്തശ്ശിക്കെന്തു സന്തോഷമായിരുന്നേനേ" എന്നു നെടുവീർപ്പിടുന്ന മുഗ്ധമതികൾപോലും, മലയാളികൾക്കിടയിൽ കണ്ടേക്കാം!

**പ്രേഷിതനെയും പ്രേഷകനെയും ഒഴിവാക്കാൻ**

നാട്ടിൻപുറങ്ങളിലെ ഏത് ഓണംകേറാമൂലയിലും വീട്ടുപേരും വീട്ടുകാരുടെ പേരും ഇംഗ്ലീഷിൽ എഴുതിവയ്ക്കുന്നതും (KALALAYA എന്നത് കാലാലയ എന്നു വല്ലവരും വായിച്ചാലും തരക്കേടൊന്നുമില്ലെന്ന മട്ടിൽ) സ്വന്തം ഒപ്പും എളുപ്പം മലയാളത്തിലും എഴുതാവുന്ന ഇനീഷ്യലുകളും ഇന്നാട്ടിൽ തന്നെ ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കെഴുതുന്ന കത്തുകളിലെ വിലാസവും ബിരുദങ്ങളുമൊക്കെ ഇംഗ്ലീഷിലാക്കുന്നതുമാണ് നമ്മുടെ ശീലം. വിലാസം മലയാളത്തിലായാൽ To, From എന്നിവ കൈകാര്യം ചെയ്യുന്നതെങ്ങനെ എന്ന് മലയാളി വേവലാതിപ്പെടുന്നതിൽ അത്ഭുതമില്ല. +, -, ÷, x, %, &, $, £ മുതലായ ചിഹ്നങ്ങൾ പോലെയാണ് To, Fr (From എന്നതിന്റെ ചുരുക്കം) എന്നിവയും എന്നു കരുതാം; അല്ലെങ്കിൽ ടു, ഫ്രം എന്നീ രൂപങ്ങൾ സ്വീകരിക്കാം. ഇവ, ഏതായാലും, പ്രേഷിതനെയും പ്രേക്ഷകൻ എന്നു തെറ്റിദ്ധരിക്കപ്പെടാറുള്ള പ്രേഷകനെയും കാൾ ഭേദമെന്ന് മിക്കവരും സമ്മതിക്കും.

കോൺവെന്റിൽ മാത്രം ആദ്യാവസാനം പഠിച്ച വധുവിന് മലയാളം പറയാൻ അറിയാം, പറഞ്ഞാൽ മനസ്സിലാവുകയും ചെയ്യും; എഴുതാനും വായിക്കാനുമൊന്നും അറിയില്ല എന്ന വിവരണം വിവാഹക്കമ്പോളത്തിൽ അവളുടെ നിലാരം വർദ്ധിപ്പിക്കുമെന്നാണ് ഇന്നും പലരുടെയും വിശ്വാസവും അനുഭവവും. ഡ്രായിങ്ങ്റൂമിലും സിറ്റൗട്ടിലുമൊന്നും മലയാളത്തിനല്ല, ഇംഗ്ലീഷിനാണ് മാന്യത. മീൻചന്തയിലെയും വീട്ടിലാണെങ്കിൽ വർക്ക് ഏരിയയിലെയും മുൻസൂചിപ്പിച്ചതിൻവിധം ചരമം അറിയിപ്പിലെയും ഭാഷയായി തീർന്നുകൊണ്ടിരിക്കുകയാണ് മലയാളം.

ഈ പശ്ചാത്തലത്തിൽ മലയാളിയെക്കൊണ്ട് സർക്കാരിലേക്ക് കടലാസുകൾ മലയാളത്തിൽ എഴുതിയയപ്പിക്കാൻ ഉപകരിച്ചേക്കാവുന്ന ഒരു തന്ത്രമാണ് മുകളിൽ ചൂണ്ടിക്കാണിച്ചത്. മലയാളത്തിലുള്ള പരാതികളും കത്തുകളും മറ്റും മറ്റേതു ഭാഷയിലുള്ള കടലാസുകളെയുംകാൾ വേഗത്തിൽ സർക്കാരിന്റെ ശ്രദ്ധ പിടിച്ചുപറ്റും എന്നുവരണം. കാര്യം വേഗം നടക്കട്ടെ എന്നുകരുതിയെങ്കിലും സ്വന്തം ഭാഷയിൽ പരാതിപ്പെട്ടു തുടങ്ങാൻ ഇതു വഴിയൊരുക്കിയേക്കാം.

**മലയാളത്തിനു ഗ്രേസ്മാർക്ക്**

മലയാളമാധ്യമത്തിൽ പഠിച്ച കുട്ടികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശത്തിനും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനത്തിനും ആകർഷകമായ ഗ്രേസ്മാർക്ക് നൽകിത്തുടങ്ങാനും സർക്കാർ മടിക്കേണ്ടതില്ല. മെഡിസിന് അഡ്മിഷൻ എളുപ്പമാവുമെങ്കിൽ മലയാളം പഠിക്കാൻപോലും കുട്ടികളെ രക്ഷിതാക്കൾ ഉത്സാഹിപ്പിച്ചെന്നുവരും.

**ഉദ്യോഗലബ്ധിക്ക്**

മലയാളത്തിൽ നിശ്ചിതനിലവാരത്തിൽ എത്തിയെന്നതിനു തെളിവു കാണിച്ചാലേ കേരളത്തിൽ ഏതു മേഖലയിലും ഏതു തലത്തിലും ഉദ്യോഗലബ്ധിക്ക് അർഹതയുണ്ടാവൂ എന്ന തീരുമാനവും ഫലപ്രദമാവും.

**ഭാഷാ പരിശീലനാഭാസം**

കേരളത്തിലെ ന്യൂനപക്ഷ ഭാഷക്കാരെയും അന്യഭാഷാ പ്രദേശങ്ങളിൽ നിന്ന് ഇങ്ങോട്ട് സ്ഥലം മാറിയും മറ്റുംവരുന്ന ഉദ്യോഗസ്ഥരെയും ചുരുങ്ങിയ സമയംകൊണ്ട് മലയാളഭാഷ അഭ്യസിപ്പിക്കാനാവശ്യമായ ആധുനിക ഭാഷാപരിശീലന സംവിധാനങ്ങളും ഇതോടൊപ്പം ഏർപ്പെടുത്തേണ്ടതാണ്.



കൂട്ടത്തിൽ പറയട്ടെ, നമ്മുടെ ഇംഗ്ലീഷ് ഭാഷാ പരിശീലനതന്ത്രങ്ങളും കാലോചിതമാംവണ്ണം നവീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇംഗ്ലണ്ടിലും ജർമ്മനിലും ഫ്രാൻസിലും റഷ്യയിലും ഉപരിപഠനത്തിനു ചെന്നെത്തുന്ന വിദേശവിദ്യാർത്ഥികൾക്ക് ആദ്യത്തെ ആറുമാസം കൊണ്ടോ ഏറിയാൽ ഒരുകൊല്ലം കൊണ്ടോ അതതു ഭാഷ വേണ്ടതിൻവിധം പഠിപ്പിച്ചുകൊടുക്കാൻ ആ രാജ്യക്കാർക്കു കഴിയുന്നു. നമ്മളോ! ജോലിതേടി പുറത്തുപോകാനിടയുള്ളവർക്കുപകരിക്കട്ടെ എന്ന പ്രതീക്ഷയോടെ ഇളംതലമുറയിലെ ബഹുഭൂരിപക്ഷത്തെയും പ്രീസ്കൂൾ തലംതൊട്ട് പത്തിരുപതു കൊല്ലക്കാലം ഇംഗ്ലീഷും ഇംഗ്ലീഷിലൂടെ മറ്റെല്ലാ വിഷയങ്ങളും പഠിപ്പിക്കുകയെന്ന അസംബന്ധനാടകം തുടർന്നുകൊണ്ടിരിക്കുന്നു. ലോകത്തിൽ മറ്റെങ്ങും കേട്ടുകേൾവിപോലുമില്ലാത്തത്ര വിചിത്രമാണ് രണ്ടു പതിറ്റാണ്ടോളം നീണ്ടു നിൽക്കുന്ന ഈ വിദേശഭാഷാ പരിശീലനാഭാസം.

സാമാന്യബുദ്ധിയുള്ള, അതായത് ബുദ്ധിമാന്ദ്യമൊന്നുമില്ലാത്ത ആർക്കും ശാസ്ത്രീയമായ നിഷ്കൃഷ്ടപരിശീലനത്തിലൂടെ ഒരു കൊല്ലത്തിനകം വശമാക്കാനാവാത്ത ഒരു ഭാഷയുമില്ല. ഭാഷാപരിശീലനരംഗത്ത് സർവാദൃതമായ ഈ തത്ത്വത്തിന് ഇംഗ്ലീഷുമാത്രം ഒരപവാദമെന്ന വാദം നിരാസ്പദം തന്നെ.

**ബോർഡുകളിൽ മാന്യസ്ഥാനം**

പൊതുവേദികളിൽ മലയാളത്തിന്റെ മാന്യതയ്ക്കു മാറ്റേറ്റാൻ സഹായകമായ മറ്റൊരു നിയമവും ഇനിയൊട്ടും വൈകാതെ സർക്കാരിൽ നിന്നും പുറപ്പെടേണ്ടതാണ്. പൊതുസ്ഥലങ്ങളിലെ എല്ലാ ബോർഡുകളിലെയും മുകളിലത്തെ മൂന്നിൽ രണ്ടുഭാഗം മലയാളത്തിനു മാറ്റിവച്ചിട്ട് ബാക്കി ഭാഗമേ മറ്റേതെങ്കിലും ഭാഷയ്ക്കോ ഭാഷകൾക്കോ വേണ്ടി വിനിയോഗിക്കാവൂ. തമിഴ്നാട്ടിൽ തമിഴിനുള്ള ഈ സ്ഥാനം മലയാളനാട്ടിൽ മലയാളത്തിനും അർഹതപ്പെട്ടതുതന്നെ. ഇനി സർക്കാർ മലയാളത്തിന്റെ സാമാന്യസ്വഭാവം എന്തായിരിക്കണമെന്നുകൂടി പ്രായോഗികവും യുക്തിഭദ്രവുമായി നാം ആലോചിച്ചുറയ്ക്കേണ്ടിയിരിക്കുന്നു.

**എന്തിന്?**

പണ്ഡിതപരിതോഷമല്ല, ബഹുജനസമ്പർക്കമാണ് ഭരണഭാഷാ മലയാളീകരണത്തിന്റെ പരമപ്രധാന ലക്ഷ്യം. ഈ ഉന്നത്തിൽ നിന്നു കണ്ണുതെന്നിപ്പോയാൽ പിന്നെ കുളിപ്പിച്ച് കുളിപ്പിച്ച് കുഞ്ഞിനെത്തന്നെ ഓർക്കാപ്പുറത്ത് ഓടയിലേക്കൊഴുക്കിക്കളഞ്ഞ കഥയാവും മലയാളിയുടേത്. ഏതായാലും സാമ്പ്രദായിക പാണ്ഡിത്യത്തിന്റെ അംഗീകാരം കൈവരും മട്ടിലുള്ള ശരിതെറ്റുകളുടെയോ ഭാഷാപരമായ അതിശുദ്ധിവാദത്തിന്റെയോ വിഹാരരംഗമായിക്കൂടാ ഭരണമലയാളം.

**'മലയാളത്തനിമ' എന്നാൽ?**

അക്ഷരമാല കൊണ്ടെഴുതാവുന്നതും സാധാരണ മലയാളിക്ക് സ്വാഭാവികരീതിയിൽ എളുപ്പം ഉച്ചരിക്കാവുന്നതും അയാളുടെ മനസ്സിൽ പിടിക്കുന്നതുമേ മലയാളമാവൂ. ഇതാണ് മലയാളത്തനിമ എന്ന, പലപ്പോഴും നിർവചിക്കാനാവതല്ലെന്നു തോന്നിപ്പോവുന്ന, സങ്കൽപത്തിന്റെ സൈദ്ധാന്തികമായ അടിത്തറ. ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ അൽപം സാങ്കേതികമായി നിർവചിക്കാൻ പുറപ്പെട്ടാൽ മലയാളത്തിന്റെ സ്വന-വർണ-വാക്യഘടനകൾക്കിണങ്ങുന്നതേ മലയാളമെന്നു മലയാളി അംഗീകരിക്കൂ എന്ന് ചുരുക്കം.

**പദം ഏതായാലും....**

ഇത് അൽപം വിശദീകരിക്കാം! സർക്കാർ രേഖകളിൽ ഉപയോഗിക്കുന്ന ഭാഷ മലയാളമാണെന്ന് മലയാളിക്ക് ബോധ്യംവരുന്നത് മുഖ്യമായും അതിലെ വാക്യഘടന അയാൾക്ക് സുപരിചിതമാണെങ്കിൽ മാത്രമത്രേ; വാക്കുകൾ പരിശുദ്ധമലയാളമോ അതോ തത്കാലാവശ്യത്തിന് ഇംഗ്ലീഷിൽ നിന്നോ മറ്റോ വായ്പ വാങ്ങിയതോ എന്നതിന്റെ അടിസ്ഥാനത്തിലല്ല.

സമ്പർക്കത്തിൽപെടുന്ന എല്ലാ ഭാഷകളിൽ നിന്നും കൈമെയ് മറന്നുപോലും വാക്കുകളും പ്രയോഗങ്ങളും കടംവാങ്ങി സന്ദർഭാനുസരണം അവ സ്വന്തം വാക്യങ്ങളിൽ അണിനിരത്തിയ ഭാഷകൾ മാത്രമേ കാലത്തിനൊത്തു വളർന്നിട്ടുള്ളൂ. ഇംഗ്ലീഷു തന്നെയാണ് ഇതിന് ഏറ്റവും നല്ല ദൃഷ്ടാന്തം.

വിജ്ഞാനവിസ്ഫോടനത്തിന്റേതായ ഈ കാലഘട്ടത്തിന്റെ വെല്ലുവിളി വിജയകരമാംവണ്ണം ഏറ്റെടുക്കാൻ തക്ക കരുത്ത് മലയാളത്തിനു പകർന്നു കിട്ടുന്നതിന് നമുക്കിന്നാശ്രയിക്കാവുന്ന ഏറ്റവും സമ്പന്നമായ സ്രോതസ്സ് ഇംഗ്ലീഷുഭാഷതന്നെ. ഫയൽ, രജിസ്റ്റർ, കാഷൽലീവ്, സൂപ്രണ്ട്, എസ്.ഒ., സി.എസ്., സി.എം., എം.ഡി., ജി.ഒ., ബിൽ, ആക്ട്, ഓർഡിനൻസ്, റഗുലേഷൻ, റേഷൻകാർഡ്, വോട്ടേഴ്സ് ലിസ്റ്റ്, പ്രസ് ക്ലബ്, പി.ആർ.ഒ. എന്നു തുടങ്ങി ഔദ്യോഗികവൃത്തങ്ങളിൽ സുപരിചിതമായി കഴിഞ്ഞ വാക്കുകൾക്കും പ്രയോഗങ്ങൾക്കും തായ്മൊഴിത്തറവാട്ടു മുതൽ പരതിനോക്കി തനിമലയാള രൂപങ്ങൾ കണ്ടെത്താൻ മിനക്കെടേണ്ടതില്ലെന്നാണ് ഇതിന്റെ വ്യക്തമായ അർഥം.

വാക്കു കിട്ടാഞ്ഞിട്ട് ഇതുവരെ ആരും ഒരാശയവും പ്രകടിപ്പിക്കാതിരുന്നിട്ടില്ല. ഫ്രിഡ്ജിന് ശീതീകരിണിയെന്നും മൈക്രോസ്കോപ്പിനു സൂക്ഷ്മദർശിനിയെന്നും മറ്റും സുഭാഷിണിയെയും സുകേശിനിയെയുമൊക്കെ അനുസ്മരിപ്പിക്കും മട്ടിൽ രൂപംകൊണ്ടിട്ടുള്ള വിവർത്തനങ്ങളും എം.എൽ.എ. ഹോസ്റ്റലിന് സാമാജികരുടെ വാസസ്ഥലം എന്നതിൻവണ്ണമുള്ള വികലബദലുകളും മലയാളിയുടെ മനസ്സിൽ പിടിച്ചിട്ടില്ല. അയാൾക്കു മനസ്സിലാകാത്തതൊന്നും മലയാളത്തിന്റെ ഉള്ളിലേക്കും കടക്കുകയില്ല.

'പദം ഏതായാലും വാക്യം നന്നായാൽ മതി' എന്ന തത്ത്വത്തിന്റെ സാരമാണ് ഇവിടെ വിശദീകരിക്കാൻ ശ്രമിച്ചത്. അതിന് ഇപ്രകാരം ഒരനുബന്ധവുമാകാം. വാക്യം ഏതായാലും ആശയം വ്യക്തമായാൽ മതി.

**മലയാളം മലയാളിയോളം**

'മലയാളം മലയാളിയോളം' എന്നും ഇവിടെത്തന്നെ ഓർമ്മിക്കാവുന്നതാണ്. ഭരണരംഗത്ത് മലയാളം വേണമെന്ന് മലയാളിക്കാണ് ആദ്യം തോന്നേണ്ടത്. അയാൾക്കാവശ്യമുള്ളിടത്തോളമേ അയാളുടെ ജീവിതത്തിലെ ഏതുരംഗത്തും മലയാളത്തിന് വേരോടൂ. അതിനനുകൂലമായ വെള്ളവും വളവും സൂര്യപ്രകാശവും ഒരുക്കിക്കൊടുക്കുകയെന്ന ചുമതലയാണ് സർക്കാർ ഏറ്റെടുക്കേണ്ടത്.

ഭാഷ ഒരു ജനതയുടെ സംസ്കാരമാണ്, അവരുടെ ആത്മാവും ആത്മാവിഷ്കാരവുമാണ്. എല്ലാ ജീവജാലങ്ങൾക്കും ഭാഷയുണ്ടെന്നാണ് അഭിജ്ഞ പക്ഷം. ആ നിലയ്ക്ക് മനുഷ്യനും ജീവിയാണ്. പക്ഷെ മനുഷ്യന്റെ ഭാഷ മറ്റുള്ളവയിൽ നിന്നും തികച്ചും വ്യത്യസ്തം. കാരണം അവൻ ചിന്തിക്കുന്ന ജീവിയാണ്; ചുരുക്കത്തിൽ മനുഷ്യന്റെ ഭാഷ ചിന്തയുടെ ബഹിർഗമനമാണ്. അതിൽ മനസിന്റെ ചൂടും ചൂരും അനുഭവവേദ്യമാകുന്നു. അതായത് സംഭാഷണത്തിനുള്ള മാധ്യമം, എന്നതിനുമുപരി ചിന്തകളുടെയും ഭാവനകളുടെയും അപ്രതിരോധ്യമായ പ്രതിഫലനം കൂടിയാണ് മാതൃഭാഷ. ഇത് ഏറ്റവും അധികം അനുഭവപ്പെടുന്നത് ഭരണഭാഷയുടെ കാര്യത്തിലാണ്. കാരണം അത് പൊതുജനങ്ങളെ അപ്പാടെ ബാധിക്കുന്നു എന്നതുകൊണ്ടുതന്നെ. എന്നാൽ ഈ വസ്തുത മനസിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യം സംശയമാണ്.

മലയാളം നമ്മുടെ മാതൃഭാഷയാണ്; ഭൂമിശാസ്ത്രപരമായി അന്വർഥമായ നാമധേയം. മലയും ആഴവും ചേർന്ന പ്രദേശത്തെ ജനങ്ങളുടെ ജനകീയഭാഷ മലയാഴം (ളം). ആദ്യഭാഷയായ സംസ്കൃതം പേരു സൂചിപ്പിക്കുന്നതുപോലെ ആര്യമാണ്. സംസ്കരിക്കപ്പെട്ടതാണ്. അതുകൊണ്ടാവാം ദേവഭാഷ എന്ന മേന്മകൂടി അതിനു ലഭിക്കുകയുണ്ടായി. ഭാഷയെന്ന നിലയിൽ മലയാളത്തിന് പരിമിതികൾ പലതുമുണ്ട്; പ്രധാനമായി ജനങ്ങൾക്കിടയിൽ കാണപ്പെടുന്ന അവജ്ഞ. മറ്റൊന്ന് അന്നും ഇന്നും കാട്ടിപ്പോരുന്ന ചിറ്റമ്മനയം. മാത്രമോ മലയാളിയുടെ മനസിൽ ഭാഷയെ സംബന്ധിച്ച് നിലനിന്നുപോരുന്ന അപകർഷതാബോധം, മറ്റു ഭാഷകൾക്ക് നിതരാം ലഭ്യമായിട്ടുള്ളതും മലയാളത്തിന് കാലമേറെയായിട്ടും അന്യമായിട്ടുള്ളതുമായ ഈ അവസ്ഥാവിശേഷങ്ങൾക്ക് ആരാണുത്തരവാദി? നാം തന്നെയല്ലേ? ഉറക്കെ ചിന്തിക്കേണ്ട ഒരു വിഷയമാണിത്.




**പ്രായോഗികക്ഷമതയാണ് ഭാഷയുടെ മേന്മയുടെ മാനദണ്ഡം. പുരാരേഖകളുടെ ഈടുവയ്പുകളിലുറങ്ങുന്ന പ്രചാരലുബ്ധമായ പദങ്ങളെയും മറ്റു ഭാഷകളിലെ പദങ്ങളെയും വിവേകബുദ്ധ്യാ, സ്വീകരിച്ച് ഉപയോഗിക്കുകയാണ് അഭികാമ്യം.**

മുമ്പ് സൂചിപ്പിച്ചപോലെ മലയും ആഴവും ചേർന്ന മലയാളദേശത്ത് – മലൈമണ്ഡലമെന്ന് പൂർവനാമം – താമസമാക്കിയ ആളുകളുടെ ഭാഷ മലയാളമായി, ജനതയാകട്ടെ മലയാളിയും. കാലാന്തരത്തിൽ നിലവിൽ വന്ന ഭൂവുടമാസമ്പ്രദായവും സംസ്കൃതഭാഷയുടെ പ്രചുരപ്രചാരവും ഭരണപരമായ മാറ്റങ്ങളും മലയാളഭാഷയുടെ വളർച്ചയ്ക്ക് സഹായകമായി. ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്, സഹ്യാദ്രിസാനുക്കളിൽ താമസിക്കുന്ന കേരളീയരും തമിഴ്നാട്ടുകാരും ഒരേ സംസ്കാരധാരയിൽ പെട്ടവരാണ്. ചുരുക്കത്തിൽ ദക്ഷിണേന്ത്യയുടെ ഭൂരിഭാഗത്തിനും തമിഴകമെന്നു പേരുണ്ടാവാനും അതായിരിക്കണം കാരണം. പക്ഷെ ഈ പ്രദേശത്ത് നിദ്രയിലാണ്ടു കിടക്കുന്ന പ്രസ്തുത സാംസ്കാരിക പൈതൃകത്തെപ്പറ്റി മനസിലാക്കാൻ നമുക്ക് പൂർണമായി സാധിച്ചിട്ടുണ്ടോ എന്ന കാര്യം സംശയമാണ്. യശഃശരീരനായ ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായത്തിൽ "ദ്രാവിഡജനതയ്ക്ക് ദക്ഷിണേന്ത്യയിലും ഒരുപക്ഷേ ഉത്തരേന്ത്യയിൽപോലും സമ്പന്നമായ ഒരു നാഗരികത ഉണ്ടായിരുന്നുവെന്നത് സ്പഷ്ടമാണ്. അവരുടെ ഭാഷകൾ എത്രയും പഴക്കമുള്ളവയാകുന്നു. മികച്ച സാഹിത്യകൃതികളും അവയിലുണ്ട്. തമിഴ്, തെലുങ്ക്, മലയാളം, കന്നഡ എന്നിവയാണ് ഈ ഭാഷകൾ."

ഭാഷാപണ്ഡിതനായ ഡോ. കാൾസ് വെല്ലിന്റെ 'ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം' എന്ന ഗ്രന്ഥം ദ്രാവിഡഭാഷകൾക്ക് ആര്യഭാഷാബന്ധം കൂടാതെ വെറും ദ്രാവിഡപദങ്ങൾകൊണ്ടുമാത്രം 'നിത്യവൃത്തി' നടത്തുവാൻ കഴിയുന്നതാണെന്ന് തെളിയിച്ചിട്ടുള്ള കാര്യവും ഇത്തരുണത്തിൽ വിസ്മരിക്കാവുന്നതല്ല. ഭാഷ, സാഹിത്യം, ശാസ്ത്രം എന്നിവ സംബന്ധിച്ച് ദ്രാവിഡഭാഷകൾക്ക് മറ്റുഭാഷകൾ-സംസ്കൃതം പ്രധാനം – നൽകിയ സംഭാവന ലഘുതരമല്ല എന്നു സമ്മതിക്കാം. പക്ഷെ ഈ കടപ്പാടിന്റെ നില നിഷ്പക്ഷ ബുദ്ധ്യാ പരിശോധിച്ചാൽ ഉത്തമർണതയും അധമർണതയും ഒരു ഭാഗത്തു മാത്രമല്ല ഉള്ളതെന്നു മനസ്സിലാക്കാം. മലയാളമടക്കം ദ്രാവിഡ ഭാഷകളിൽ സംസ്കൃതത്തിൽ നിന്നും മറ്റും സംക്രമിച്ച പല പദ

ങ്ങളുമുണ്ട്. അതുപോലെ സംസ്കൃതത്തിൽ നിന്ന് ദ്രാവിഡഭാഷകൾക്കും സംഭാവനകൾ ലഭിച്ചിട്ടുണ്ടെന്നുള്ള കാര്യവും വിസ്മരിക്കാവതല്ല, ഗ്രീക്ക്, ലത്തീൻ, അറബി തുടങ്ങിയ ഭാഷകളിൽപോലും ദ്രാവിഡ പദങ്ങൾ കടന്നുകൂടിയിട്ടുണ്ട്.

ആദ്യകാല മലയാള രേഖകളിൽ വർഗാക്ഷരങ്ങൾ ഉപയോഗിച്ചു കാണുന്നില്ല. അതുപോലെ വിരാമം, അർധവിരാമം മുതലായ ചിഹ്നങ്ങളും അപൂർവം. പിൽക്കാലത്ത് സംസ്കൃതത്തിന്റെ സ്വാധീനം നിമിത്തമാവാം അക്ഷരങ്ങളുടെ എണ്ണം വർധിച്ചു, അതോടൊപ്പം ചിഹ്നങ്ങളും ഉപയോഗിക്കാനിടയായി എന്നു കരുതുന്നു. വിദൂരദേശങ്ങളുമായി ചരിത്രാതീതകാലം മുതൽ ദ്രാവിഡനാടിനുണ്ടായിരുന്ന വ്യാപാരബന്ധം നിമിത്തമാവാം പദങ്ങൾ പലതും കൊള്ളാക്കൊടുക്കലിനിടയായി. അങ്ങനെ ഭാഷകൾക്കിടയിൽ ഒരുതരം പരസ്പരാശ്രയത്വം ബലപ്പെടുകയും ആത്യന്തികമായി അത് ഭാഷയുടെ പുരോഗതിക്കിട നൽകുകയും ചെയ്തു. ചുരുക്കത്തിൽ ഇന്നോളമുള്ള ഭാഷകളുടെ വികാസപരിണാമങ്ങൾക്ക് അന്തർധാരയായി വർത്തിച്ചിട്ടുള്ളത് സൗഹൃദാത്മകമായ സമ്പർക്കമാണ്, അതിരുകളില്ലാത്ത സാർവലൗകികത.

'ആവശ്യം അന്വേഷണത്തിന്റെ ഉറവിടം' എന്നാണല്ലോ ആപ്ത വാക്യം. അതുപോലെ ഭാഷകൾക്കുണ്ടായ പരിണാമങ്ങൾക്കും കാരണം ആവശ്യകത തന്നെ. ജീവിതത്തിന്റെ നാനാതുറകളിലും ഉയിർക്കൊണ്ടുരുത്തിരിഞ്ഞു വന്ന പുത്തൻപ്രവണതകൾ അതിന്റെ ഉപയോഗം വർധിപ്പിച്ചു. തന്മൂലം പുതിയ അന്വേഷണങ്ങളും തജ്ജന്യമായ ആശയങ്ങളും വ്യാപിക്കാനിടയായി. പുത്തൻ പുതിയ ആശയങ്ങളുടെ പ്രചാരണത്തിന് ഭാഷാപദങ്ങൾ അധികമായി വേണ്ടിവന്നു; ഭരണഭാഷയുടെ കാര്യത്തിലാണ് ഇതിന് അധികം പ്രസക്തി. തന്മൂലം അന്യഭാഷാ പദങ്ങൾ കടംകൊള്ളുകയും മാതൃഭാഷ സമ്പന്നമാക്കാനവസരം ഉണ്ടാവുകയും ചെയ്തു. ഇതഃപര്യന്തമുള്ള ലോകഭാഷകളുടെ വികസനോന്മുഖമായ വളർച്ചയുടെ നഖചിത്രമാണിവിടെ സൂചിപ്പിച്ചത്.

പൊതുവെ നോക്കിയാൽ ഈ പരിണാമം ഭാഷകളിലെല്ലാം ദൃശ്യമാണ്. ഉദാഹരണമായി അക്കൂട്ടത്തിൽ ഒന്നാം നിരയിൽപെടുന്ന ഇംഗ്ലീഷിന്റെ കാര്യം നോക്കാം. ഇംഗ്ലീഷ് ഭാഷയിലെ നിഘണ്ടുക്കളിൽ ഏറ്റവും പുരാതനം ക്രി.വ. 1755-ലെ ഡോ. ജോൺസന്റെ രചനയാണ്. വിമർശകൻ, കവി, നിഘണ്ടുകാരൻ എന്നീ നിലകളിൽ പ്രതിഭാധനനായ ജോൺസന്റെ പ്രസ്തുത കൃതിയിൽ അന്ന് പ്രചാരത്തിലുണ്ടായിരുന്ന നാൽപതിനായിരം പദങ്ങൾ മാത്രമേ ക്രോഡീകരിച്ചിട്ടുള്ളു. എന്നാൽ ഇന്നോ നാലുലക്ഷത്തിലധികം പദങ്ങൾ പ്രചാരത്തിലുണ്ട്. ഇതെങ്ങനെ സംഭവിച്ചു? യഥാർത്ഥത്തിൽ പദസമ്പത്ത് പത്തിരട്ടിയായി വർധിക്കാനിടയായത് മറ്റു ഭാഷകളിൽ നിന്ന് കടംകൊണ്ടതും സ്വാംശീകരിച്ചതും മൂലമാണെന്ന കാര്യം വ്യക്തം. ലത്തീൻ, ഗ്രീക്ക്, പേർഷ്യൻ, അറബി, ഫ്രഞ്ച് മുതലായ ഭാഷകളിൽ നിന്നു മാത്രമല്ല സംസ്കൃതത്തിൽ നിന്നുപോലും ഇംഗ്ലീഷ് ഭാഷ കടം കൊണ്ടിട്ടുണ്ട്. അങ്ങനെയാണ് ഭാഷയ്ക്ക് അഭൂതപൂർവ്വമായ വളർച്ച കൈവന്നിട്ടുള്ളതെന്ന കാര്യം വ്യക്തം.

ഇന്ത്യൻ ഭാഷകളിൽ ഇന്ന് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഭാഷയാണല്ലോ ബംഗാളി. പക്ഷെ അതിൽ നിന്ന് സംസ്കൃതവും ഉർദ്ദുവും കഴിച്ചാൽ മതി നിജസ്ഥിതി മനസിലാക്കാം. ഈ സ്ഥിതി തന്നെ ഇന്ത്യയിലെ ഇതരഭാഷകളുടെ കാര്യത്തിലും പ്രകടമായി നിൽക്കുന്നു. ദ്രാവിഡ ഗോത്രത്തിൽപ്പെട്ട ഭാഷകളായി കരുതിപ്പോരുന്ന മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, തുളു ഇവ ഓരോന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി കൂട്ടത്തിൽ ചിലതു പരിശോധിച്ചുനോക്കാം; കുണ്ട് (മലയാളം), കുണ്ടു (തമിഴ്), ഗുണ്ഡി (കന്നഡ), ഗുണ്ഡി (തുളു), ഗുണ്ഡു (തെലുങ്ക്), കീറുക (മലയാളം), കീറു (തമിഴ്), ഗീറു (കന്നഡ), ഗീറ (തുളു), ഗീരു (തെലുങ്ക്). ഒരേ പദംതന്നെ മറ്റു ഭാഷകളിലേക്ക് സംക്രമിക്കുമ്പോൾ വരുന്ന രൂപ പരിണാമങ്ങൾക്കുദാഹരണമാണിത്.

യഥാർത്ഥത്തിൽ സംസ്കൃതഭാഷയാണ് ഇന്ത്യൻ ഭാഷകളെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത്. സംസ്കൃതത്തിലെ കക്ഷപടയാണ് മലയാളത്തിൽ കച്ചവടമായത്. സംസ്കൃതത്തിൽ അവധി എന്നാൽ അറ്റം എന്നാണർത്ഥം, എന്നാൽ മലയാളത്തിൽ ഒഴിവ് എന്നർത്ഥം. ഭംഗിക്ക് സംസ്കൃതത്തിൽ രീതിയെന്നാണർത്ഥം. എന്നാൽ മലയാളത്തിലോ ചന്തം.. ഇതുപോലെ ഇംഗ്ലീഷ് ഭാഷയിലും മറ്റു ഭാഷകളിൽ നിന്ന് പദങ്ങൾ കടംകൊണ്ടപ്പോൾ അവയ്ക്ക് രൂപപരിണാമം വന്നിട്ടുണ്ടെന്നുള്ള കാര്യം പ്രത്യേകമായി പറയേണ്ടതില്ലല്ലോ. അതായത് ലോകത്തെമ്പാടുമുള്ള ഭാഷകളുടെ വികാസപരിണാമങ്ങൾക്കു കാരണം പരകീയ പദങ്ങളുടെ ലഭ്യതയും പ്രയോഗക്ഷമതയും ആകുന്നു; പ്രയോഗക്ഷമതയാണടിസ്ഥാനം എന്നു ചുരുക്കം.

ഭരണപരമായ ആവശ്യങ്ങൾക്കും രചനകൾക്കും പദം മാത്രമല്ല ഭാഷയും ആവശ്യമാണല്ലോ. പുരാരേഖകൾ പരിശോധിച്ചാൽ മാത്രം മതി അതിന്റെ വൈപുല്യം



### താളിയോലശേഖരം സംരക്ഷിക്കുന്നു

സെൻട്രൽ ആർക്കൈവ്സിലെ ഒരു കോടിയിലധികം വരുന്ന താളിയോലശേഖരം സംരക്ഷിക്കും. ഇതിനുള്ള പദ്ധതി തയ്യാറായി. പ്രധാന രേഖകൾ മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തി. സിഡിയിലാക്കിയാണ് സംരക്ഷിക്കുന്നത്. 10 കോടി രൂപയുടെ പദ്ധതിയനുസരിച്ച് പുരാരേഖാ മ്യൂസിയം സ്ഥാപിക്കാനും പരിപാടിയുണ്ട്.

ആർക്കൈവ്സിലെ ഏറ്റവും പഴക്കമുള്ള താളിയോല 1342-ലേതാണ്. കൂടൽമാണിക്യം ക്ഷേത്രത്തിന്റെ മേൽക്കോയ്മ കൈമാറിയത് സംബന്ധിച്ചുള്ളതാണിത്. 1138-ലെ ചെമ്പ് ലിഖിതങ്ങളും ഇവിടെയുണ്ട്. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ സൂക്ഷിച്ചിരുന്ന 3500-ലധികം മതിലകം രേഖകൾ, ഭൂനികുതി, കോടതിരേഖകൾ, തുറമുഖരേഖകൾ ഭരണപരമായ നീട്ടുകൾ തുടങ്ങിയവയും സൂക്ഷിച്ചിട്ടുണ്ട്.

തിരുവിതാംകൂർ ശ്രീപത്മനാഭന് അടിയറ വച്ച തൃപ്പടിദാനരേഖ, കുണ്ടറവിളംബരം, മാറുമറയ്ക്കാൻ അനുമതി നൽകിക്കൊണ്ടുള്ള 1859-ലെ ഉത്തരവ്, കുഞ്ഞുങ്ങളെ വാങ്ങുന്നതും വിൽക്കുന്നതും നിരോധിച്ചുകൊണ്ടുള്ള 1861-ലെ വിളംബരം തുടങ്ങിയ പ്രധാന രേഖകളുമുണ്ട്.

മനസിലാക്കാൻ. മലയാളഭാഷയിലെ പദസമ്പത്ത് പരിശോധിച്ചാൽ അതിലെ പദങ്ങളിൽ ഭൂരിഭാഗവും തമിഴിൽ നിന്നും സംസ്കൃതത്തിൽ നിന്നും കടം കൊണ്ടിട്ടുള്ളവയാണെന്നു മനസ്സിലാക്കാൻ യാതൊരു പ്രയാസവുമില്ല. മിനിഞ്ഞാന്ന് (മുത്തൈഞാന്റ്) പടിഞ്ഞാറ് (പടിഞ്ഞായിറ്), മിടുക്ക്, ഇടപാട്, വീഴ്ച, കയ്യേറ്റം, കവർച്ച മുതലായവ ഇക്കൂട്ടത്തിൽ ചിലതു മാത്രം. വസ്തുനിഷ്ഠമായി പരിശോധിച്ചാൽ 'ദ്രാവിഡ' എന്ന പദം പോലും തമിഴിന്റെ തത്ഭവമാണ്. മാത്രമല്ല രാമകഥപ്പാട്ട്, ഇരവിക്കുട്ടിപ്പിള്ളപ്പോര്, ഭാരതപ്പാട്ട് മുതലായ കൃതികളും തമിഴും മലയാളവും കലർന്ന ഭാഷയിലാണ് രചിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കാം. ദക്ഷിണേന്ത്യയിലെ ഈ രണ്ടു ഭാഷകൾക്കും തമ്മിലുള്ള അവിഭാജ്യബന്ധത്തിന്റെ ദൃഷ്ടാന്തമായി ചില സൂചനകൾ മാത്രമാണിവിടെ നാം കണ്ടത്.

മലയാളമുൾപ്പെടെയുള്ള ദ്രാവിഡ ഭാഷകളിലെല്ലാം തന്നെ പദങ്ങളുടെ കാര്യത്തിൽ മാത്രമല്ല, പ്രയോഗത്തിലും സമാനത ദർശിക്കുവാൻ ഒരു പ്രയാസവുമില്ല. സാഹിത്യത്തിന് രണ്ട് ശാഖകളാണുള്ളത്, ഗദ്യവും പദ്യവും. ചിന്തയുടെ ഭാഷയായ ഗദ്യമായാലും ഭാവനയുടെ ഗീതമായ പദ്യമായാലും ആശയവിനിമയമാണതിലൂടെ സാധിക്കുന്നത്. ഭരണഭാഷ ഗദ്യമാകയാൽ അതിനെപ്പറ്റി ചിന്തിച്ചുനോക്കാം. നമ്മുടെ ഗദ്യസാഹിത്യം കേവലം ആധുനികമാണെന്ന അഭിപ്രായം ശരിയല്ല. എങ്കിലും പദ്യസാഹിത്യത്തിനു ലഭിച്ച സ്വീകാര്യത ഗദ്യകൃതികൾക്ക് ലഭിച്ചിരുന്നോ എന്ന കാര്യം സംശയമാണ്. മാത്രമല്ല അന്നത്തെ സംസ്കൃത സ്വാധീനമുള്ള ഗദ്യരീതിക്കും ഇന്നത്തെ ഗദ്യരീതിക്കും തമ്മിലുള്ള അന്തരവും ലഘുതരമല്ല. മധ്യകാലഘട്ടത്തെ ഭാഗവത (കൃതി) ഭാഷയിൽ നിന്ന് ചില വരികൾ ഉദാഹരണമായി കൊടുക്കുന്നു:

"ഇങ്ങനെ ബ്രഹ്മൻ മോഹിച്ചപ്പോൾ അമ്മയായങ്ങു മറച്ചു ഭഗവാൻ മഹാമായ കൊണ്ടു ബ്രഹ്മൻ മോഹിച്ചിരിക്കും വിഷയത്തിങ്കൽ തിരസ്കരണി വിദ്യയെ മറച്ചു കാലത്ത് ബ്രഹ്മൻ മെല്ലെ കണ്ണങ്ങു മിഴിച്ചാൽ മരിച്ചുകിടന്നവനെഴുന്നേറ്റപോലെ അപ്പോൾ നോക്കിക്കണ്ടു ബ്രഹ്മൻ അപ്പോൾ വിമാനത്തിങ്കൽ നിന്നിറങ്ങീട്ടു ഒരുവടി വീണപോലെയങ്ങു വീണാൽ ഭഗവാന്റെ തൃക്കാക്കൽ നിന്ന് കണ്ണുനീരു തുടച്ചിട്ടു പിന്നെയും വന്ദിച്ചാൻ വളരെ കൂപ്പിത്തൊഴുതാൻ." ഇന്നത്തെ ഗദ്യശൈലിയും പതിറ്റാണ്ടുകൾക്കു മുമ്പുള്ള ഗദ്യശൈലിയും തമ്മിലുള്ള അന്തരം - തമിഴിനോടാഭിമുഖ്യം - ഇതിൽ നിന്നൂഹിക്കാവുന്നതാണല്ലോ.



**ഗ്രീക്കുജനതയുടെ സാംസ്കാരികമായ പുരോഗതിക്ക് അടിസ്ഥാനമായി വർത്തിച്ചത് അവരുടെ ഭാഷയാണ്. ഏത് ഭാഷയിൽ നിന്നായാലും ശരി, ഒരു പദം അത് തങ്ങൾക്ക് അനുഗുണമെന്നു തോന്നിയാൽ സ്വീകരിക്കുക, അതായിരുന്നു അവരുടെ നയം.**

യഥാർത്ഥത്തിൽ പ്രയോഗക്ഷമതയാണ് ഒരു ഭാഷയുടെ മേന്മയ്ക്കെല്ലായ്പ്പോഴും അടിസ്ഥാനമായി കരുതിപ്പോരുന്ന മാനദണ്ഡം. ഇന്ന് ഭാഷയിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കും കാരണം പ്രയോഗക്ഷമതയാണ്. തമിഴിന്റെ ശൈലിയും സംസ്കൃതത്തിന്റെ സ്വാധീനവും കുറഞ്ഞപ്പോൾ അതിന് കൂടുതൽ ആർജവത്വം കൈവന്നു, പ്രയോഗക്ഷമത വർധിച്ചുവെന്നു ചുരുക്കം. ഈ വസ്തുത കൂടുതൽ അനുഭവപ്പെടുന്നത് ഭരണഭാഷയുടെ കാര്യത്തിലാണ്. ഇന്ന് ഇംഗ്ലീഷ് എന്നുകരുതി പ്രയോഗിച്ചുപോരുന്ന ഭൂരിഭാഗം പദങ്ങളും മറ്റു ഭാഷകളിൽ നിന്ന് കടംകൊണ്ടിട്ടുള്ളവയാണ്. ലോകചരിത്രം പരിശോധിച്ചാൽ സംസ്കാരത്തിന്റെ ഉന്നതശ്രേണിയിലെത്തിയ ഒരു ജനവിഭാഗമാണ് ഗ്രീക്കുജനത എന്നു മനസ്സിലാക്കാം. സാംസ്കാരികമായ അവരുടെ പുരോഗതിക്ക് അടിസ്ഥാനമായി വർത്തിച്ചത് അവരുടെ ഭാഷയാണ്. ഏത് ഭാഷയിൽ നിന്നായാലും ശരി ഒരു പദം അത് തങ്ങൾക്ക് അനുഗുണമെന്നു തോന്നിയാൽ സ്വീകരിക്കുക അതായിരുന്നു അവരുടെ നയം. അങ്ങനെ ഭാഷ സമ്പന്നമായി, ആത്യന്തികമായി അത് ചെന്നുപെട്ടതാകട്ടെ സാംസ്കാരികമായ ഉന്നതിയിലും. ബ്രിട്ടീഷ് ആധിപത്യം രൂഢമൂലമാവാനും കാരണം ഭാഷാപരമായ അവരുടെ ഇത്തരം സമീപനമാണ്. സൂര്യനസ്തമിക്കാത്ത പ്രദേശത്തിന്റെ ആധിപത്യം കൈവരിച്ച അവർ തങ്ങളുടെ ഭാഷയെയും അതുപോലെ പുരോഗതിയിലെത്തിച്ചു. ഇംഗ്ലീഷ് ഭാഷ പദസമ്പത്തിന്റെ കാര്യത്തിൽ സമ്പന്നമാവാനിടയായ സാഹചര്യമാണിവിടെ സൂചിപ്പിച്ചത്. അടിസ്ഥാനപരമായി പദങ്ങളുടെ പ്രയോഗക്ഷമതയും കാലാനുസൃതമായി അവ ഉപയോഗിക്കാനുള്ള പ്രായോഗിക ബുദ്ധിയുമായിരുന്നു അതിനുപിന്നിൽ പ്രവർത്തിച്ച നിയാമകശക്തികൾ എന്നു വേണം കരുതാൻ. അപ്രകാരം ഉപയോഗിച്ച പരകീയ പദങ്ങൾ എല്ലാം തന്നെ കാലാന്തരത്തിൽ സ്വന്തമായിത്തീർന്ന കഥയാണ് ഇന്നോളമുള്ള ഇംഗ്ലീഷ് ഭാഷയുടെ ഇതിഹാസകഥ.

മൗലികമായി ചിന്തിച്ചാൽ മലയാളത്തിന് ചില പ്രത്യേകതകൾ ഉള്ളതായി കാണാം. ഒന്നാമതായി പ്രയോഗക്ഷമത തന്നെ. കാരണം എഴുതാനുപയോഗിച്ച മാധ്യമത്തിനനുസൃതമായ ലിപിസമ്പ്രദായം അതിനു സ്വന്തമാണ്. നൂറ്റാണ്ടുകളിലൂടെ വിധിയിൽ വന്ന പരിണാമം ഭാഷയുടെ പുരോഗതിക്ക് തടസ്സമായില്ല, വികസിച്ചതേയുള്ളൂവെന്ന കാര്യം സൂക്ഷ്മൈകദൃക്കുകൾക്ക് കാണുവാൻ കഴിയും. ഇംഗ്ലീഷ് ഔദ്യോഗികഭാഷയായി, ലോകഭാഷകളുടെ മുൻപന്തിയിൽ പുരോഗതി പ്രാപിക്കാനിടയാക്കിയ സാഹചര്യം നമുക്കും അന്യമല്ല, അനുവർത്തിക്കാവുന്നതേയുള്ളു. പേർഷ്യനും അറബിയും ഫ്രഞ്ചും സ്പാനിഷുമെല്ലാം ലിപ്യന്തരണം ചെയ്ത് ഉപയോഗിച്ചതുമൂലം ക്രമേണ അവയെല്ലാം ഇംഗ്ലീഷ് പദങ്ങളായി തീർന്നു. അതുപോലെ പ്രയോഗക്ഷമമായ പദങ്ങൾ മലയാളത്തിലേക്ക് ലിപ്യന്തരണം ചെയ്ത് ഉപയോഗിച്ചാൽ അവയെല്ലാം പിൽക്കാലത്ത് മലയാളമായിക്കൊള്ളും, അയത്നലളിതമായ പ്രയോഗക്ഷമതയായിരിക്കണം അതിനുള്ള മാനദണ്ഡം.

ഇനി സാഹിത്യഭാഷയെയും ഔദ്യോഗിക ഭാഷയെയുംപറ്റി സംഗതമായ ചില വസ്തുതകൾ പരിശോധിച്ചു നോക്കാം. ഇവ രണ്ടും തമ്മിൽ ഒരിക്കലും താരതമ്യപ്പെടുത്തി നല്ലതും തീയതും വക തിരിക്കാനാവില്ല. കാരണം സാഹിത്യഭാഷ സാധാരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം പണ്ഡിതജന്യമാണ്. പക്ഷെ ഭരണഭാഷയുടെ കഥ അങ്ങനെയല്ല, സാധാരണ കാര്യങ്ങളാണ് അതിന്റെ പരിധിയിൽ വരിക. അതിന് സാഹിത്യ ഭാഷയിലെ ആലങ്കാരികമായ പ്രയോഗങ്ങളും ക്ലിഷ്ടതയും തടസ്സമാകുന്നത് ശരിയല്ല, അനുപേക്ഷണീയവുമല്ല. സാധാരണക്കാരന്റെ ഭാഷ ജനകീയമാണ്. ജനാധിപത്യ സംവിധാനത്തിൽ ജനകീയ ഭാഷയാവണം ഔദ്യോഗികഭാഷ. പ്രയോഗക്ഷമതയാകട്ടെ അതിന്റെ മൗലികഗുണവും. ഇന്നത്തെ ശേഷിയും ശൈലിയുമൊന്നുമില്ലാതിരുന്ന പൂർവകാലത്ത് മലയാളമായിരുന്നു ഭരണഭാഷ. പുരാരേഖകളുടെ ഈടു വയ്പുകളിൽ പ്രസ്തുതരേഖകൾ ഇന്നും പഴമയുടെ തണൽപടികളായി അവശേഷിക്കുന്നു. ഇന്ന് പ്രചാരലുബ്ധമായ പല ഭാഷാപദങ്ങളും അവയിൽ നിലവിലുണ്ട്. പ്രസ്തുത പദങ്ങളെ വിവേക ബുദ്ധ്യാ പരിശോധിച്ച് സ്വീകരിക്കുക, ആവശ്യാനുസരണം ഉപയോഗിക്കുക, പ്രശ്നങ്ങൾക്ക് ലഘൂകരണം കണ്ടെത്തുക, അതുമാത്രമാണഭികാമ്യം. ●

# കവനകൗമുദി
## ശതാബ്ദിയുടെ നിറവിൽ


കവനകൗമുദി

കവനകൗമുദിയുടെ
പുസ്തകം 1, ലക്കം 17ന്റെ (കൊല്ലവർഷം 1080 കർക്കിടകം)
ഒന്നാം പേജ്

ഗദ്യത്തിന്റെ ഛായപോലു മേൽക്കാതെ പൂർണ്ണമായ ഒരു പദ്യപ്രസിദ്ധീകരണം. അതായിരുന്നു പന്തളം കേരളവർമ്മയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന കവനകൗമുദി.

ഡോ. കെ.എസ്. രവികുമാർ

മലയാളപത്രപ്രവർത്തന ചരിത്രത്തിൽ അതുല്യമായി നിൽക്കുന്ന ഒരു പ്രസിദ്ധീകരണമാണ് കവനകൗമുദി. കവനകൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന എല്ലാ ഇനങ്ങളും പദ്യത്തിലായിരുന്നു. മുഖപ്രസംഗം, അറിയിപ്പുകൾ, പരസ്യങ്ങൾ, വൃത്താന്തക്കുറിപ്പുകൾ, പുസ്തകനിരൂപണം തുടങ്ങിയ എല്ലാം തന്നെ. ആദ്യത്തെ മൂന്നുവർഷം വൃത്താന്ത പത്രികയുടെ ധർമ്മം കൂടി അനുഷ്ഠിച്ചിരുന്ന കവനകൗമുദി അക്കാലത്തെ പ്രശസ്തരും അപ്രശസ്തരുമായ കവികളുടെ കേളീരംഗമായിരുന്നു. മഹാകവി പന്തളം കേരളവർമ്മ (1879–1919)യുടെ പത്രാധിപത്യത്തിലും ഉടമസ്ഥതയിലും 1904 നവംബർ 16-ന് പന്തളത്തുനിന്നും പ്രസിദ്ധീകരണമാരംഭിച്ച പാക്ഷികമായ (fortnightly) കവനകൗമുദിയുടെ ശതാബ്ദി സന്ദർഭമാണിത്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കമായപ്പോഴേക്കും മലയാളത്തിൽ ശ്രദ്ധേയമായ വൃത്താന്തപത്രികകളും സാഹിത്യ പ്രസിദ്ധീകരണങ്ങളും ഉണ്ടായിക്കഴിഞ്ഞു. അവയിലൂടെ ഗദ്യസാഹിത്യത്തിന് വികാസമുണ്ടാകുകയും ചെയ്തു. എന്നാൽ ആ കാലഘട്ടം പദ്യസാഹിത്യത്തിന്റെയും പൂക്കാലമായിരുന്നു. കൊടുങ്ങല്ലൂർക്കവികളും കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അനുയായികളുമൊക്കെക്കൂടി ശ്ലോകപാരമ്പര്യത്തിനും പദ്യരചനകൾക്കും വിപുലമായ സഹൃദയാംഗീകാരം നേടിക്കൊടുത്തു. സാമാന്യമായ ഭാഷാപരിജ്ഞാനവും സാഹിത്യാഭിമുഖ്യവുമുള്ള മലയാളികളൊക്കെ ചതുഷ്പദികൾ എഴുതുന്ന സ്ഥിതി വന്നു. 'കവിതകളെഴുതി കൂട്ടുവിൻ കൂട്ടുകാരേ' എന്ന ആഹ്വാനം മുഴങ്ങി. പദ്യത്തിലെഴുതിക്കൂട്ടിയതൊക്കെയും കവിതയായിരുന്നോ എന്നത് വേറെ കാര്യം.

ഈ പശ്ചാത്തലത്തിലാണ് പന്തളം കേരളവർമ്മ കവനകൗമുദി ആരംഭിക്കുന്നത്. പദ്യം മാത്രമായി ഒരു പ്രസിദ്ധീകരണം നടത്തുന്നതിന്റെ പ്രസക്തിയെപ്പറ്റി തുടക്കത്തിൽ പലരും സംശയാലുക്കളായിരുന്നു. എങ്കിലും അതിന് അന്നത്തെ സാഹിത്യലോകവും കവികളും വലിയ സ്വീകരണമാണ് നൽകിയത്. അത് മൂന്നായി മുറിഞ്ഞുകിടന്ന അന്നത്തെ കേരളത്തിലെ കവികളുടെ സമ്മേളനരംഗമായിത്തീർന്നു.

ഗദ്യത്തിന്റെ ഛായപോലും തട്ടാതെ പൂർണ്ണ പദ്യപ്രസിദ്ധീകരണമായി ആരംഭിച്ച കവനകൗമുദിയുടെ പ്രസ്താവന തന്നെ ഇങ്ങനെയായിരുന്നു:

"എന്നും തീയതി മാസത്തി-
ലൊന്നിലും പതിനഞ്ചിലും
മന്നിൽ പ്രസിദ്ധി ചെയ്തിടും
മന്യാ കവനകൗമുദി"

സാധാരണ പത്രത്തിന്റെ വലിപ്പത്തിൽ നാലുപേജുകളായിരുന്നു ആദ്യം ഉണ്ടായിരുന്നത്. ഓരോ പുറത്തും നാലുകോളം. മൂന്നു രൂപയായിരുന്നു വാർഷിക വരിസംഖ്യ. കായംകുളം സുവർണ്ണ രത്നപ്രഭാ പ്രസ്സിൽ അച്ചടിച്ച് പന്തളത്തുനിന്നും പ്രസിദ്ധപ്പെടുത്തി. കുറൂർ പി.കെ.

നാരായണൻ നമ്പൂതിരി മാനേജരായി പ്രവർത്തിച്ചു. ഒരു കൊല്ലം കഴിഞ്ഞപ്പോൾ അച്ചടി തൃശൂർ കേരള കൽപദ്രുമം പ്രസ്സിലേക്കുമാറ്റി. അന്നവിടെ പ്രസ്സ് മാനേജർ വള്ളത്തോളായിരുന്നു. അപ്പോഴും പ്രസിദ്ധീകരണസ്ഥലം പന്തളം തന്നെ. തൃശൂരിലെ കാര്യങ്ങൾ നോക്കാൻ വെള്ളായ്ക്കൽ കൃഷ്ണമേനോനെ ഉപമാനേജരാക്കി. പിന്നെയും ഒരു കൊല്ലം കൂടിക്കഴിഞ്ഞപ്പോൾ കുറ്റിപ്പുറത്തു കേശവൻ നായരെ മാനേജരാക്കി. ഉപമാനേജർ തസ്തിക വേണ്ടെന്നുവച്ചു. 1907 നവംബർ ആദ്യലക്കംവരെ പാക്ഷികപത്രമായി പ്രസിദ്ധീകരിച്ചു.

"ജവമൊടു വരിപ്പണം വരിക്കാർ
നവമാനേജർ വശം കൊടുത്തിടേണം
അവധിക്കിനി നീട്ടി വച്ചുവെന്നാ-
ലവസാനം വിഷമത്തിലാകയില്ലേ?"

എന്നൊക്കെ പത്രാധിപർ എഴുതിയെങ്കിലും വരിസംഖ്യ കാര്യമായി പിരിഞ്ഞു കിട്ടാതെ കവനകൗമുദി സാമ്പത്തിക ബാധ്യതയായി. ഈ ഘട്ടത്തിൽ 1907 നവംബർ മുതൽ മാസികയാക്കുന്നുവെന്ന് അറിയിപ്പുകൊടുത്തു. എങ്കിലും 1908 മാർച്ചുമാസത്തോടെയേ മാസിക പ്രസിദ്ധീകരിക്കാനായുള്ളു. മാസികയായപ്പോൾ വലിപ്പം ഡെമ്മി 1/8ലേക്കുമാറ്റി. തട്ടിയും മുട്ടിയും അങ്ങനെ മുന്നോട്ടുപോയി. ഒടുവിൽ 1910 മെയ് മാസത്തോടെ പി.വി. കൃഷ്ണവാരിയർ ഉടമസ്ഥതയും പ്രസാധകത്വവും ഏറ്റെടുത്തു. അച്ചടി കോട്ടയ്ക്കൽ ലക്ഷ്മിസഹായം പ്രസ്സിലേക്കു മാറ്റി. പത്രാധിപരായി പന്തളം കേരളവർമ്മ തുടർന്നു. 1919-ൽ അന്തരിക്കുന്നതുവരെ അദ്ദേഹം ആ ചുമതല വഹിച്ചു. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് പത്രാധിപത്യവും പി.വി. കൃഷ്ണവാരിയർ തന്നെ വഹിച്ചു. 1931 മെയ് മാസം വരെ കവനകൗമുദി പ്രസിദ്ധീകരണം തുടർന്നു.

**മലയാളത്തിൽ ആദ്യമായി വിശേഷാൽപ്രതിയെന്ന ആശയം പ്രാവർത്തികമാക്കിയത് കവനകൗമുദിയാണ്.**



മഹാകവി പന്തളം കേരളവർമ്മ

കവനകൗമുദിക്ക് മറ്റൊരു ചരിത്രപ്രാധാന്യം കൂടിയുണ്ട്. മലയാളത്തിൽ ആദ്യമായി വിശേഷാൽ പ്രതിയെന്ന ആശയം പ്രാവർത്തികമാക്കിയത് കവനകൗമുദിയാണ്. 'ഭാഷാവിലാസം' എന്ന പേരിലാണ് വിശേഷാൽ പ്രതികൾ പുറത്തിറക്കിയത്. ആദ്യം പദ്യമാത്രമായും പിന്നീട് ഗദ്യപദ്യമിശ്രമായും ഒൻപതു വിശേഷാൽപ്രതികൾ കവനകൗമുദി പ്രസിദ്ധീകരിച്ചു.

സാഹിത്യ മാസികയാക്കി മാറ്റുന്നതിനു മുമ്പ് 1904-07 കാലത്ത് കേരളവർമ്മ കവനകൗമുദിയിൽ എഴുതിയ മുഖപ്രസംഗങ്ങൾ പലതും ഏറെ ശ്രദ്ധേയമാണ്. ശ്രീമൂലം പ്രജാസഭ, ദാരിദ്ര്യഹേതുക്കൾ, പോലീസ് പരിഷ്കാരം, പ്രാഥമിക വിദ്യാഭ്യാസ പദ്ധതി, സ്ത്രീവിദ്യാഭ്യാസം, കൃഷിദോഷം, നെൽക്കരം നിർത്തൽ, പത്രപ്രകൃഷ്ടതയ്ക്കുള്ള പ്രതിബന്ധങ്ങൾ, ഗവർണർ അവർകളുടെ തിരുവിതാംകൂർയാത്ര, മന്ത്രിധർമ്മം, രാജസേവ, മലയാളത്തിന്റെ തത്കാലസ്ഥിതി തുടങ്ങിയ മുഖപ്രസംഗങ്ങൾ അവയിലെ വിമർശനധീരതകൊണ്ടും സാമൂഹിക പ്രതിജ്ഞാബദ്ധതകൊണ്ടും ഉത്പതിഷ്ണുത്വം കൊണ്ടും വേറിട്ടു നിൽക്കുന്നു. ഗവർണറുടെ സന്ദർശനം പ്രമാണിച്ച് നടത്തിയ ധൂർത്തിനെ വിമർശിച്ചതിങ്ങനെ.

"ധരയുടെ വരവെത്ര കേമമാക്കീ,
പരമതിലെത്ര പണം തൃണീകരിച്ചു?
പുരമതിലുകളൊക്കെ വെള്ളയിട്ടു,
സ്ഥിരമിതുകൊണ്ടു മഹത്വമെന്തു കിട്ടീ?"

അക്കാലത്തെ മിക്കവാറും എല്ലാകവികളും കവനകൗമുദിയുടെ താളുകളിൽ എഴുതിത്തിളങ്ങിയവരാണ്. വള്ളത്തോൾ, ഉള്ളൂർ, വലിയകോയിത്തമ്പുരാൻ, എ.ആർ., കുഞ്ഞിക്കുട്ടൻ തമ്പുരാൻ, മൂലൂർ, കെ.സി. കേശവപിള്ള, കൊട്ടാരത്തിൽ ശങ്കുണ്ണി, കുറ്റിപ്പുറത്തു കേശവൻനായർ, ജി. ശങ്കരക്കുറുപ്പ്, കെ.കെ. രാജ, പള്ളത്തുരാമൻ, കെ.പി. കറുപ്പൻ, നാലപ്പാടൻ, കെ.എം. പണിക്കർ, മേരീജോൺ കൂത്താട്ടുകുളം തുടങ്ങി അക്കാലത്തെ മുതിർന്നവരും ഇളമുറക്കാരുമായ കവികൾ കവനകൗമുദിയുടെ കവിതക്കളത്തെ ചലനാത്മകമാക്കി. ഒട്ടേറെ പ്രാദേശികകവികൾക്കും കവനകൗമുദി ഇടം നൽകി. കേരളത്തിന്റെ എല്ലാ മേഖലകളിൽ നിന്നുമുള്ള കവികളുമായി വ്യക്തിപരമായ സൗഹൃദം പുലർത്താനും കവനകൗമുദി വഴി പന്തളം കേരളവർമ്മയ്ക്കു കഴിഞ്ഞു. അദ്ദേഹത്തിന്റെ വിവാഹംപോലും കവനകൗമുദി നിമിത്തമായിരുന്നു. കൗമുദി മുഖാന്തരം സൗഹൃദത്തിലായ കവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ സഹോദരി അമ്മുക്കുട്ടി അമ്മയെയാണ് വിവാഹം ചെയ്തത്.

ഒന്നിലേറെ കവികൾ ചേർന്ന് ഒരു കൃതി രചിക്കുന്ന കൂട്ടുകവിത എന്ന സമ്പ്രദായം വളർത്തിയെടുത്തത് കവനകൗമുദിയാണ്. കേരളം മൂന്നായി മുറിഞ്ഞു കിടന്ന ആ കാലത്ത് എഴുത്തുകാരിലും വായനക്കാരിലും ഐക്യകേരളത്തിന്റെ പ്രതീതി സൃഷ്ടിക്കാൻ കവനകൗമുദിയ്ക്ക് കഴിഞ്ഞു. പൊതുവിൽ അന്നത്തെ മലയാളകവിതാരംഗത്തെ ചടുലമാക്കാനും കവനകൗമുദിക്കു കഴിഞ്ഞു.

കവനകൗമുദിയുടെ സ്ഥാപകനും പത്രാധിപരുമായ പന്തളം കേരളവർമ്മയെ മലയാളത്തിലെ നിയോക്ലാസ്സിക് കവിതയുടെ മുഖ്യപ്രയോക്താക്കളിലൊരാളായാണ് കരുതിപ്പോരുന്നത്. പദം കൊണ്ടു പന്താടുന്ന പന്തളം എന്ന പേര് പതിയത്തക്കവിധം വാഗ്വൈഭവം പ്രകടിപ്പിച്ച അദ്ദേഹത്തിന്റെ പ്രശസ്തകൃതികളാണ് രുഗ്മാംഗദ ചരിതം മഹാകാവ്യം, വിജയോദയം, ഭീമപ്രഭാവം, കഥാകൗമുദി, വഞ്ചീശശതകം, എന്റെ ശബരിമലയാത്ര തുടങ്ങിയവ. എന്നാൽ വ്യത്യസ്തമായ ഒരു ഭാവുകത്വം പ്രകടിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ ബാലകവിതകൾ. നാടൻപാട്ടുകളുടെ ഹൃദ്യതയും ഗാനാത്മകതയും ലാളിത്യവുമുള്ള "പൈങ്കിളിയേ..... പൈങ്കിളിയേ......" "അമ്പിളി അമ്മാവാ.....," "മണിയെക്കണ്ടോ നാഴികമണിയെക്കണ്ടോ" തുടങ്ങിയ കൃതികൾ മലയാളികൾ ഇന്നും നെഞ്ചേറ്റി ലാളിക്കുന്നു. കേരളം മുഴുവൻ പ്രസിദ്ധമായ 'ദൈവമേ കൈതൊഴാം' എന്ന പ്രാർത്ഥനാഗാനവും നിസ്തുലമാണ്.

വെറും നാൽപതു വർഷമേ പന്തളം കേരളവർമ്മ ജീവിച്ചിരുന്നുള്ളു. ഏകദേശം ഇരുപതു കൊല്ലമേ അദ്ദേഹം സാഹിത്യരംഗത്ത് പ്രവർത്തിച്ചുള്ളു. അതിനിടയിൽ കവിയെന്ന നിലയിലും പത്രാധിപരെന്ന നിലയിലും അദ്ദേഹം മായാത്ത മുദ്ര പതിപ്പിച്ചു. കവനകൗമുദിയുടെ ശതാബ്ദി ആ പ്രതിഭാശാലിയെ അനുസ്മരിക്കാനുള്ള സന്ദർഭം കൂടിയാണ്.

# അനശ്വരനായ ഇടശ്ശേരി

ഡോ. കവടിയാർ രാമചന്ദ്രൻ



2004 ഒക്ടോബർ 16 ഇടശ്ശേരിയുടെ മുപ്പതാം ചരമവാർഷികദിനമായിരുന്നു. ഈ വേളയിൽ അനശ്വരനായ കവിയുടെ ചില പ്രധാന കവിതകളുടെ അവലോകനമാണിവിടെ.

അനേകമുണ്ട് ഇടശ്ശേരിയിൽ വിശേഷങ്ങൾ;

സ്വന്തം കുട്ടിക്ക് മരുന്നുവാങ്ങാൻ പാങ്ങില്ലാഞ്ഞ് വലഞ്ഞപ്പോൾ അയൽക്കാരുടെ അരുമക്കവി പണം കടം വാങ്ങി മരുന്നുകടയിലേക്ക് പോകുംവഴി ഒരു പട്ടിണിക്കാരൻ വിശപ്പടക്കാനായി കവിയുടെ നേർക്ക് തേങ്ങലോടെ കൈനീട്ടി. കടംവാങ്ങിയ പണം അയാൾക്ക് കൊടുത്തിട്ട് കവി പനിക്കിടക്കയ്ക്കരുകിൽ ചെന്നിരുന്ന് മൗനിയായി. ഇത് ഒരു തവണയല്ല, പലതവണ. ഇതാണിടശ്ശേരി. ദൈന്യം തൊട്ടാലലിയുന്ന, മനുഷ്യസ്നേഹത്തിന്റെ നിത്യപര്യായമായ ഇടശ്ശേരി ഗോവിന്ദൻനായർ!

പരാപരാധങ്ങൾ തലയിലേറ്റാനും സ്നേഹസമ്പന്നനായ ഈ മനുഷ്യൻ സദാ സന്നദ്ധനായിരുന്നു. ജീവിതക്ലേശത്താൽ നട്ടംതിരിഞ്ഞ ഒരു സഹപ്രവർത്തകൻ ഒരിക്കൽ ജയിലിൽ പോകേണ്ട അവസ്ഥയിലായി. ദുരിതങ്ങളുടെ സമ്മർദ്ദത്തിൽപ്പെട്ട് അയാൾ പൊതുപണം തിരിമറി നടത്തിയത്രേ. അയാളെ രക്ഷിക്കാൻ കവി കുറ്റമേറ്റെടുത്തു. സ്വന്തം കിടപ്പാടം പണയപ്പെടുത്തിയാണ് ഗോവിന്ദൻ നായർ ബാധ്യത നിറവേറ്റിയത്.

സുവർണ്ണസിംഹാസനങ്ങളിലിരുന്ന് വിലസുന്ന പെരുംകവികളെ അടുത്തറിയാവുന്നവർക്ക് ഇടശ്ശേരിയൻ വിശേഷങ്ങൾ നടക്കാക്കഥ പോലെ തോന്നാം. എന്നാൽ എല്ലാം നടന്ന സംഭവങ്ങളാണ്. നാട്ടുവിശേഷത്തിനോ കൂട്ടുവിശേഷത്തിനോ കവിപങ്കാളിത്തം തേടിയെത്തുന്നവരുടെ നേർക്ക് കൈക്കുമ്പിൾ മലർത്തി നീട്ടുന്ന പല പല കവികളും ഇടശ്ശേരിയും തമ്മിൽ എന്തൊരന്തരം!

ഈയൊരന്തരം അഥവാ തനതു വ്യക്തിത്വം ഇടശ്ശേരിക്കവിതകളിലും തിളങ്ങിനിൽക്കുന്നു. അഹല്യയിൽ തുടങ്ങി (1928) ഒരു കത്ത് വരെ (1974) നീണ്ടുപോയ കാവ്യകർമ്മത്തിലൂടെ ആദ്യം അയൽക്കാരുടെ അരുമക്കവിയും പിന്നെപ്പിന്നെ പൊന്നാനിയുടെ പുന്നാരക്കവിയും ഒടുവിൽ മലയാളത്തിന്റെ മഹാകവിയുമായിത്തീർന്നു, പൂതപ്പാട്ടുകാരനായ ഇടശ്ശേരി ഗോവിന്ദൻ നായർ. ഇതിനിടയിൽ നാടകവും കഥയും കഥാകാവ്യങ്ങളും വിവർത്തനങ്ങളും ചെറുഖണ്ഡകാവ്യങ്ങളും ഹിതവും പ്രിയവുമായിത്തീർന്ന ശാശ്വതകവിതകളും, ഹിതമെങ്കിലും പ്രിയംപെറാത്ത കവിതകളുമൊക്കെ കൂടിയ, വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും നിറഞ്ഞ, ഒരു കാവ്യപ്രപഞ്ചം അദ്ദേഹം നമുക്ക് സമ്മാനിച്ചു. ആ കാവ്യലോകത്തിലേക്കിറങ്ങി ചെന്ന് അവിടത്തെ ചൂടും തണുപ്പും നിഴലും നിലാവും ഇരുളും വെളിച്ചവുമെല്ലാം അറിഞ്ഞനുഭവിക്കുക; കലർപ്പിന്റെ സുഖം വേണ്ടുവോളം കിട്ടും.

ചരിത്രപരമായ സ്വാഭാവിക പരിണാമം എല്ലാറ്റിനും ഉണ്ടായേതീരൂ. അത് ഓരോ കാലഘട്ടത്തിലും ആപേക്ഷികമായി സംഭവിക്കും. സാഹിത്യത്തിൽ സംഭവിക്കാറുള്ളതും ഇങ്ങനെയാണ്. കാൽപനികതയ്ക്കു പിന്നാലെ മലയാള കവിതയിലും മാറ്റങ്ങളുണ്ടായല്ലോ. ഈ മാറ്റത്തിന്റെ തുടക്കം പ്രധാനമായും രണ്ടുപേരുടെ കവിതകളിലാണ്. ഇടശ്ശേരിക്കവിതയിലും വൈലോപ്പിള്ളിക്കവിതയിലും. ഇത്രയും പറയുമ്പോൾ പിന്നാമ്പുറത്തു നിന്നൊരു ചോദ്യമുയരാം. കാൽപനികതയുടെ കാന്തവും ഭ്രാന്തവുമായ അതിസങ്കൽപനങ്ങൾക്ക് നേർക്ക് നിഷേധസ്വരമുയർന്നത് ഇപ്പറഞ്ഞവരിൽ നിന്നാണോ? അതെ എന്നാണുത്തരം. അതവർ ഗദ്യത്തിൽ പച്ചയായിപ്പറഞ്ഞില്ലെന്നേയുള്ളൂ; പദ്യത്തിലൂടെ നിഷേധിച്ചു കൊണ്ടേയിരുന്നു.

കാൽപനികതയുടെ 'അഴകൊഴമ്പൻ' ശൈലികളെ

കുടഞ്ഞെറിയാൻ തുടങ്ങിയവർ ഇടശ്ശേരിയും വൈലോപ്പിള്ളിയുമാണ്. കാൽപനിക കവിതയെ അവർ പരിഷ്കരിക്കുകയായിരുന്നു; അതിന് അവർ 'യാഥാർത്ഥ്യത്തിന്റെ കണ്ണുകൾ' നൽകുകയായിരുന്നു. അവരുടെ കാവ്യരൂപഭാവങ്ങളിലാണ് നീരവനിഷ്കർഷമായ മാറ്റങ്ങൾ തെളിഞ്ഞുവരുന്നത്; ഉച്ചസ്വരങ്ങൾ നീട്ടിബോധപൂർവ്വം കാൽപനികനിഷേധം നടത്തിയവർ വേറെയുണ്ടെങ്കിലും.

**ഇടച്ചേരിക്കാരനായ ഇടശ്ശേരി**

മരണത്തിനു പിൻപ് കൂടുതൽ കൂടുതൽ വിസ്തൃതമായി വരുന്ന ഒരു അനുവാചക മണ്ഡലത്തെ ആകർഷിക്കുകയും, സമകാലിക സഹൃദയർ തങ്ങൾക്ക് നൽകിയിരുന്നതിനേക്കാൾ എത്രയോ അധികം ആദരം തുടർന്നുവരുന്ന തലമുറകളിൽ നിന്ന് ആർജ്ജിക്കുകയും ചെയ്യുന്ന കവികളുടെ കൂട്ടത്തിലാണ് എൻ.വി. കൃഷ്ണവാരിയർ ഇടശ്ശേരിയെ ചേർത്തിരിക്കുന്നത്. ഈ ചേർക്കലിന് ഏറെ ചേർച്ചയുണ്ട്. കാരണം, കാലം ചെല്ലുന്തോറും ഇടച്ചേരിക്കാരനായ ഈ കവിയോട് കാവ്യാനുശീലർ അധികം അടുക്കുന്നതായാണ് കാണുന്നത്.

സ്വാനുഭവങ്ങളിൽ നിന്നാണ് കവിതകളധികവും ഇടശ്ശേരി എഴുതിയത്; വിശേഷിച്ചും കഥാകാവ്യങ്ങൾ. ചുറ്റുപാടും കണ്ടതും കേട്ടതുമായ കാര്യങ്ങൾ അദ്ദേഹം കവിതയ്ക്കു വിഷയമാക്കി. അഥവാ, വിഷയമാക്കാതിരിക്കാൻ കഴിയാത്തവണ്ണം കവിയുടെ മനസ്സിൽ അള്ളിപ്പിടിച്ച ദുരനുഭവങ്ങളാണവയിൽ പലതും. കല്യാണപ്പുടവയിലും പെങ്ങളിലും നെല്ലുകുത്തുകാരി പാറുവിലും വിവാഹസമ്മാനത്തിലുമെല്ലാം, കണ്ടതിന്റെയും കേട്ടതിന്റെയും അനുഭവിച്ചറിഞ്ഞതിന്റെയും ചൂടും തിളക്കവും വളരെയുണ്ട്. കയ്യിലും കക്ഷത്തും ചുമന്നുനടന്ന കേസ്സുകെട്ടുകളിലൂടെ വക്കീൽ ഗുമസ്തന്റെ ഉള്ളിൽ പറ്റിക്കൂടിയ മനുഷ്യജീവിതദൈന്യങ്ങൾ ഇക്കൂട്ടത്തിൽ തീർച്ചയായും ഉണ്ടാകും. അവയെല്ലാം വലിയ കഥാകാരന്മാരേക്കാൾ ചാതുര്യത്തോടെ കവിതയിലാക്കിയപ്പോൾ അവയൊക്കെയും ഒരിക്കൽ വായിച്ചാൽ പിന്നൊരിക്കലും മാഞ്ഞുപോകാത്തവയുമായി.

അയൽക്കാരുടെ നീറുന്ന ജീവിതങ്ങളെത്രയാണ് ഇടശ്ശേരിക്കവിതകളായതെന്നോ! അങ്ങനെ അദ്ദേഹം അയൽക്കാരുടെ അരുമക്കവിയായി. അരുമക്കവിതകളെല്ലാം പൊന്നാനിയുടെ ഹൃദയരേഖകളുമായി. ഗ്രാമ്യനും ശക്തനും ജീവിതോപാസകനുമായ ഇടശ്ശേരിയെ കഥാകവനങ്ങളിലാണ് തികവോടെയും മികവോടെയും നാം സന്ധിക്കുന്നതെന്ന് നീലമ്പേരൂർ മധുസൂദനൻനായർ സൂക്ഷ്മമായി നിരീക്ഷിക്കുന്നു.

സാമൂഹികനെറികേടുകളോടുള്ള എതിർപ്പും അതിലധിഷ്ഠിതമായ മനുഷ്യസ്നേഹവുമാണ് ഇടശ്ശേരിക്കവിതയിൽ കത്തിനിൽക്കുന്ന കരുത്തിനു നിദാനം. എന്നാൽ, കർഷകവർഗ്ഗത്തിന്റെയും അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗ്ഗത്തിന്റെയും അപ്പോസ്തലനായിനിന്ന് വിപ്ലവ കവിതയെഴുതി സാമൂഹികശ്രദ്ധ പിടിച്ചുപറ്റാനല്ല, ഈ പൊന്നാനിക്കവി കാവ്യനിർമ്മാണത്തിലേർപ്പെട്ടതെന്ന സത്യം ചകിരിക്കുഴികൾ തുടങ്ങിയുള്ള രചനകളെ നോക്കിക്കണ്ട് തറപ്പിച്ചു പറയാം. അമർത്തപ്പെട്ട ജനതയുടെ ദുരിതജീവിതത്തിന്റെ വാങ്മയങ്ങളാണവ.

ഏറെ ശകാരിക്കപ്പെടുകയും നിരാകരിക്കപ്പെടുകയും ചെയ്ത ജീവിതാവബോധങ്ങൾക്ക് കുരുതിയൊരുക്കി കാത്തിരിക്കുന്ന ഇടശ്ശേരി കാലദേശങ്ങളുടെ അതിരുകൾ ലംഘിച്ചു. അങ്ങനെ പൊന്നാനിയിലെ പുന്നാരക്കവി കാലദേശങ്ങളെ അതിജീവിച്ച അനശ്വര കവിയായിരിക്കുന്നു. പാവം വക്കീൽഗുമസ്തൻ ഇതൊന്നും മോഹിച്ചതല്ല. അദ്ദേഹം ഒന്നേ ആശിച്ചുള്ളൂ.

"ഉയരുമീഗൃഹം നടന്നു കാണുമ്പോൾ
ചിരിച്ചാലും കൊള്ളാം കയർത്താലും കൊള്ളാം;
എനിക്കിതേവേണ്ടൂ, പറഞ്ഞു പോകരു-
തിതു മറ്റൊന്നിന്റെ പകർപ്പെന്നുമാത്രം."

**ശക്തിയുടെ സൗന്ദര്യം**

എതിർശക്തികളുടെ മുമ്പിൽ ധൈര്യവീര്യങ്ങളോടെ ചൊടിച്ചുയർന്നു നിൽക്കുന്ന കരുത്തുള്ള കഥാപാത്രങ്ങളെയാണ് ഇടശ്ശേരിക്കവിതയിൽ നാം കണ്ടുമുട്ടുന്നത്. അതുകൊണ്ട് കൂടിയാണ് ഇടശ്ശേരിയുടെ രചനകൾക്ക് നല്ല മഴുവിന്റെയോ മടവാളിന്റെയോ മൂർച്ചയുണ്ടായത്. കാൽപനിക പ്രണയം നട്ടുനനച്ചു വളർത്തിയ മിഥ്യാസങ്കൽപത്തിന്റെ കടയ്ക്കൽതന്നെ കവിഹൃദയത്തിന്റെ മടവാളോങ്ങി വെട്ടുന്നതും കാണേണ്ടതാണ്. പ്രണയം രണ്ടുജീവിതങ്ങളെ ബന്ധിക്കേണ്ട ശൃംഖലയാണ്. സഗൗരവമായ യാഥാർത്ഥ്യബോധത്തോടെ അതിനെ സമീപിക്കാതിരുന്നാലുണ്ടാകുന്ന ആഘാതവും സമീപിച്ചാലുണ്ടാകുന്ന സുരക്ഷിതത്വവും ഇടശ്ശേരി കാണുന്നു. അതായത് കാര്യങ്ങളെ പ്രായോഗികമായി കാണുക എന്നല്ലാതെ, പ്രണയത്തിന്റെ പേരിൽ സ്വപ്നാടനം നടത്താൻ അദ്ദേഹത്തിനു കഴിയില്ല. ഇത്തരം ശക്തമായ നിലപാടുകൾ ജീവിതത്തെ സുന്ദരമാക്കുന്നവ തന്നെയാണ്. അത് വ്യക്തമാക്കുന്ന കവിതയാണ് നെല്ലുകുത്തുകാരിയുടെ കഥയെന്ന് കെ.പി. ശങ്കരൻ വിശദമാക്കുന്നു. ഋജു, ഖരം, ദൃഢം ഈ മേന്മകളെല്ലാം ഇടശ്ശേരിയുടെ എണ്ണപ്പെട്ട കാവ്യബിംബങ്ങൾക്ക് ഇണങ്ങും. അദ്ദേഹത്തിന്റെ പല കൽപനകളും നാടനും നഗ്നവുമാണെങ്കിലും അവയുടെ ശക്തിയും സൗന്ദര്യവും സാഫല്യവും ഒന്നുവേറെ തന്നെ.

പോംവഴി മറ്റൊരു വിധമായെങ്കിലെന്ന് പ്രാർത്ഥിച്ച് നെഞ്ചിലെ നേരറിയിക്കുന്ന സത്യസന്ധരായ കവികളെയും മനസ്സില്ലാമനസ്സോടെ വിപ്ലവാഹ്വാനം മുഴക്കുന്ന പാതിടയഞ്ഞ കവി മനസ്സുകളെയും നാം കണ്ടുകാണുന്നു. പക്ഷേ, ഇതിനപ്പുറമാണ് ഇടശ്ശേരിയുടെ നില. അദ്ദേഹത്തിന്റെ നിലപാടുകൾ ഉറച്ചതാണ്, ശക്തവുമാണ്. പരസ്പര വിരുദ്ധമായ ഇസങ്ങൾ ഇടശ്ശേരിയെ സ്വാധീനിച്ചെങ്കിലും മാനവനിസത്തിൽ കവിഞ്ഞൊരു പ്രത്യയശാസ്ത്രവും ഇടശ്ശേരിക്ക് പഥ്യമായില്ല. ഒരിക്കൽപോലും ഉന്മൂലനസിദ്ധാന്തത്തിന്റെ രക്തരൂക്ഷത പരിഹാരമാർഗ്ഗമായി നിർദ്ദേശിക്കാൻ അദ്ദേഹത്തിലെ ഗാന്ധിയൻ തയ്യാറാകുന്നില്ല.

മനുഷ്യനുവേണ്ടി എന്തിനേയും പൊട്ടിയാട്ടാൻ ഇക്കവിക്ക് യാതൊരു സന്ദേഹവുമില്ല. മനുഷ്യന്റെ ജീവിതപ്പാതയിൽ ഇരുണ്ടഴൽ ചാറ്റുന്നത് ഏതൊന്നാണോ അതിനെ മറയത്താക്കി വെളിച്ചത്തെ വരിക്കണമെന്ന കാര്യത്തിൽ ഇടശ്ശേരിക്ക് രണ്ടുപക്ഷമില്ല. അഹിംസാ പ്രവാചകനായ ശ്രീബുദ്ധന്റെ കൽപ്രതിമ മർദ്ദകനായ നരിയുടെ മുതുകിലേക്ക് മറിച്ചിട്ട് കൊല്ലണമെന്ന കാര്യത്തിലും തെല്ലും സംശയം കവിക്കുണ്ടായില്ല. ഈ ഹിംസാപ്രോത്സാഹനം ഒരപവാദമായി കണക്കാക്കുന്നവരും വ്യാഖ്യാനിക്കുന്നവരുമുണ്ട്. (എസ്. ഗുപ്തൻനായർ 1984-ൽ തിരുവനന്തപുരത്ത് നടത്തിയ ഇടശ്ശേരി അനുസ്മരണ പ്രഭാഷണം). അത് ശരിയല്ല. മനുഷ്യനെ സ്നേഹിക്കുന്ന, മനുഷ്യനെ നന്മയിലേക്ക് നയിക്കുന്ന, മനുഷ്യജീവിതപുരോഗതിക്കുതകുന്ന ഏത് ഇസവും മനുഷ്യന് ശക്തി പകരാൻ വേണ്ടി ഇടശ്ശേരി കവിതയിലാക്കിയിട്ടുണ്ട് - അത്രേയുള്ളൂ. ഒരു പ്രത്യയശാസ്ത്രത്തിനും കീഴ്പെട്ടുനിന്ന് അദ്ദേഹം എഴുതിയിട്ടില്ല. ഒരുപാടു ജീവിതങ്ങളുടെ നിലനിൽപിനു വേണ്ടി ഒരു ഹിംസ കൂടിയേ കഴിയൂ എങ്കിൽ അങ്ങനെയാവട്ടെ എന്ന വിചാരമാകാം ഇവിടെ കവിയെ ഭരിച്ചത്. ക്രൂരനായ മൃഗത്തെ കൊന്നിട്ടായാലും ശരി പാവപ്പെട്ട മനുഷ്യരുടെ പട്ടിണിമരണം ഒഴിവാക്കണമെന്നതാണ് കവിയുടെ ശാഠ്യം. അതിന് വിട്ടുവീഴ്ചയില്ല. വിശന്നുപൊരിയുന്ന വയറുമായി ആദർശവാനാകാൻ ആർക്കും സാദ്ധ്യമല്ലെന്ന ഗാന്ധിവചനവും ഒരു പക്ഷേ, ഇടശ്ശേരിയുടെ ശാഠ്യത്തിനു പ്രേരകമായിരുന്നിരിക്കാം. ശക്തനായ കവിക്കേ ഇങ്ങനെ ശഠനാകാൻ കഴിയൂ. എങ്കിലേ ശക്തമായ കവിതയും പിറക്കൂ. അങ്ങനെ ബലിഷ്ഠമാകുന്ന കവിതയ്ക്ക് ഒരു സൗന്ദര്യമുണ്ട്; ആരോഗ്യമുള്ള കവിതയുടെ സൗന്ദര്യം; മനുഷ്യപുരോഗതിയുടെ സൗന്ദര്യം!



“ചെവിക്കിമ്പം കുറച്ച് മനസ്സിന് ഉല്ലാസം നൽകാൻ ബാഹ്യശിൽപം നിയന്ത്രിക്കണമെന്നതാണ് ഇടശ്ശേരിമതം.”

വ്യഞ്ജിപ്പിക്കുന്നതിലെ സൗന്ദര്യത്തെക്കുറിച്ചു കൂടി ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഒരു ഗന്ധർവ്വൻ പാടുന്നു എന്ന കവിതയിൽ ഉത്തമമായ ഒരുദാഹരണം കണ്ടെത്താം:

“ചുരുൾമുടികൊണ്ടു പുതപ്പിച്ചെന്നെ-
ത്തഴുകീ ശയ്യയിലിരുൾ ഗാഢം.”

രണ്ടേരണ്ടുവരികളിലൂടെ ഐന്ദ്രിയാനുഭൂതികളെയാകെ ധ്വനിപ്പിച്ചിരിക്കുന്നു. അതിഥിയുടെ സങ്കൽപസംഗമ സുഖാനുഭവങ്ങളൊന്നും വാച്യമായുരിയാടാതെ അഭിവ്യഞ്ജിപ്പിച്ചിരിക്കുകയാണ്. ഇതാണ് കവിതയിലെ കല. ശക്തി അഥവാ പ്രതിഭ സമൃദ്ധമായുള്ളവർക്കേ ഈ കല വിദഗ്ധമായാവിഷ്കരിക്കാനാവൂ. അങ്ങനെയാവുമ്പോഴാണ് പ്രതിഭുടെ സൗന്ദര്യം സുതാര്യമാവുന്നത്.

### ഇടശ്ശേരിക്കളത്തിലെ ഗോവിന്ദൻ

ആകാശതുല്യങ്ങളായ ധർമ്മങ്ങളെ ആകാശകൽപമായ ഉണ്മകൊണ്ട് അളന്നറിഞ്ഞ കവി ഈ മനുഷ്യൻ തന്നെയാണെന്ന് വിഷ്ണുനാരായണൻ നമ്പൂതിരി ഇടശ്ശേരിയെ സ്മരിക്കുന്നു. ഇടതുപക്ഷത്തും വലതുപക്ഷത്തുമുള്ള തിരുസഭകളുടെ ആശായ്മക്കാർക്ക് ഉഴക്ക് ചോരയുള്ളത് നിവേദിക്കരുതെന്ന കവിഗുരുവിന്റെ (ഇടശ്ശേരിയുടെ) വ്യപദേശം താനിന്നു അനുസരിക്കുന്ന കാര്യം ശിഷ്യൻ മാധുര്യത്തോടെ അയവിറക്കുന്നുമുണ്ട്.

യുക്തിസഹമായ ചിന്താപദ്ധതിക്ക് പ്രോത്സാഹനം കൊടുക്കുന്നവയാണ് പ്രശസ്തമായ പ്രത്യയശാസ്ത്രങ്ങൾ പലതും. എന്നാൽ അവയിൽ ചിലവ വ്യക്തിസ്വാതന്ത്ര്യത്തെ കടിഞ്ഞാണിടുകയോ പലപ്പോഴും ക്രൂരമായി ഹനിക്കുകയോ ചെയ്യുന്നവയാണ്. നിൽനിൽപിനുവേണ്ടിയുള്ള കസർത്തുകളോ സ്വാർത്ഥതയ്ക്കുവേണ്ടിയുള്ള കരണം മറിയലുകളോ ചോദ്യത്തെ നിരോധിച്ചുകൊണ്ടുള്ള ശാസനങ്ങളോ ഒക്കെ പ്രത്യയശാസ്ത്രവൈതാളികർ നടത്താറുണ്ട്. മതഗ്രന്ഥങ്ങളെ ചോദ്യം ചെയ്യുന്നത് നിരോധിച്ചിരുന്ന ചില പടിഞ്ഞാറൻ രാജ്യക്കാരെ പോലെയാണ്, ‘ഇസമ്മന്യ’രിൽ പലരും ചോദ്യങ്ങളേയും നവാശയങ്ങളേയും വിലക്കി നിർത്തുന്നത്. ഗീതോപദേശത്തിന്റെ അന്ത്യത്തിൽ കൃഷ്ണൻ പറയുന്നത് വിമർശനബുദ്ധിയോടെ ചിന്തിച്ച് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനാണ്. ഈ കൃഷ്ണഹൃദയത്തോട് ഒരടുപ്പം ഇടശ്ശേരിക്കളത്തിൽ ഗോവിന്ദൻ നായർക്കുണ്ട്.

ഗോപാലകർക്കിടയിൽ ജീവിച്ച് അവർക്കുവേണ്ടി പൊരുതിയവനാണ് ആമ്പാടിയിലെ ഗോവിന്ദൻ. ഹിംസകരെ വധിക്കാനും നിഷ്ഠൂരതയെ എതിർക്കാനും അധികാരഗർവിനുനേരെ ആയുധമുയർത്താനും പഴകിയ വിശ്വാസ-സംസ്കാരങ്ങളെ ചോദ്യം ചെയ്യാനും വിശ്വപ്രേമമെന്തെന്ന് പറഞ്ഞുതരാനുമാണ് കൃഷ്ണൻ ജീവിച്ചത്. മിത്ത് എന്ന നിലയിൽ കൃഷ്ണനും കൃഷ്ണകഥയുമൊക്കെ ഇടശ്ശേരിക്കവിതയിൽ സ്ഥാനം നേടുന്നതു കൂടാതെ മേൽപറഞ്ഞ കൃഷ്ണാദർശങ്ങളെ അനുസരിക്കുന്ന ചില പ്രധാനകവിതകളും ഗോവിന്ദൻ നായർ രചിച്ചിട്ടുണ്ട്. ബുദ്ധനും ഞാനും നരിയും, പൊട്ടി പുറത്ത് ശിവോതി അകത്ത്, ബിംബിസാരന്റെ ഇടയൻ, ഹനുമൽസേവ തുഞ്ചൻപറമ്പിൽ, തത്ത്വശാസ്ത്രജ്ഞൻ ഉറങ്ങുമ്പോൾ തുടങ്ങി പലതും അക്കൂട്ടത്തിൽ പെടുന്നു. ശ്രീകൃഷ്ണനിൽ ആത്മാർപ്പണം ചെയ്തുകൊണ്ട് ഒരു ദീർഘകാവ്യമെഴുതാൻ ഇടശ്ശേരി ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന സംഗതിയും ഇവിടെ ശ്രദ്ധേയമാകുന്നു. വീടാക്കടമോ കവി ജന്മം എന്ന ചോദ്യമായാലോ?

കുറ്റിപ്പുറത്തെ തറവാട്ടുവീടായ ഇടശ്ശേരിക്കളത്തിൽ ജനിച്ച് പൊന്നാനിക്കാരനായി ജീവിച്ച ഇക്കവിയുടെ ജന്മദിനം 1906 ഡിസംബർ 23-ാം തീയതിയിലെ ഞായറാഴ്ചയായിരുന്നു. 1974 ഒക്ടോബർ 16-ാം തീയതി രാവിലെ ചായ കഴിച്ചുകൊണ്ടിരിക്കെയായിരുന്നു മരണം. അപ്പോൾ വയസ്സ് അറുപത്തിയെട്ട്. കവിത കുറിച്ചു തുടങ്ങിയത് പന്ത്രണ്ടാം വയസ്സിലെന്ന് കണക്കാക്കുമ്പോൾ അരനൂറ്റാണ്ടിലധികം വരുന്നു. കൃത്യമായി പറഞ്ഞാൽ അൻപത്തിയാറു കൊല്ലത്തെ കാവ്യസപര്യ; മുന്നൂറോളം കവിതകൾ!

വായനക്കാരന് വഴങ്ങുന്നവയും മനസ്സിൽ നിന്നൊഴിയാത്തവയും ഒരു പിടി; സഹൃദയനുപോലും വഴങ്ങാത്തവയും ഹൃദയത്തിൽ നിന്നൊഴിഞ്ഞു പോകുന്നവയും ഒട്ടേറെ-ഇടശ്ശേരിക്കവിതകളെല്ലാം കൂടി ഒന്നു രണ്ടാവർത്തി വായിച്ചു കഴിയുമ്പോഴുണ്ടാകുന്ന പ്രതികരണമാണിത്.

എന്താണിത്തരത്തിലൊരു പ്രതികരണത്തിനു നിദാനം?

പ്രചാരലുപ്തമായ നാടൻ പദങ്ങൾ, സുപരിചിതമല്ലാത്ത സംസ്കൃതപദ ഭാരം, രണ്ടുംകൂടിച്ചേരുന്ന സമസ്തപദങ്ങൾ, മസൃണതയില്ലാത്ത പരുക്കൻമട്ട് എന്നിങ്ങനെ കാരണം പലതാണ്. അങ്ങനെ കവിതകൾ പലതും അനഭിഗമ്യമായി; അവയ്ക്ക് പ്രചാരലോപവുമുണ്ടായി. ആസ്വാദനത്തിന് വിയർപ്പൊഴുക്കേണ്ടിയും വന്നു. ‘ഇനിമയെഴും പാഴ്ച്ചൊല്ലും ഇഷ്ടം നേടാൻ വേണ്ടിയുള്ള പൂച്ചൊല്ലും’ ചമച്ചവനല്ല ഇടശ്ശേരിയെന്ന് പുനലൂർ ബാലൻ പുകഴ്ത്തിപ്പാടിയതും സത്യം തന്നെ. ഇടശ്ശേരിക്കവിതയിലെ താളത്തെപ്പറ്റി പി. നാരായണക്കുറുപ്പ് ഇങ്ങനെ എഴുതി: ‘നൃത്തലോലത മാറ്റി ഉദാത്തത കൈവരുത്താൻ ധാരാളം രൂപഭേദങ്ങൾ പരീക്ഷിച്ച കവിയാണ് ഇടശ്ശേരി. നമുക്ക് അപരിചിതമായ താളവൈവിധ്യത്തിലേക്ക് കവി അപ്രതീക്ഷിതമായി കടക്കുന്നതുകൊണ്ടാണ് ആ കാവ്യശിൽപം പരുക്കനെന്ന് തോന്നുന്നത്....’

അയ്യപ്പപ്പണിക്കർ പറയുന്നത് ശ്രദ്ധിക്കുക. ‘ചെവിക്കിമ്പം കുറച്ച് മനസ്സിന് ഉല്ലാസം നൽകാൻ ബാഹ്യശിൽപം നിയന്ത്രിക്കണമെന്നതാണ് ഇടശ്ശേരി മതം. ഇടശ്ശേരിക്കവിതയ്ക്ക് ഇന്നും ജനപ്രീതി നേടാനുള്ള വൈഷമ്യം ഈ വിട്ടുവീഴ്ചയില്ലായ്മ കൊണ്ടുണ്ടാവുന്നതാണ്. ഇടശ്ശേരിയുടെ വഴി ഇടപ്പള്ളിമാർഗത്തിൽനിന്നു വ്യത്യസ്തമാണെന്നും സരളമോ മസൃണമോ റബറൈസ്ഡ് പോലുമോ അല്ല ആ വഴിയെന്നും അറിയണം.”

അറിഞ്ഞുകൊണ്ടും അറിയാതെയും ഇടയ്ക്കിടെ തെളിയാത്ത ഭാഷ മുരളുന്ന തേനീച്ചക്കൂടാണ് ഇടശ്ശേരിക്കവിതയെന്നും, ‘ഞാൻ ഇങ്ങനെയേ പറയൂ; മനസ്സുണ്ടേൽ ഇട്ടംകൂടിയാൽ മതി’ എന്നാണ് ആ പൊന്നാനിക്കാരന്റെ മനോരാജ്യമെന്നുമുള്ള കാവ്യഭാഷാ പഠനത്തിലെ ‘കുന്തകവാക്യം’ കൂടി വായിച്ചറിയുമ്പോൾ ആദ്യത്തെ പ്രതികരണം ഏറെ സാധുവാകും.

എന്തൊക്കെ സാധുവായാലെന്ത്, അസാധുവായാലെന്ത്? വായനക്കാരന് വഴങ്ങുന്ന ഒരുപിടി കവിതകളുണ്ടല്ലോ – അതു മതി, ഇടശ്ശേരിക്കളത്തിൽ ഗോവിന്ദൻ നായരെ മലയാളത്തിന്റെ സ്വന്തം കാവ്യസിംഹാസനത്തിൽ ചിരപ്രതിഷ്ഠിതനാക്കാൻ! അല്ലെങ്കിൽ ഒരുപിടിയെന്തിന്? ആ പൂതപ്പാട്ടൊരെണ്ണം മതി, കവിക്ക് അമൃതനാകാൻ, അനശ്വരനാകാൻ!

# മരുന്ന് സംഭരണനയം



**കെ.കെ. രാമചന്ദ്രൻ മാസ്റ്റർ**
ആരോഗ്യമന്ത്രി

സർക്കാർ ആശുപത്രികളിലേക്കും മെഡിക്കൽ കോളേജുകളിലേക്കും ആവശ്യമായ മരുന്നുകൾ സമയബന്ധിതമായി, തടസ്സമില്ലാതെ സംഭരിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ അംഗീകരിച്ച പുതിയ മരുന്നുസംഭരണ നയം നടപടിക്രമങ്ങൾ സുതാര്യമാക്കാനും അഴിമതി തടയാനും സഹായകമായ നയരേഖയാണ്. സമഗ്രമായ ഒരു മരുന്ന് വാങ്ങൽനയം നിലവിൽ ഇല്ലാതിരുന്നത് കൊണ്ടാണ് ഇത്തരത്തിൽ ഒരു പുതിയ നയത്തിന് രൂപം നൽകാൻ തീരുമാനിച്ചത്. പ്രീ ക്വാളിഫിക്കേഷൻ ടെൻഡർ മുതൽ മരുന്ന് വാങ്ങൽ, സംഭരണം, വിതരണം എന്നിങ്ങനെ എല്ലാ ഘട്ടങ്ങളിലും ഗുണനിലവാര പരിശോധനയ്ക്ക് വ്യവസ്ഥ ഉള്ളതിനാൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള മരുന്നുകൾ യഥാസമയം ആശുപത്രികളിലെത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമതയോടെ നടപ്പാക്കാൻ ഈ സംവിധാനം ഉപകരിക്കും.

സർക്കാർ സ്ഥാപനങ്ങളിലേക്ക് സാധനങ്ങൾ വാങ്ങുമ്പോൾ നടപടിക്രമങ്ങൾ സുതാര്യമായിരിക്കണമെന്നും അഴിമതിയ്ക്കുള്ള പഴുതുകൾ അടയ്ക്കണമെന്നും സെൻട്രൽ വിജിലൻസ് കമ്മീഷന്റെ മാർഗരേഖയിൽ പറയുന്നുണ്ട്. ഈ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്താണ് പുതിയ മരുന്ന് വാങ്ങൽ നയത്തിന് രൂപം നൽകിയത്. നടപടിക്രമങ്ങൾ പൊതുജനങ്ങൾക്ക് കൂടി ബോധ്യപ്പെടുത്തിക്കൊടുക്കുന്നതുകൊണ്ട് മരുന്ന് സംഭരണത്തിൽ രാഷ്ട്രീയമായോ ഉദ്യോഗസ്ഥ തലത്തിലോ ബാഹ്യഇടപെടലുകൾക്കുള്ള സാധ്യത കുറവാണ്. മാത്രവുമല്ല പ്രാഥമികതലം മുതൽ മെഡിക്കൽ കോളേജുകൾ വരെ നാല് ഘട്ടങ്ങളായി തിരിച്ച് പ്രത്യേകം ഡ്രഗ് ഫോർമുലറിയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഓരോ ആശുപത്രിയിലും വരുന്ന ഇൻപേഷ്യന്റ്-ഔട്ട് പേഷ്യന്റ് നിരക്ക് കണക്കിലെടുത്ത് ആവശ്യമായ മരുന്നുകളുടെതോത് നിർണ്ണയിക്കാൻ പ്രത്യേകം കമ്മിറ്റികളെയും നിശ്ചയിച്ചിട്ടുണ്ട്.



സംസ്ഥാന ആരോഗ്യവകുപ്പ്, മെഡിക്കൽ എഡ്യുക്കേഷൻ വകുപ്പ്, ഫാർമസ്യൂട്ടിക്കൽ കോളേജുകൾ, ഫാർമസി കൗൺസിൽ, ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ അസോസിയേഷൻ എന്നിവയിലെ വിദഗ്ധർ, ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന പ്രഗത്ഭ വ്യക്തികൾ തുടങ്ങിയവരുമായി കൂടിയാലോചിച്ച ശേഷമാണ് നയം രൂപീകരിച്ചത്. ജനപ്രതിനിധികളുടെയും സാങ്കേതിക വിദഗ്ധരുടെയും പൊതുജനങ്ങളുടെയും അഭിപ്രായവും ഭേദഗതി നിർദ്ദേശങ്ങളും അറിയാനായി കരടു നയം പ്രസിദ്ധീകരിച്ച് ഇത് സംബന്ധിച്ച് ലഭിച്ച അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്താണ് നയത്തിന് അന്തിമരൂപം നൽകിയത്. 2005 ഏപ്രിൽ ആദ്യവാരം മുതൽ തന്നെ മരുന്ന് ലഭ്യമാകത്തക്ക വിധത്തിലാണ് നയം രൂപീകരിച്ചിട്ടുള്ളത്. നടപടിക്രമങ്ങളിലെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാനുള്ള വ്യവസ്ഥകൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ മൂന്ന് വർഷം കഴിയുമ്പോഴും നയം പുതുക്കുകയോ ആവശ്യമായ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതുമാണ്.

സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് 75% ഷെൽഫ് ലൈഫ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതുമൂലം പെട്ടെന്ന് കാലപ്പഴക്കം വരുന്ന മരുന്നുകൾ നൽകാൻ സപ്ലൈ ഏജൻസികൾക്ക് കഴിയില്ല. ഇക്കാരണത്താൽ തന്നെ സംഭരിച്ച മരുന്നുകൾ ഉപയോഗിക്കാതെ ഷെൽഫിലിരുന്ന് കാലപ്പഴക്കം കൊണ്ട് പാഴായിപോകാനും അതുവഴി വകുപ്പിന് നഷ്ടമുണ്ടാകാനുമുള്ള സാധ്യത തീരെയില്ല.

> ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ സപ്ലൈ ചെയ്യുന്ന മരുന്നുകമ്പനികളെ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യാൻ നയത്തിൽ വ്യവസ്ഥയുണ്ട്.

ചെറുകിട വ്യവസായസംരംഭങ്ങൾക്ക് പതിനഞ്ച് ശതമാനവും കേന്ദ്രസംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പത്ത് ശതമാനവും വിലയുടെ കാര്യത്തിൽ പരിഗണന നൽകും. കൂടിയ വിലയാണ് ടെൻഡറിൽ ക്വോട്ട് ചെയ്തിട്ടുള്ളതെങ്കിലും ഈ സ്ഥാപനങ്ങളെക്കൂടി നെഗോസിയേഷന് (വില സംബന്ധിച്ച അന്തിമ കൂടിയാലോചനയ്ക്ക്) വിളിക്കും.

മരുന്ന് നൽകുന്ന സ്ഥാപനങ്ങൾക്ക് വ്യവസ്ഥപ്രകാരമുള്ള മരുന്നുകൾ ഉത്പാദിപ്പിക്കാനുള്ള സാങ്കേതികമികവും ശേഷിയും ഉണ്ടോ, അവർ നൽകുന്ന മരുന്നുകൾ നിശ്ചിത ഗുണനിലവാരം

പുലർത്തുന്നുണ്ടോ എന്നും കുറ്റമറ്റ നിലയിൽ പരിശോധിക്കാൻ സെൻട്രൽ പർച്ചേസ് കമ്മിറ്റിക്ക് അധികാരമുള്ളതിനാൽ മികച്ച നിലവാരം ഇല്ലാത്ത മരുന്നുകൾ വാങ്ങേണ്ടിവരില്ല. ക്വട്ടേഷൻ നൽകുമ്പോൾ നടത്തുന്ന പരിശോധനയ്ക്ക് പുറമേ സപ്ലൈ ചെയ്യുമ്പോൾ വരെ ഇടയ്ക്കിടയ്ക്ക് പരിശോധന നടത്തി സപ്ലൈ ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രമേ വില നൽകുകയുള്ളു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ സപ്ലൈ ചെയ്യാൻ ആരും തന്നെ തയ്യാറാകില്ല. മത്സരാടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്യുന്ന കമ്പനികളുടെ ഉത്പാദനകേന്ദ്രം സന്ദർശിച്ച് യഥാർത്ഥത്തിൽ അവയ്ക്ക് നിർമ്മാണശേഷി ഉണ്ടോ എന്ന് പരിശോധിക്കാനും സി.പി.സി.ക്ക് അധികാരമുണ്ടായിരിക്കും. നിർമ്മാണശാല പരിശോധിക്കാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ പൊതുമേഖലാ സ്ഥാപനങ്ങളുമായി തന്ത്രപരമായ സഖ്യമുണ്ടാക്കി



മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ഓരോ കേന്ദ്രത്തിന്റെയും ആവശ്യം കമ്പ്യൂട്ടർ സംവിധാനം വഴി പൊതുമാനദണ്ഡപ്രകാരം തയ്യാറാക്കുകയാണ് ചെയ്യുന്നത്. ഏതെങ്കിലും കേന്ദ്രത്തിൽ അടിയന്തര സാഹചര്യം നേരിടേണ്ടി വരികയോ പ്രത്യേക ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ വേണ്ടിവരികയോ ചെയ്താൽ കേന്ദ്രസംവിധാനം വഴി അവിടെ ആവശ്യമായ മരുന്നെത്തിക്കാൻ കഴിയും. സംസ്ഥാന ഗവൺമെന്റിന്റെ സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ കർശനമായി പാലിക്കുക വഴി നടപടിക്രമങ്ങൾ കുറ്റമറ്റതാക്കാനും പ്രത്യേകം ശ്രദ്ധ നൽകിയിട്ടുണ്ട്. മരുന്നുവാങ്ങൽ സംബന്ധിച്ച എല്ലാ നടപടികളും കാര്യക്ഷമമായി നടത്തുന്നതിന് ഒരു പ്രൊക്യൂർമെന്റ് സെല്ലിനും നയത്തിൽ വ്യവസ്ഥയുണ്ട്. ഈ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് മൂലം മരുന്ന് സംഭരണം, വിതരണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യത്തിൽ പോളിസി വളരെ ഉപയോഗപ്രദമായിരിക്കുമെന്ന് കരുതുന്നു.

നയം അംഗീകരിച്ചതിന് ശേഷം വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നയത്തിന്റെ വിശദാംശങ്ങൾ വാർത്താമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ നയത്തെക്കുറിച്ച് ഒരു ആക്ഷേപവും ലഭി

> സപ്ലൈ ചെയ്യുന്ന മരുന്നുകൾക്ക് 75% ഷെൽഫ് ലൈഫ് ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതുമൂലം പെട്ടെന്ന് കാലപ്പഴക്കം വരുന്ന മരുന്നുകൾ നൽകാൻ സപ്ലൈ ഏജൻസികൾക്ക് കഴിയില്ല. ഇക്കാരണത്താൽ തന്നെ സംഭരിച്ച മരുന്നുകൾ ഉപയോഗിക്കാതെ ഷെൽഫിലിരുന്ന് കാലപ്പഴക്കം കൊണ്ട് പാഴായിപ്പോകാനും അതുവഴി വകുപ്പിന് നഷ്ടമുണ്ടാകാനുമുള്ള സാധ്യത തീരെയില്ല.

# സുതാര്യതയ്ക്കും അഴിമതി തടയാനും

സാമ്പത്തികലാഭം ഉണ്ടാക്കാൻ സ്വകാര്യകമ്പനികൾ മുതിരുകയില്ല. ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ സപ്ലൈ ചെയ്യുന്ന മരുന്നുകമ്പനികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനും നയത്തിൽ വ്യവസ്ഥയുണ്ട്. മരുന്നിന്റെ ആവശ്യകത തിട്ടപ്പെടുത്തുന്നത് മുതൽ സപ്ലൈ ഓർഡർ നൽകുന്നത് വരെയുള്ള ഓരോ പ്രവൃത്തിക്കും നിശ്ചിത തീയതികൾ നയത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മരുന്നുകളുടെ സംഭരണത്തിനും വിതരണത്തിനും കമ്പ്യൂട്ടർ അധിഷ്ഠിത ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതുമൂലം ഏതൊക്കെ കേന്ദ്രങ്ങളിൽ എത്രവീതം മരുന്നുകൾ സ്റ്റോക്കുണ്ടെന്നും ഏതൊക്കെ കേന്ദ്രങ്ങളിലാണ് സ്റ്റോക്ക് തീർന്നിട്ടുള്ളതെന്നും കണ്ടുപിടിക്കുകയും ആവശ്യമായ കേന്ദ്രങ്ങളിൽ മരുന്നെത്തിക്കുകയും ചെയ്യാം. അതുകൊണ്ട് മരുന്നുകളുടെ കാലാവധി തീരാൻ ഇട വരില്ല. പ്രാഥമികാരോഗ്യതലം

ക്കാത്തത് കൊണ്ട് തന്നെ നയം പൊതുവെ സ്വീകാര്യമായിട്ടുള്ളതാണ് എന്ന് മനസ്സിലാക്കാൻ കഴിയും.

സംസ്ഥാനത്തെ ആരോഗ്യമേഖലയുടെ, പ്രത്യേകിച്ച് സർക്കാരിന്റെ ആരോഗ്യ സേവന സംവിധാനത്തിന്റെ, പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ചില നടപടികളുടെ ആദ്യപടിയാണ് പുതിയ മരുന്ന് വാങ്ങൽനയം. ഇതോടൊപ്പം തന്നെ ഗ്രാമീണ മേഖലയിൽ ഡോക്ടർമാർ ഇല്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പുതുതായി എം.ബി.ബി.എസ്. പാസ്സായ 402 ഡോക്ടർമാരെ താത്കാലികമായി നിയമിക്കുകയും ചെയ്തു. ഇവർ ചുമതല ഏൽക്കുന്നതോടെ പ്രാഥമിക തലത്തിൽ മുടക്കംകൂടാതെ ഡോക്ടർമാരുടെ സേവനം ലഭ്യമാകും.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രികളിലും വേണ്ടത്ര ഡോക്ടർമാരും നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫും മരുന്നുകളും എത്തിയാൽ തന്നെ ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഇപ്പോൾ അനുഭവപ്പെടുന്ന രോഗികളുടെ തിരക്കിന് ഒരു പരിധിവരെ ശമനം ഉണ്ടാകും. വിദഗ്ധ ചികിത്സ ആവശ്യമില്ലാത്ത രോഗികൾക്ക് താഴെതലത്തിൽ തന്നെ ചികിത്സ നൽകാനും സുഖപ്പെടുത്താനും കഴിഞ്ഞാൽ നഗരത്തിലുള്ള വലിയ ആശുപത്രികളിൽ പോകേണ്ടി വരുന്നതു മൂലമുള്ള സാമ്പത്തികപ്രയാസങ്ങളും ബുദ്ധിമുട്ടുകളും ഒട്ടൊക്കെ ഒഴിവാക്കാനാകും.

ആരോഗ്യമേഖലയുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കിമാറ്റാനുള്ള സർക്കാരിന്റെ പരിശ്രമങ്ങൾക്ക് എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണയും പ്രോത്സാഹനവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

# സഹകരണ ദിനവും സഹകരണ വാരാഘോഷവും

**യു. വിക്രമൻ**

എല്ലാ വർഷവും അഖിലേന്ത്യാ സഹകരണവാരം നവംബർ 14 മുതൽ 20 വരെയുള്ള ദിവസങ്ങളിലാണ് ആചരിച്ചുവരുന്നത്. ദേശീയ സഹകരണ യൂണിയന്റെ ആഹ്വാനമനുസരിച്ച് ഇന്ത്യയിൽ സഹകരണവാരം ആഘോഷിക്കുന്നു. ഈ വാരാഘോഷത്തിനു പിന്നിൽ ഒരു വലിയ ചരിത്രമുണ്ട്. ഇന്ത്യയിൽ മാത്രമല്ല, സഹകരണ പ്രസ്ഥാനം നിലവിലുള്ള എല്ലാ രാഷ്ട്രങ്ങളിലും അന്താരാഷ്ട്ര സഹകരണ ദിനം ആഘോഷിക്കുക പതിവാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ലോകസംഘടനയായ അന്താരാഷ്ട്ര സഹകരണ സഖ്യത്തിന്റെ നിർദ്ദേശപ്രകാരമാണ് ഇങ്ങനെ ഒരു ദിനം ആചരിച്ചുവരുന്നത്.

എല്ലാ വർഷവും ജൂലൈ മാസത്തിലെ ആദ്യത്തെ ശനിയാഴ്ചയാണ് ഇതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ലോകത്തിലെ ആദ്യത്തെ വിജയകരമായ സഹകരണസംഘം ഇംഗ്ലണ്ടിലെ റോക്ഡയൽ മുന്നോടികൾ എന്നറിയപ്പെടുന്ന റോക്ഡയൽ ഇക്വറ്റബിൾ സംഘമാണ്. ആ സംഘത്തിന്റെ പിറന്നാൾ കൂടിയാണ് ഈ ദിനം. 1843-ൽ 28 നെയ്ത്തു തൊഴിലാളികൾ ചേർന്ന് സ്ഥാപിച്ച സംഘം ഇന്ന് വളരെ വിപുലമായ തോതിൽ ലോകശ്രദ്ധ ആകർഷിച്ചുകൊണ്ട് വിരാജിക്കുന്നു.

ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന സംഘവും ഇതുതന്നെയാണ്. സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭദിനസ്മരണ നിലനിർത്തുക എന്നതു കൂടിയാണ് ജൂലൈയിലെ ആദ്യ ശനിയാഴ്ചക്കുള്ള പ്രാധാന്യം. അന്താരാഷ്ട്ര സഹകരണ സഖ്യം മുൻകൈ എടുത്തത് അനുസരിച്ചാണ് 1922 മുതൽ സഹകരണദിനം ലോകമെങ്ങും ആചരിക്കാൻ തുടങ്ങിയത്. 1925-ൽ സഹകരണ പതാകയ്ക്ക്, സഖ്യം രൂപം കൊടുത്തതോടുകൂടി സഹകരണ ദിനാഘോഷം സാർവത്രികമായിത്തീർന്നു.

ഇന്ത്യൻസഹകരണ പ്രസ്ഥാനത്തിന്റെ ഒരു പ്രത്യേകത നമ്മുടെ ബഹുഭൂരിപക്ഷവും കാർഷിക സംഘങ്ങളാണ് എന്നതാണ്. ഇന്ത്യയിൽ ജൂലൈ മാസം മിക്കവാറും വർഷകാലവും കാർഷികവൃത്തിയുടെ തുടക്കവുമാണ്. കാർഷിക പ്രവർത്തനങ്ങളിൽ തിരക്കുള്ളപ്പോൾ ഉത്സവങ്ങളിൽ കൃഷിക്കാർക്ക് താത്പര്യം ഉണ്ടാകാൻ ഇടയില്ല. അതുകൊണ്ട് അന്താരാഷ്ട്ര സഹകരണസഖ്യം നിർദ്ദേശിച്ച സഹകരണദിനം ഈ മാസത്തിൽ ആഘോഷിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പ്രസ്ഥാനത്തിന്റെ സാരഥികൾ അന്താരാഷ്ട്ര സഖ്യത്തെ ബോധ്യപ്പെടുത്തി.

> സാമ്പത്തികാഭിവൃദ്ധി പുത്തൻ തലമുറയിലെ സഹകരണ സംഘങ്ങളിലൂടെ എന്നതാണ് ഇത്തവണത്തെ സഹകരണ വാരാഘോഷത്തിന്റെ പ്രധാന പ്രമേയം.

അങ്ങനെ അവരുടെ സമ്മതത്തോടുകൂടിയാണ് സൗകര്യപ്രദമായ മറ്റൊരു മാസത്തിൽ ഈ ദിനം കൊണ്ടാടാൻ തീരുമാനിച്ചത്. സാധാരണയായി കൊയ്ത്തു കാലമാണ് കൃഷിക്കാർ ഉത്സവകാലമായി സ്വീകരിച്ചുവരുന്നത്. അങ്ങനെ നവംബർ മാസത്തിലെ ആദ്യത്തെ ശനിയാഴ്ച ഈ ദിനം ഇന്ത്യയിൽ ആഘോഷിക്കാൻ തീർച്ചപ്പെടുത്തി. ഇന്ത്യയിലെ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ചയും വൈപുല്യവും കണക്കിലെടുത്ത് ഇത് ഒരു ഏകദിന പരിപാടിയിൽ മാത്രം ഒതുക്കി നിർത്തിയാൽ പോരെന്നും, അത് ഒരാഴ്ചക്കാലത്തെ വമ്പിച്ച ആഘോഷമായിരിക്കണമെന്നും ഇന്ത്യൻ സഹകാരികൾ വ്യക്തമാക്കി.

ഇങ്ങനെ നവംബർ മാസത്തിലെ ആദ്യത്തെ ശനിയാഴ്ച മുതൽ ഒരു വാരക്കാലമാണ് ആഘോഷപരിപാടികൾ നടത്തിവന്നത്. അമ്പതുകളുടെ ആരംഭത്തിൽ തന്നെ നാം തുടങ്ങിവച്ച പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി സഹകരണ പ്രസ്ഥാനത്തിന് ക്രമാതീതമായ വളർച്ച ഉണ്ടായി. അത്തരം വികസനങ്ങൾക്ക് ആക്കം കൂട്ടുമാറ് 1953 മുതൽ തുടർച്ചയായി എല്ലാവർഷവും ഇന്ത്യയിൽ സഹകരണ വാരം ആഘോഷിച്ചുവരുന്നു.

സഹകരണ പ്രസ്ഥാനത്തിൽ അടിയുറച്ച വിശ്വാസമുള്ള നമ്മുടെ രാഷ്ട്രശിൽപിയും മുൻപ്രധാനമന്ത്രിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം ഈ വാരാഘോഷ വേളയിൽ ഇടകലർന്നുവരിക പതിവായിരുന്നു. നെഹ്റുവിന്റെ ജന്മദിനമായ നവംബർ 14-നു ഇന്ത്യയൊട്ടുക്കും ശിശുദിനമായി ആഘോഷിച്ചുവരുന്നുണ്ടല്ലോ. അതുകൊണ്ട് നവംബർ 14 മുതൽ 20 വരെ സഹകരണവാരമായി ആഘോഷിക്കുന്നതായിരിക്കും കൂടുതൽ ഉചിതമെന്ന് ദേശീയ സഹകരണ യൂണിയൻ പിന്നീട് നിശ്ചയിച്ചു. അങ്ങനെ 1972 മുതൽ, നവംബർ 14 മുതൽ ഒരാഴ്ചക്കാലം നാം സഹകരണവാരമായി നാടൊട്ടുക്കും ആഘോഷിച്ചുവരുന്നു.

സഹകരണത്തിന്റെ സന്ദേശം ബഹുജനസമക്ഷം എത്തിക്കുക എന്നതാണ് സഹകരണവാരാഘോഷത്തിന്റെ കാതലായ ലക്ഷ്യം. അതുകൊണ്ട് തീവ്രമായ സഹകരണ പ്രചരണമാണ് വാരാഘോഷം കൊണ്ട് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ എല്ലാ പ്രശ്നങ്ങളും സഹകരണനീതിയുടെയും സഹകരണതത്ത്വങ്ങളുടെയും വെളിച്ചത്തിൽ പരിഹരിക്കാൻ കഴിയുമെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ ഈവാരക്കാലം സഹായിക്കുന്നു. സഹകരണ പ്രസ്ഥാനത്തിൽ സഹകാരികൾക്കുള്ള കൂറും വിശ്വാസവും ആവർത്തിച്ചു പ്രഖ്യാപിക്കാനുള്ള ഒരു സന്ദർഭം കൂടിയാണിത്. സഹകരണ പ്രസ്ഥാനത്തിന്റെ നേട്ടങ്ങൾ വിലയിരുത്താനും കോട്ടങ്ങൾ കണ്ടുപിടിച്ച് പരിഹാരം തേടാനും ഈ വാരാചരണം പ്രയോജനപ്പെടും.

അന്താരാഷ്ട്ര നിലവാരത്തി

ലുള്ള ഒരു പ്രസ്ഥാനമാണ് സഹകരണം. സഹകരണത്തിന്റെ ലോകസംഘടനയായ അന്താരാഷ്ട്ര സഹകരണസഖ്യമാണ് ഈ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്നതും നയിക്കുന്നതും. 1895-ൽ ലണ്ടൻ ആസ്ഥാനമാക്കി രൂപീകരിച്ച ഈ സംഘടന ഇന്ന് നിലവിലുള്ള ഏറ്റവും പഴക്കം ചെന്ന ലോകസംഘടനകളിൽ ഒന്നാണ്. ആ വിധത്തിൽ ഐക്യരാഷ്ട്ര സംഘടനയെക്കാളും പഴക്കം ഇതിന് അവകാശപ്പെടാം. ജനീവയാണ് ഈ സംഘടനയുടെ ഇപ്പോഴത്തെ ആസ്ഥാനം.

ലോകത്തിലെ എഴുപതു രാഷ്ട്രങ്ങളിൽ നിന്നായി 160-ൽപരം ദേശീയ സഹകരണ ഫെഡറേഷനുകൾ അന്താരാഷ്ട്ര സഹകരണ സഖ്യത്തിൽ അംഗങ്ങളാണ്. ഈ സഹകരണസ്ഥാപനങ്ങളിൽ എല്ലാം കൂടി എൺപതു കോടിയിൽ അധികം അംഗങ്ങൾ ഉണ്ടെന്നാണ് കണക്ക്. ലോകമെമ്പാടും സഹകരണ പ്രസ്ഥാനം പടർന്നു പന്തലിച്ച് നിൽക്കുന്നു എന്നതിന് പ്രത്യക്ഷ തെളിവാണിത്. ഇന്ന് സാർവത്രികമായി അംഗീകരിച്ചുവരുന്ന സഹകരണതത്ത്വങ്ങൾക്ക് രൂപം കൊടുത്തതും അന്താരാഷ്ട്ര സഹകരണ സഖ്യം തന്നെയാണ്. സംഘടിതവും സുശക്തവുമായ സഹകരണ പ്രസ്ഥാനമാണ് കാലഘട്ടത്തിന്റെ ആവശ്യം. അതിനുവേണ്ടി സഹകരണ പ്രസ്ഥാനത്തെ ബഹുജനങ്ങളിലേക്ക് അടുപ്പിക്കാൻ ഈ വാരാഘോഷ പരിപാടികൾ സഹായിക്കും.

സഹകരണ വാരാഘോഷങ്ങൾ നവംബർ 14-നു രാവിലെ പതാക വന്ദനത്തോടുകൂടെ ആരംഭിക്കും. സഹകരണസഖ്യം നിർദ്ദേശിച്ചിട്ടുള്ള സപ്തവർണ്ണാങ്കിതമായ സഹകരണ പതാകയാണ് ഈ സന്ദർഭത്തിൽ ഉയർത്തുക. സഹകരണ വാരാഘോഷക്കാലത്ത് രാജ്യത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളും അലങ്കരിച്ച് സഹകരണപതാക ഉയർത്തും. പ്രതിജ്ഞാവാചകം ചൊല്ലുകയും ചെയ്യും.

'സാമ്പത്തികാഭിവൃദ്ധി പുത്തൻ തലമുറയിലെ സഹകരണ സംഘങ്ങളിലൂടെ' എന്നതാണ് ഇത്തവണത്തെ സഹകരണ വാരാഘോഷത്തിന്റെ പ്രമേയം. സഹകരണ വാരാഘോഷം നമ്മുടെ സഹകരണ സംഘങ്ങളിൽ ഒരു പുത്തൻ ഉണർവ് ഉണ്ടാക്കാനും സഹകരണ തത്ത്വങ്ങളെയും പ്രയോഗത്തെയും കുറിച്ച് ജനശ്രദ്ധ പിടിച്ചുപറ്റാനും ഉപകരിക്കണം.

സഹകരണമേഖല ചെയ്തുകൊണ്ടിരിക്കുന്ന ബഹുമുഖ പരിപാടികൾ സാധാരണക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് വളരെയേറെ സഹായിച്ചിട്ടുണ്ട്. സോഷ്യലിസത്തിലേക്കുള്ള നമ്മുടെ മഹത്തായ പ്രയാണത്തിൽ സഹകരണ പ്രസ്ഥാനത്തിന് അമൂല്യ സംഭാവനകൾ നൽകാൻ കഴിയും. ആ വിധത്തിലുള്ള ഒരു പ്രചാരണ വേളയായി വാരാചരണം മാറേണ്ടതുണ്ട്. സഹകരണ പ്രസ്ഥാനത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനും, കൂടുതൽ സുശക്തമാക്കാനും വാരാഘോഷ പരിപാടികൾ ഉതകട്ടെ. ●

(ലേഖകൻ സഹകരണവകുപ്പിലെ എഡിറ്റർ -കം-പ്രസ് റിലേഷൻസ് ഓഫീസറാണ്.)



# ഹോർത്തൂസ് മലബാറിക്കൂസും ചരിത്രവഴികളും

**പശ്ചിമഘട്ടനിരകളിലെയും നാട്ടിൻപുറങ്ങളിലെയും സസ്യങ്ങൾക്ക് ആധികാരികമായ ശാസ്ത്രീയനിർവചനം നൽകിയ, വൈജ്ഞാനിക മേഖലയിലെ വഴികാട്ടി, ‘ഹോർത്തൂസ് മലബാറിക്കൂസി’ന്റെ രചനയ്ക്ക് പിന്നിൽ...**

എം.എസ്. പ്രിയമോൾ

കേരളത്തിന്റെ വൈജ്ഞാനിക-ഗവേഷകമണ്ഡലങ്ങളിൽ എന്നും ശ്രദ്ധേയമായ ചരിത്രവഴികളാണ് ‘ഹോർത്തൂസ് ഇൻഡിക്കൂസ് മലബാറിക്കൂസി’ന്റെ രചനക്ക് പിന്നിലുള്ളത്. ജൈവ വൈവിധ്യം കൊണ്ട് സമ്പന്നമായ പശ്ചിമഘട്ട നിരകളിലെയും നാട്ടിൻപുറങ്ങളിലെയും വിവിധയിനം സസ്യങ്ങൾക്ക് ആധികാരികവും ശാസ്ത്രീയവുമായ നിർവചനം നൽകുകയെന്ന ദൗത്യമാണ് ഈ പുസ്തകത്തിലൂടെ നിർവഹിച്ചിരിക്കുന്നത്. വനസസ്യങ്ങളെക്കുറിച്ചും ഔഷധസസ്യങ്ങളെക്കുറിച്ചും വളരെ വിശദമായിത്തന്നെ പ്രതിപാദ്യമുണ്ട്. വിവിധ വാല്യങ്ങളിലായി പ്രസിദ്ധീകരിച്ച ഹോർത്തൂസ് മലബാറിക്കൂസ് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ സസ്യവൈവിധ്യത്തെയും അതിന്റെ ഗുണഗണങ്ങളെയുമാണ് ഏറിയകൂറും ക്രോഡീകരിച്ചിരിക്കുന്നത്. ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയിലെ ഉദ്യോഗസ്ഥൻ, വാൻറീഡ് എന്ന നെതർലാന്റുകാരനായിരുന്നു ഈ അപൂർവ ഉദ്യമത്തിന്റെ പ്രചോദകൻ.

കൊച്ചിയിലെ ഡച്ച് കോട്ടയിൽ 1673 മുതൽ 1677 വരെ ഗവർണ്ണറായിരുന്ന വാൻറീഡിന്റെ കർത്തൃത്വത്തിലാണ് ഹോർത്തൂസ് മലബാറിക്കൂസ് മുദ്രണം ചെയ്ത് 1678 മുതൽ 1693 വരെ പ്രസിദ്ധീകരിച്ചത്. ഹോർത്തൂസ് മലബാറിക്കൂസിന്റെ മൂലഗ്രന്ഥമായ ചൊൽക്കട്ടപുസ്തകത്തിന്റെ രചയിതാവ് ഇട്ടി അച്യുതൻ വൈദ്യർക്കായിരുന്നു മൊഴിമാറ്റത്തിന്റെ ചുമതല. ഒപ്പം ലാറ്റിൻ, പോർട്ടുഗീസ് ഭാഷകളിലേക്കും പ്രസ്തുത പുസ്തകം മൊഴിമാറ്റം ചെയ്തിട്ടുണ്ട്. സസ്യശാസ്ത്രജ്ഞന്മാർ, സസ്യശേഖരണക്കാർ, ചിത്രകാരന്മാർ, ചെമ്പുതകിടിൽ അച്ചുകൾ കൊത്തിയെടുത്തവർ, തർജ്ജമക്കാർ, പരിശോധകന്മാർ എന്നിങ്ങനെ അനവധി മേഖലകളിലുള്ള ആൾക്കാരുടെ ശ്രമഫലമായാണ് ഹോർത്തൂസ് ജന്മമെടുക്കുന്നത്.



‘ഹോർത്തൂസ് ഇൻഡിക്കൂസ് മലബാറിക്കൂസി’ന്റെ നിർമ്മാണത്തിനുവേണ്ടി അക്ഷീണം പ്രയത്നിച്ച വാൻറീഡ് 1636-ൽ നെതർലാന്റിലെ ഡ്രാക്സ്റ്റയിൽ കാസിൽ എന്ന സ്ഥലത്താണ് ജനിച്ചത്. സമുദ്രസഞ്ചാരത്തിൽ അതീവ തത്പരനായിരുന്നു. 14-ാം വയസ്സു മുതൽ കപ്പൽ യാത്ര തുടങ്ങിയ റീഡ്, ഒടുവിൽ 20-ാമത്തെ വയസ്സിൽ ഡച്ച് ഈസ്റ്റിന്ത്യാ കമ്പനിയിൽ പട്ടാള ഗുമസ്തനായി മലബാർ തീരത്ത് വന്നിറങ്ങി. 1663 ഡച്ചുകാർ, കൊച്ചിക്കോട്ട പിടിച്ചെടുക്കുന്നതിലേക്കായി പോർട്ടുഗീസുകാരുമായി യുദ്ധം ചെയ്തു. ഈ സമയം മട്ടാഞ്ചേരി കൊട്ടാരത്തിലിരുന്ന് യുദ്ധം നിരീക്ഷിച്ച വന്ദ്യവയോധികയായ മഹാറാണി ഗംഗാധരലക്ഷ്മിയെ ധീരസാഹസിക നീക്കത്തിലൂടെ വാൻറീഡ് തടവുകാരിയായി പിടിച്ചു. മാത്രമല്ല മൂത്ത തായ്‌വഴി തമ്പുരാന് രാജ്യാധികാരം കൊടുക്കുന്നതിന് സമ്മതമാണെന്ന് എഴുതി വാങ്ങിക്കുകയും ചെയ്തു. വാൻറീഡിന്റെ ഈ പ്രവൃത്തിയിൽ സംതൃപ്തനായ സർവസൈന്യാധിപൻ, വാൻഗനസ് അദ്ദേഹത്തെ ക്യാപ്റ്റൻ പദവിയിലേക്ക് ഉയർത്തുകയും ചെയ്തു. സ്വപ്രയത്നവും കുശാഗ്രബുദ്ധിയും കഠിനാധ്വാനവുംകൊണ്ട് പടിപടിയായുയർന്ന വാൻറീഡ് 1673-ൽ കൊച്ചിയിലെ ഗവർണ്ണറായി നിയമിതനായി. പിന്നീട് ഗവർണ്ണർ ജനറലായിരിക്കെ 1691-ൽ സിലോണിൽ നിന്ന് സൂററ്റിലേക്കുള്ള കപ്പൽയാത്രയിൽ അദ്ദേഹം അന്തരിച്ചു. വാൻറീഡിന്റെ സ്മരണാർത്ഥം നിർമ്മിച്ച കുടീരം ഇന്നും ഗുജറാത്തിലെ സൂററ്റിൽ നമുക്ക് കാണാൻ കഴിയും.

ഹോർത്തൂസ് മലബാറിക്കൂസിന്റെ

## ആദ്യമലയാളം

ആദ്യമായി മലയാളം ലിപി അച്ചടിച്ചത് ഹോർത്തൂസ് മലബാറിക്കൂസിലാണ്. ലാറ്റിൻ ഭാഷയ്ക്കു പുറമെ അറബി, കൊങ്കണി എന്നീ ഭാഷകളും ഇതിൽ ഉപയോഗിച്ചിട്ടുണ്ട്. കേരളത്തിലെ സസ്യങ്ങളെ ശാസ്ത്രീയ രീതിയിൽ വിവരിക്കുന്ന ഈ ഗ്രന്ഥം നൂറിലേറെ പേജുകൾ വീതമുള്ള 12 വാല്യങ്ങളായാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആദ്യവാല്യത്തിൽ ഒന്നാമതായി വിവരിച്ചിട്ടുള്ളത് തെങ്ങിനെപ്പറ്റിയാണ്. ഡച്ചുകാരുടെ വരവുകൊണ്ടു കേരളത്തിനു ലഭിച്ച മഹത്തായ സംഭാവനയാണിത്. ഹെൻറിക് വാൻറീഡ് എന്ന ഡച്ച് ഉദ്യോഗസ്ഥനാണ് ഇതിന്റെ ജനറൽ എഡിറ്റർ.

രചനയിൽ നിരവധിപേർ വാൻറീഡിനെ സഹായിച്ചിരുന്നുവെന്ന് പറഞ്ഞുവല്ലോ. മൂലഗ്രന്ഥകർത്താവായ ഇട്ടി അച്യുതനെകൂടാതെ മാത്യൂസ് പാതിരി, രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട്, കൊച്ചി രാജാവ് വീരകേരളവർമ്മ, ഇമ്മാനുവൽ കർണേരു, ക്രിസ്ത്യൻ ഹെർമാൻ ഡിഡോണപ്പ് എന്നിവർ അവരിൽ പ്രമുഖരാണ്.

കൊച്ചി-മലബാറുകാരായ ഈ സുപ്രധാന വ്യക്തികളെക്കുറിച്ച് വളരെ പരിമിതമായ വിവരങ്ങളേ ഹോർത്തൂസിൽ രേഖപ്പെടുത്തിയിട്ടുള്ളു. സഹായികളായി വർത്തിച്ച വാൻറീഡിന്റെ യൂറോപ്യൻ സുഹൃത്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും അവയെല്ലാം അവ്യക്തമാണ്. മലബാറിൽ വരുകയോ ഹോർത്തൂസിന്റെ രചനയിൽ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യാതെ നിർദ്ദേശാഭിപ്രായങ്ങൾ നൽകി വാൻറീഡിനെ സഹായിച്ച നിരവധി പാശ്ചാത്യശാസ്ത്ര പണ്ഡിതരുണ്ട്. ജോൺസൺ എബ് അൽമി, ജെ. കോമലിൻ, ജോൺ കസേറിയോസ്, യോഹാൻ മുന്നിക്സ്, എബ്രഹാം, എ.പുട്ട്, വിൽഹെം ടെൻറൈൻ എന്നീ ശാസ്ത്രജ്ഞന്മാർ അവരിൽ പ്രധാനികളാണ്. അയച്ച് കൊടുത്ത കയ്യെഴുത്ത് പ്രതികൾ, ചിത്രങ്ങൾ തുടങ്ങിയവ പരിശോധിച്ചും, വേണ്ടവിധം രൂപകൽപനചെയ്തു പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ സഹായിച്ചു. ഇത് രചനയുടെ നിലവാരം വർദ്ധിപ്പിച്ചു.

ഹോർത്തൂസ് മലബാറിക്കൂസിന്റെ മൂന്നാം ഭാഗം സമർപ്പിച്ചിരിക്കുന്നത് 1663 മുതൽ 1687 വരെ കൊച്ചി രാജാവായിരുന്ന വീരകേരള വർമ്മക്കാണ്. ഇങ്ങനെയൊരു ഗ്രന്ഥനിർമ്മാണത്തിന് വാൻറീഡ് കോപ്പു കൂട്ടിയപ്പോൾ, ഇട്ടി അച്യുതൻ എന്ന പ്രശസ്തനായ നാട്ടുവൈദ്യനെ ഇതിന്റെ സഹരചനക്കായി നിർദ്ദേശിച്ചതും കേരളവർമ്മയായിരുന്നു. വീരകേരള വർമ്മ ഹോർത്തൂസ് മലബാറിക്കൂസിന്റെ നിർമ്മിതിക്കാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു എന്നല്ലാതെ, ഇതിന്റെ രചനയുമായി നേരിട്ട് അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നില്ല. എന്തുതന്നെയാകിലും ചരിത്രത്തിന്റെ ഏടുകളിൽ നിറഞ്ഞ് നിൽക്കുന്ന, അന്വേഷണ കുതുകികൾക്കെന്നും വഴികാട്ടിയായ ഈ ഗ്രന്ഥം വരുംകാലങ്ങളിലും വൈജ്ഞാനിക മേഖലയിൽ പുത്തനുണർവ്വ് നൽകുമെന്നതിൽ സംശയമില്ല. ●





# അഷ്ടനാഗങ്ങളേ അണിഞ്ഞൊരുങ്ങൂ

രാജാ വാര്യർ

**തറവാട്ടുമുറ്റത്ത് വർഷാവർഷം നിലവിളക്കിനു മുന്നിലെ പുള്ളുവന്റെ വീണയുടെയും പുള്ളുവത്തിയുടെ കുടത്തിന്റെയും തേങ്ങലിലൂടെ നാം സംരക്ഷിച്ചിരുന്നത് ഇത്തിരിവട്ടത്തിലെ പൂജാകേന്ദ്രത്തെയോ മൺപുറ്റുകളെയോ അല്ല, പ്രകൃതിയെത്തന്നെയായിരുന്നു.**

കതിരവനുണരുംമുമ്പേ കൽപക മുല്ലപ്പന്തൽ ഒരുക്കി, ചാണകത്താൽ വെടിപ്പാക്കി, തെളുതെളെ തിളങ്ങും വിളക്കിൽ നറുനെയ് നിറച്ച്, അലക്കിയ ചീല ചീന്തി അഴകിയ തിരിയുമിട്ട് അവൾ ദീപം തെളിച്ചത് ആർക്കുവേണ്ടി? മറ്റാർക്കുമല്ല, മണ്ണിന്റെ അധിദേവകൾക്ക്; നാഗദൈവങ്ങൾക്ക്. ഐശ്വര്യത്തെ ആവാഹിക്കാൻ വേണ്ടിയാണിത്. ഉർവരതയുടെ ആരാധനയാണിത്.

വൃക്ഷാരാധനയിൽ നിന്നാണ് ഇതിന്റെ തുടക്കം. പ്രാചീനകാലം മുതൽക്കേ കേരളത്തിൽ വൃക്ഷാരാധനയ്ക്ക് പ്രാമുഖ്യമുണ്ട്. വൃക്ഷലതാദികളുടെ പച്ചപ്പ് ദേവതകളുടെ സങ്കേതമായി നാം കരുതിപ്പോരുന്നു. കാവുകളെ നാം സംരക്ഷിക്കുന്നു; കാത്തുസൂക്ഷിക്കുന്നു. ആരാധനാകേന്ദ്രമായ കാവുകളിൽ സർപ്പങ്ങളെ കുടിയിരുത്തും. അവയ്ക്ക് നൂറും

രചനയിൽ നിരവധിപേർ വാൻറീഡിനെ സഹായിച്ചിരുന്നുവെന്ന് പറഞ്ഞുവല്ലോ. മൂലഗ്രന്ഥകർത്താവായ ഇട്ടി അച്യുതനെകൂടാതെ മാത്യൂസ് പാതിരി, രംഗഭട്ട്, വിനായക പണ്ഡിറ്റ്, അപ്പുഭട്ട്, കൊച്ചി രാജാവ് വീരകേരളവർമ്മ, ഇമ്മാനുവൽ കർണേരു, ക്രിസ്ത്യൻ ഹെർമാൻ ഡിഡോണപ്പ് എന്നിവർ അവരിൽ പ്രമുഖരാണ്.

കൊച്ചി-മലബാറുകാരായ ഈ സുപ്രധാന വ്യക്തികളെക്കുറിച്ച് വളരെ പരിമിതമായ വിവരങ്ങളേ ഹോർത്തൂസിൽ രേഖപ്പെടുത്തിയിട്ടുള്ളു. സഹായികളായി വർത്തിച്ച വാൻറീഡിന്റെ യൂറോപ്യൻ സുഹൃത്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും അവയെല്ലാം അവ്യക്തമാണ്. മലബാറിൽ വരുകയോ ഹോർത്തൂസിന്റെ രചനയിൽ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യാതെ നിർദ്ദേശാഭിപ്രായങ്ങൾ നൽകി വാൻറീഡിനെ സഹായിച്ച നിരവധി പാശ്ചാത്യശാസ്ത്ര പണ്ഡിതരുണ്ട്. ജോൺസൺ എബ് അൽമി, ജെ. കോമലിൻ, ജോൺ കസേറിയോസ്, യോഹാൻ മുന്നിക്സ്, എബ്രഹാം, എ.പുട്ട്, വിൽഹെം ടെൻറൈൻ എന്നീ ശാസ്ത്രജ്ഞന്മാർ അവരിൽ പ്രധാനികളാണ്. അയച്ച് കൊടുത്ത കയ്യെഴുത്ത് പ്രതികൾ, ചിത്രങ്ങൾ തുടങ്ങിയവ പരിശോധിച്ചും, വേണ്ടവിധം രൂപകൽപനചെയ്തു പാശ്ചാത്യ ശാസ്ത്രജ്ഞന്മാർ സഹായിച്ചു. ഇത് രചനയുടെ നിലവാരം വർദ്ധിപ്പിച്ചു.

ഹോർത്തൂസ് മലബാറിക്കൂസിന്റെ മൂന്നാം ഭാഗം സമർപ്പിച്ചിരിക്കുന്നത് 1663 മുതൽ 1687 വരെ കൊച്ചി രാജാവായിരുന്ന വീരകേരള വർമ്മക്കാണ്. ഇങ്ങനെയൊരു ഗ്രന്ഥനിർമ്മാണത്തിന് വാൻറീഡ് കോപ്പു കൂട്ടിയപ്പോൾ, ഇട്ടി അച്യുതൻ എന്ന പ്രശസ്തനായ നാട്ടുവൈദ്യനെ ഇതിന്റെ സഹരചനക്കായി നിർദ്ദേശിച്ചതും കേരളവർമ്മയായിരുന്നു. വീരകേരള വർമ്മ ഹോർത്തൂസ് മലബാറിക്കൂസിന്റെ നിർമ്മിതിക്കാവശ്യമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുത്തു എന്നല്ലാതെ, ഇതിന്റെ രചനയുമായി നേരിട്ട് അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നില്ല. എന്തുതന്നെയാകിലും ചരിത്രത്തിന്റെ ഏടുകളിൽ നിറഞ്ഞ് നിൽക്കുന്ന, അന്വേഷണ കുതുകികൾക്കെന്നും വഴികാട്ടിയായ ഈ ഗ്രന്ഥം വരുംകാലങ്ങളിലും വൈജ്ഞാനിക മേഖലയിൽ പുത്തനുണർവ്വ് നൽകുമെന്നതിൽ സംശയമില്ല. ●





# അഷ്ടനാഗങ്ങളേ അണിഞ്ഞൊരുങ്ങൂ

രാജാ വാര്യർ

**തറവാട്ടുമുറ്റത്ത് വർഷാവർഷം നിലവിളക്കിനു മുന്നിലെ പുള്ളുവന്റെ വീണയുടെയും പുള്ളുവത്തിയുടെ കുടത്തിന്റെയും തേങ്ങലിലൂടെ നാം സംരക്ഷിച്ചിരുന്നത് ഇത്തിരിവട്ടത്തിലെ പൂജാകേന്ദ്രത്തെയോ മൺപുറ്റുകളെയോ അല്ല, പ്രകൃതിയെത്തന്നെയായിരുന്നു.**

കതിരവനുണരുംമുമ്പേ കൽപക മുല്ലപ്പന്തൽ ഒരുക്കി, ചാണകത്താൽ വെടിപ്പാക്കി, തെളുതെളെ തിളങ്ങും വിളക്കിൽ നറുനെയ് നിറച്ച്, അലക്കിയ ചീല ചീന്തി അഴകിയ തിരിയുമിട്ട് അവൾ ദീപം തെളിച്ചത് ആർക്കുവേണ്ടി? മറ്റാർക്കുമല്ല, മണ്ണിന്റെ അധിദേവകൾക്ക്; നാഗദൈവങ്ങൾക്ക്. ഐശ്വര്യത്തെ ആവാഹിക്കാൻ വേണ്ടിയാണിത്. ഉർവരതയുടെ ആരാധനയാണിത്.

വൃക്ഷാരാധനയിൽ നിന്നാണ് ഇതിന്റെ തുടക്കം. പ്രാചീനകാലം മുതൽക്കേ കേരളത്തിൽ വൃക്ഷാരാധനയ്ക്ക് പ്രാമുഖ്യമുണ്ട്. വൃക്ഷലതാദികളുടെ പച്ചപ്പ് ദേവതകളുടെ സങ്കേതമായി നാം കരുതിപ്പോരുന്നു. കാവുകളെ നാം സംരക്ഷിക്കുന്നു; കാത്തുസൂക്ഷിക്കുന്നു. ആരാധനാകേന്ദ്രമായ കാവുകളിൽ സർപ്പങ്ങളെ കുടിയിരുത്തും. അവയ്ക്ക് നൂറും

പാലും അർപ്പിക്കും. അനുഷ്ഠാനപരമായ ബലികർമ്മങ്ങളും, കാവുപാട്ടുകളും കൊണ്ടാടും. പഞ്ചവർണ്ണപ്പൊടികൾകൊണ്ട് കളമെഴുതുന്നു; കളം മായ്ക്കുന്നു. കലി കയറിത്തുള്ളുന്ന കുറവൻ കോഴിയുടെ തലയറുത്ത് ചുടുരക്തം കുടിക്കുകയും ചൂരൽക്കാട്ടിൽ ചെന്ന് ചൂരൽ വേരോടെ പറിച്ചുകൊണ്ടുവരികയും തീയിൽ ചാടുകയും വരെ ചെയ്യുന്നു.

തറവാട്ടുമുറ്റത്ത് വർഷാവർഷം നിലവിളക്കിനുമുന്നിലെ പുള്ളുവന്റെ വീണയുടെയും പുള്ളുവത്തിയുടെ കുടത്തിന്റെയും തേങ്ങലിലൂടെ കാത്തുസൂക്ഷിക്കുന്നത് പ്രകൃതിയെയാണ്; മണ്ണിനെയാണ്; മണ്ണിലടങ്ങിയ നിധിയെയാണ്. ഈ ദേവതകൾക്കായി 'o' വട്ടത്തിലുള്ളൊരു പൂജാകേന്ദ്രമോ മൺപുറ്റുകളോ മാത്രമല്ല, തറവാടുകളോട് ചേർന്ന് സർപ്പക്കാവുകളും അതിനുള്ളിൽ സ്ഥാപിച്ച ചിത്രകൂടവുമു



ണ്ട്. കാവുകൾക്കുള്ളിലെ കട്ട പിടിച്ച ഇരുട്ടിൽ ദേവതകൾക്ക് നൂറുംപാലുമായി കടന്നുചെല്ലുന്ന വിശ്വാസി അവിടത്തെ കരിയിലകൾ മൂടിയ വഴിയിടങ്ങളിലെ ഒറ്റപ്പെട്ട ശബ്ദങ്ങളിലോ മരങ്ങളുടെ മർമ്മരങ്ങളിലോ ഭയപ്പെടുന്നേയില്ല. അവിശ്വാസങ്ങളുടെ മാമൂലുകളിൽ കുടുങ്ങിയവരല്ല ഇവിടെ കടന്നുചെല്ലുന്നത്. അവർ പ്രകൃതിയുമായി നേരിട്ട് ഇടപഴകുന്നവരാണ്; പ്രകൃതിയുടെ സംരക്ഷകരാണ്; പ്രകൃതി തന്നെയാണ്.

സർപ്പങ്ങളെ പ്രതിഷ്ഠിച്ചാരാധിക്കുന്ന സമ്പ്രദായം കേരളത്തിൽ പണ്ടു മുതലേ നിലവിലുണ്ട്. ഓരോ ഗ്രാമത്തിന്റെയും ഐശ്വര്യം പരദേവതകളിൽ കുടികൊള്ളുന്നുവെന്ന് കേരളീയർ കരുതിപ്പോരുന്നു. ഉർവരതയുടെ പ്രതീകങ്ങളത്രെ നാഗവും കാളിയും. പുള്ളുവനാണ് നാഗപൂജയുമായി ബന്ധപ്പെട്ട കർമ്മികൾ. അനന്തൻ, കാളിയൻ, തക്ഷകൻ, പദ്മൻ, മഹാപദ്മൻ, വാസുകി, ശംഖപാലർ, കാർക്കോടകൻ എന്നീ എട്ടുനാഗങ്ങളെയും ആവാഹിച്ചുകൊണ്ട് നാഗക്കളം പാട്ടുപാടുന്നു. നാഗാരാധനയുടെ പ്രധാന ചടങ്ങാണ് നാഗക്കളം പാട്ട്. നാഗങ്ങളുടെ ഐശ്വര്യം നേടിയിട്ടുള്ളവരത്രെ പുള്ളുവസ്ത്രീകൾ. പാട്ടിനായി പുള്ളുവൻ പുള്ളുവവീണയും പുള്ളുവസ്ത്രീ പുള്ളുവക്കുടവും ഉപയോഗിക്കുന്നു. ഇവ വായിച്ചുകൊണ്ട് പുള്ളുവനും പുള്ളുവത്തിയും സർപ്പസ്തുതികൾ പാടും. സർപ്പകോപം ഇല്ലാതാക്കി ഐശ്വര്യവും സന്താനസൗഖ്യവും കൈവരിക്കുന്നതിനാ

> 'കാവുതീണ്ടിയാൽ കുളം വറ്റും' എന്ന പഴമൊഴിയിൽ അടങ്ങിയിരിക്കുന്നത് ഒരു വലിയ പ്രപഞ്ചസത്യമാണ്. പ്രകൃതിയുടെ സന്തുലിതാവസ്ഥയെ കാത്തുസൂക്ഷിക്കാൻ മറക്കരുതെന്നുള്ള മുന്നറിയിപ്പാണത്.

ണത്രെ സർപ്പംപാട്ടും കളമെഴുത്തും നടത്താറുള്ളത്.

"ജലചന്ദനാദി കുസുമാദി ധൂപദീപം

പഞ്ചാർച്ചനങ്ങൾ വിരവോടു കഴിക്കെന്നായ്

അഷ്ടാദിനാഗം അവർക്കമ്പോടുനേദ്യമാകിൽ

ഇഷ്ടത്തിൽ വന്നു അവരങ്ങനെ തൃപ്തി നൽകും."

'കാവുതീണ്ടിയാൽ കുളം വറ്റും' എന്ന പഴമൊഴിയിൽ അടങ്ങിയിരിക്കുന്നത് ഒരു വലിയ പ്രപഞ്ചസത്യം തന്നെയാണ്. പ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥയെ കാത്തുസൂക്ഷിക്കാൻ മറക്കരുതെന്നുള്ള ഒരു മുന്നറിയിപ്പാണത്. അത് ഭദ്രമായി പ്രാവർത്തികമാക്കാൻ ഭയത്തിൽ ചാലിച്ചെടുത്ത വിശ്വാസങ്ങളുടെ സംരക്ഷണ വലയങ്ങളുണ്ട്. ഈ വിശ്വാസങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ നിക്ഷേപിക്കപ്പെട്ട മനുഷ്യമനസ്സുകൾ കാവുകൾക്കെതിരായി ഉയരാൻ അശക്തമാണ്. പഴമക്കാരുടെ ശബ്ദം ഇന്നും നമ്മുടെ കാതുകളിൽ മാറ്റൊലിക്കൊള്ളുന്നു, "കാവുകൾ വെട്ടി നശിപ്പിക്കരുത്, സർപ്പകോപത്തിനിടയാകും".

വീണയും കുടവുമായിരിക്കുന്ന പുള്ളുവ-പുള്ളുവത്തിമാരുടെ മുമ്പിലെ കളത്തിൽ സർപ്പം തുള്ളലിന് വ്രതംനോറ്റ് തയ്യാറായിരിക്കുന്ന പെൺകൊടി യഥാർത്ഥത്തിൽ തന്റെ കന്യകാത്വത്തെ സാക്ഷിനിർത്തി ചെയ്യുന്നത് പ്രകൃതിയോടുള്ള നന്ദിരേഖപ്പെടുത്തലാണ്; പ്രകൃതിയോടുള്ള വിധേയത്വമാണ്. കളമെഴുതുന്നതിന് ഏഴു ദിവസം മുമ്പ് കളം കുറിക്കൽ ചടങ്ങിൽ തുടങ്ങി കളമെഴുത്തുപാട്ടും കഴിഞ്ഞു പുള്ളുവരും വഴിപാടുകാരും മത്സ്യമാംസാദികൾ വർജ്ജിച്ച് വ്രതമെടുക്കുന്നു. പുള്ളുവപ്പണിക്കർ പൂജിച്ചുകൊടുക്കുന്ന എണ്ണ തേച്ച് കുളികഴിഞ്ഞാൽ വ്രതാരംഭമായി. കളത്തിനുവേണ്ട സാധനസാമഗ്രികളുടെ ചാർത്തെടുക്കലാണ് കളംകുറിക്കൽ ചടങ്ങിൽ ചെയ്യുന്നത്. കുരുത്തോലയും പുഷ്പങ്ങളും കൊണ്ടലങ്കരിച്ച സ്ഥലത്തോ പന്തലിലോ കളംകുറിക്കുന്നു. കളം പൂജയ്ക്ക് സഹായിയായി വരുന്നയാളെ 'കളത്തിൽ കൈമൾ' എന്നാണ് അറിയപ്പെടുന്നത്. സൂര്യാസ്തമയത്തിനുശേഷം അലങ്കൃതസ്ഥാനത്ത് കന്നിമൂലയിലായി ഗണപതി പൂജനടത്തും. ഗണപതി പൂജയ്ക്ക് ശേഷമേ കളമെഴുത്ത് തുടങ്ങാറുള്ളൂ. ചുറ്റിപ്പിണഞ്ഞിരിക്കുന്ന രണ്ട് സർപ്പങ്ങളിൽ തുടങ്ങി കളത്തിന്റെ വലിപ്പമനുസരിച്ച് നൂറ്റിയൊന്ന് സർപ്പങ്ങളെ വരെ കളത്തിൽ ചിത്രണം ചെയ്തുവരുന്നു. ഇതൊന്നുമില്ലാതെ നാഗരാജാവിന്റെ ചിത്രം മാത്രമായും എഴുതാറുണ്ട്. അടിഭാഗം നീളത്തിൽ കീറിയ ചിരട്ടയിൽ പൊടികൾ നിറച്ച് ചിത്രം വരയ്ക്കുമ്പോൾ ഉടൽഭാഗം ആദ്യവും വാൽഭാഗം അവസാനവുമായാണ് വരയ്ക്കുന്നത്. ശേഷം ജല-ഗന്ധ-പുഷ്പ-ധൂപ-ദീപങ്ങൾകൊണ്ട് പഞ്ചാർച്ചന നടത്തുന്നു. ഇവ കളം, താലം, മുറം എന്നിവയിലേക്ക് മുമ്മൂന്നു തവണ പൂജിക്കും. മുറത്തിൽ മൂന്ന് തിരി കത്തിച്ച് കളത്തിന് മൂന്നു വലംവയ്ക്കും. ഈ ചടങ്ങിന് അമർ അഴിയൽ എന്നു പറയുന്നു. അമർ അഴിയലിൽ പുള്ളുവക്കുടം പ്രത്യേകമായൊരു താളത്തിൽ കൊട്ടാറുണ്ട്. മുറം പൂജ ചെയ്യുന്നത് സർപ്പശത്രുവായ ഗരുഡന്റെ പ്രീതിക്കാണെന്ന് കരുതിപ്പോരുന്നു.

സർപ്പങ്ങൾക്ക് നൂറുംപാലും കൊടുക്ക





> സർപ്പംപാട്ടിൽ ഒരു കലാരൂപം അരങ്ങേറുകയും കാഴ്ചക്കാർ കണ്ടിരിക്കുകയും മാത്രമല്ല, പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സംവേദനമാണ് നടക്കുന്നത്.

ലാണ് സവിശേഷമായ ചടങ്ങായി കരുതിപ്പോരുന്നത്. കിഴക്കുവശത്തായി അരിപ്പൊടി, ഇളനീർ, പഴം, ശർക്കര, പശുവിൻപാല്, പുണ്യാഹം, മഞ്ഞൾപ്പൊടി ആദിയായവ കൊണ്ട് നൂറുംപാലും കൊടുക്കുന്നു. ഭദ്രകാളിയെയും അഷ്ടനാഗങ്ങളെയും പൂജിക്കുമ്പോൾ ഗണപതി സ്തുതിക്കു ശേഷം അഷ്ടനാഗകഥാകഥനങ്ങൾ നടത്താറുണ്ട്.

"അഷ്ടനാഗങ്ങളേ കെട്ടി അണിഞ്ഞൊരുങ്ങൂ.

തുഷ്ടി കലർന്നെഴും പന്തലിൽ

പാലുമേ പൊടിയുമേ പഞ്ചാമൃതങ്ങളും തകതൈതക

നാളികേരം മാല തേൻ ഗുളവും

ഏവമോരോന്നേ ഞാൻ നിങ്ങടെ മുമ്പിൽ തകതൈതക

ആവോളം വച്ചു ഞാൻ പൂജിക്കുന്നേൻ

കൊട്ടി വിളിച്ചു ഞാൻ പാടുന്ന നേരത്ത് തകതൈതക

കെട്ടിയുറഞ്ഞെന്റെ കോമരങ്ങൾ

മുൻപേയെഴുന്നള്ളി വാഴ്ക അനന്തനും തകതൈതക

വമ്പനാം വാസുകി തക്ഷകനും

കാർക്കോടകൻ മഹാപദ്മനും പദ്മനും തകതൈതക

ശംഖുവരാഖ്യനാഭൂഷകൻ താനും

കാളിന്ദിയിൽ വാണ കാളിയൻ താനുമേ തകതൈതക

ഐരാവതം മണി നാഗങ്ങളും."

പാട്ടിന്റെ താളത്തിനൊത്ത് തുള്ളുന്ന കന്യകമാർ സർപ്പയക്ഷി, നാഗരാജാവ്, മണിനാഗം, നാഗയക്ഷി, കുഴിനാഗം, എരിനാഗം, കരിനാഗം, പറനാഗം, കന്യാവ് എന്നീ സങ്കൽപങ്ങളിലാണ് തുള്ളുന്നത്. പ്രഭാതത്തിൽ അരിപ്പൊടികൊണ്ട് ഭസ്മക്കളമിടുകയും, മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും അഷ്ടനാഗക്കളം സർപ്പയക്ഷിക്കളം, നാഗയക്ഷിക്കളം എന്നിങ്ങനെയുള്ള കളങ്ങളിടുകയും ചെയ്തു വരുന്നു. നെല്ല്, തേങ്ങ, അരി, പാക്ക്, വെറ്റില, കവുങ്ങിൻ പൂക്കുല, പാൽക്കുടം, വിളക്ക് ഇവയാലലങ്കൃതമായ കളത്തിനുചുറ്റും സാവധാനത്തിലാരംഭിക്കുന്ന കന്യകയുടെ തുള്ളലിന് ആർപ്പും കുരവയും മറ്റു വാദ്യഘോഷങ്ങളും അകമ്പടിയായുണ്ടാവും. സർപ്പപ്പാട്ടിന്റെ രംഗതാളഭാവങ്ങൾ മുറുകുമ്പോൾ പൂങ്കുലയേന്തിയ കന്യകമാരുടെ തുള്ളൽ ചടുലമാവുകയും "ഇളക്, ഇളകെന്റെ, ഇളകു നാഗമേ, ഇളകീട്ടുവായോ എന്റെ മണ്ഡലത്തില്" എന്നിങ്ങനെ ദ്രുതതാളത്തിലുള്ള പാട്ടിന്റെ മുറുക്കത്തിനൊത്ത് തീവ്രമാവുകയും ചെയ്യുന്നു.

ഇവിടെ ഒരു കലാരൂപം അരങ്ങേറുകയും കാഴ്ചക്കാർ കണ്ടിരിക്കുകയുമല്ല. കെട്ടുകാഴ്ച സ്വഭാവം അശേഷമില്ലാത്ത ഈ അന്തരീക്ഷത്തിൽ വിശ്വാസികൾ മാത്രമേയുള്ളൂ. അലൗകികമായൊരു തലത്തിൽ അവർ അനുഗ്രഹാശിസ്സുകൾ നേടുകയും സംപ്രീതരാവുകയുമാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ഒരുതരം സംവേദനമാണ് ഇവിടെ നടക്കുന്നത്. അതിഭൗതിക തലത്തിലെ അധീനശക്തികളോടുള്ള മനുഷ്യന്റെ വിധേയത്വമാണ് പ്രകടമാകുന്നത്. ഇവിടെ തുള്ളുന്ന കന്യക കേവലമൊരു സ്ത്രീ മാത്രമല്ല. മനുഷ്യനും മനുഷ്യാതീത ശക്തികൾക്കുമിടയ്ക്കുള്ള ഒരു മദ്ധ്യവർത്തിയാണ്. മനുഷ്യാതീതശക്തികളാണ് അവളിൽ താത്ക്കാലികമായെങ്കിലും ആരോപിക്കപ്പെടുന്നത്. സ്വന്തം സ്വത്വം മാറി മറ്റൊന്നായിത്തീരുകയാണപ്പോൾ. അടിയിളകി, മുടിയിളകി, പിടിച്ചൊരു പൂങ്കുലയുടെ തരി പൊഴിയുമാറ്, കന്നിയാകെ നീ പ്രവേശിച്ച് ആടിവായോ – കരിനാഗമേ – നാഗരാജാവേ – അഞ്ജനമണിനാഗമേ – ഞാനിട്ട കളം കൊള്ളൂ – പൂജകൊള്ളൂ – എന്നിങ്ങനെ വിളിച്ചു പാടുമ്പോൾതന്നെ തുള്ളുന്ന കന്യക ജനങ്ങളിൽ നിന്നും വഴിപാടുകൾ സ്വീകരിക്കുകയും അനുഗ്രഹാശിസ്സുകൾ അർപ്പിക്കുകയും ചെയ്യും. പുള്ളുവൻ സംസാരിക്കുന്നു. സർപ്പമായി മാറിയ, കളത്തിൽ സർപ്പത്തെപ്പോലിഴയുന്ന കന്യകയോട് അനുഗ്രഹത്തിന് അപേക്ഷിക്കും. അരുളപ്പാടുണ്ടാവും. ആടുന്നവർ ഉരുണ്ട് കറങ്ങി കളം മായ്ക്കും. ആടിത്തളരും.

സർപ്പങ്ങൾ തൃപ്തരായെന്നുറപ്പായാൽ പിന്നെ സർപ്പക്കളം എഴുതേണ്ടതില്ലെന്നാണ് വിശ്വാസം. മറിച്ചാണെങ്കിൽ വീണ്ടും സർപ്പക്കളമെഴുതി സർപ്പദേവതകളെ പ്രസാദിപ്പിക്കണം. സർപ്പങ്ങളുടെ നിധി കാത്തുസൂക്ഷിക്കുന്ന ഭൂതങ്ങളെയും ഭൂതക്കളമെഴുതി പ്രസാദിപ്പിക്കണം.

ഇന്ന്; ഋതുസംക്രമത്തിലെ കതിർമണ്ഡപങ്ങളിൽ നക്ഷത്രവിളക്കുകൾ അപ്രകാശിതങ്ങളാവുമ്പോൾ നാം അസ്വസ്ഥരാവുന്നു. കാറ്റുവന്ന് ഇലച്ചാർത്തുകളെ തഴുകുമ്പോൾ ഉതിരുന്ന മർമ്മരമെവിടെ? ആടിമാസത്തിലെ കാറ്റും മീനച്ചൂടും ചിങ്ങത്തിലെ ഓണനിലാവും ഇടവത്തുലാവർഷങ്ങളും നഷ്ടപ്പെട്ട നമ്മൾ എവിടെത്തുടങ്ങണം പുതിയൊരു ജീവിതം? വെട്ടിമുറിച്ച മരച്ചുവടുകളിൽ പുതുതൈകൾ വച്ചുപിടിപ്പിക്കുന്നതിലോ? കൺസ്യൂമറിസത്തിന്റെ പോളിത്തീൻ കവറുകളിൽ പൊതിഞ്ഞുകിട്ടുന്ന നൂറുംപാലും അർപ്പിക്കാൻ നാം എങ്ങോട്ട് പോകേണ്ടൂ?

നമുക്ക് മുമ്പിൽ മരങ്ങളില്ല;

കാവുകളില്ല;

ചിത്രകൂടങ്ങളുമില്ല! ●



# ഗുവഹത്തി കഥകൾ കാഴ്ചകൾ

കെ.എ. ബീന

ഗുവഹത്തി - ആസാമിന്റെ ഈ പഴയ തലസ്ഥാനം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കുള്ള കവാടം കൂടിയാണ്. കൽക്കത്ത കഴിഞ്ഞ് ന്യൂജയ്പാൽഗുരിയും പിന്നിട്ട് ഗുവഹത്തിയിലെത്തുന്നവരെ വരവേൽക്കാൻ നീണ്ടു പരന്ന് സാഗരം പോലെ ബ്രഹ്മപുത്രയുണ്ട്. ലോകത്തിലെ തന്നെ അപൂർവം പുരുഷ നദികളിലൊന്നാണത്രെ ബ്രഹ്മപുത്ര! ആസാമീസ് ജനതയുടെ ആത്മാവ് തന്നെയാണ് ഈ മഹാനദി.

ഉറ്റചങ്ങാതിയെപ്പോലെ അവരിതിനെ ബോർല്യൂയിത് എന്നും ബുർഹാല്യൂയിത് എന്നുമൊക്കെ വിളിക്കുന്നു. നദികളെക്കുറിച്ചുള്ള സമവാക്യങ്ങളെല്ലാം തെറ്റിക്കുന്ന അനുഭവമാണ് കാഴ്ചക്കാരന് ഈ നദി. ഈ മഹാപ്രവാഹത്തിന് മുകളിലൂടെ സരയ്ഘട്ട് പാലത്തിലൂടെയാണ് തീവണ്ടി, റോഡ് മാർഗ്ഗങ്ങളിലൂടെ ഗുവഹത്തിയിലെത്തുന്നത്. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ പാലങ്ങളിലൊന്നായ സരയ്ഘട്ട് ഒരു ഡബിൾഡെക്കർ പാലമാണ്. താഴെക്കൂടെ തീവണ്ടികളും, മുകളിൽ കൂടെ മറ്റു വാഹനങ്ങളും സഞ്ചരിക്കുന്ന സരയ്ഘട്ട് ഗുവഹത്തിയെ മാത്രമല്ല വടക്കുകിഴക്കൻ മേഖലയെ ആകെ ഇന്ത്യയുമായി ബന്ധിപ്പിക്കുന്ന കവാടമാണ്.

അതുകൊണ്ട് തന്നെ ഈ മേഖലയിലെ തീവ്രവാദികൾ ബോംബുകളും ഗ്രനേഡുകളുമൊരുക്കി പലവട്ടം ഈ പാലം തകർക്കാൻ ശ്രമിച്ചിട്ടുണ്ട്, ഇപ്പോഴും ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ഈ നഗരത്തിന് ഒരു ചരിത്രമുണ്ട്, അത് മഹാഭാരതകാലം വരെ നീളുന്നതാണ്. അന്ന് ഗുവഹത്തിയുടെ പേര് 'പ്രജ്യോതിഷ്പുർ' എന്നും ആസാമിന്റെ പേര് 'കാമരൂപ്' എന്നുമായിരുന്നു. ബ്രഹ്മപുത്രയുടെ തീരത്തെ ഈ നഗരം കുരുക്ഷേത്രയുദ്ധത്തിന്റെ കഥകളിൽ പ്രതിപാദിക്കപ്പെടുന്നുണ്ടെന്ന് ചരിത്രരേഖകൾ പറയുന്നു.

നാലുപാടും മലനിരകളാൽ ചുറ്റപ്പെട്ട, പുരോഗതിയിലേക്ക് പടിവച്ച് കയറുന്ന ഒരു

പട്ടണം - യഥാർത്ഥത്തിൽ ഗുവഹത്തിക്ക് ഗ്രാമീണ സൗന്ദര്യമാണ് കൂടുതൽ. - പൊട്ടിപ്പൊളിഞ്ഞ റോഡുകളും തുറന്നൊലിക്കുന്ന ഡ്രെയിനേജുകളും മാലിന്യക്കൂമ്പാരങ്ങളും എല്ലാമവിടെയുണ്ട്. പക്ഷെ നഗരഹൃദയത്തിനപ്പുറം ഗ്രാമീണത മാടി വിളിക്കുന്ന മലഞ്ചെരുവുകൾ ഗുവഹത്തിയ്ക്ക് പ്രത്യേക ചാരുത നൽകുന്നുണ്ട്.

കാഴ്ചകളിൽ പ്രധാനം കാമാഖ്യക്ഷേത്രമാണ്. ഇന്ത്യയിലെ തന്നെ പ്രധാനപ്പെട്ട ശക്തിപീഠങ്ങളിലൊന്നാണിത്. മലമുകളിലെ ഈ അമ്പലത്തിന്റെ കഥ ശിവപത്നിയായ സതീദേവിയുടെ ആത്മാഹൂതിയുമായി ബന്ധപ്പെട്ടതാണ്. സതീദേവിയുടെ ശവശരീരം തോളിലിട്ട് പരമശിവൻ ത്രിഭുവനങ്ങൾ തകർത്ത് മുന്നേറുമ്പോൾ മഹാവിഷ്ണു സുദർശനചക്രമുപയോഗിച്ച് സതീദേവിയുടെ ശരീരം 51 കഷണങ്ങളാക്കി മുറിച്ചുവെന്നും അതിൽ യോനീഭാഗം കാമാഖ്യയിലാണ് വീണത് എന്നും ഐതിഹ്യം പറയുന്നു. ഏതായാലും കാമാഖ്യയിലെത്തുന്നവർക്ക് നമ്മുടെ നാട്ടിലെ സാത്വികാചാര പ്രകാരമുള്ള അമ്പലദർശന അനുഭവമല്ല ഉണ്ടാകാറ്. ഇവിടെ ആടുകളെയും കോഴികളെയും പ്രാവുകളെയും ധാരാളമായി ബലി നൽകുന്നു. അവയുടെ പിടച്ചിൽ, മരണവിളി, പിന്നെ രക്തവും മറ്റ് അവശിഷ്ടങ്ങളും കാമാഖ്യ പകരുന്ന അനുഭവങ്ങളിൽ പെടുന്നു. കാമാഖ്യയിലെത്തുന്ന കേരളീയന് അവിടത്തെ ആദിശങ്കരമണ്ഡപവും ഗുരുപ്രതിമയും ആശ്വാസമേകും. ആയിരം വർഷങ്ങൾക്ക് മുമ്പ് കാലടിയിൽ നിന്ന് ആദിശങ്കരൻ ഇവിടെയെത്തി ബലി നിർത്തലാക്കാൻ ശ്രമിച്ചുവെന്ന് ചരിത്രരേഖകളിൽ കാണുന്നു - ഗുവഹത്തിയിലെത്തുന്നവർ കാമാഖ്യയിലെത്തി ദർശനം നടത്താതെ മടങ്ങിയാൽ വീണ്ടും ആസാമിലേക്ക് വരേണ്ടിവരുമെന്ന് ഒരു വിശ്വാസം ഇവിടെയുണ്ട്. അതുപോലെ മൂന്നുപ്രാവശ്യം കാമാഖ്യദർശനം നടത്തിയാലേ പൂർണ്ണദർശനമാവൂ എന്ന് മറ്റൊരു വിശ്വാസവും. ഏതായാലും കാമാഖ്യദർശനം പൂർവജന്മപാപങ്ങൾ പോലും ഇല്ലാതാക്കുമെന്ന വിശ്വാസം തദ്ദേശീയർക്കും മറുനാട്ടുകാർക്കുമുണ്ട്.

ഗുവഹത്തിയിലെ മറ്റൊരു ശക്തിപീഠമാണ് ഉഗ്രതാരമന്ദിർ - സതീദേവിയുടെ കണ്ണുകൾ വീണ സ്ഥലമാണ് ഇതെന്നാണ് ഐതിഹ്യം. ബ്രഹ്മപുത്രയുടെ മദ്ധ്യഭാഗത്ത് ഗുവഹത്തിയിൽ നിന്ന് നോക്കിയാൽ കാണുന്ന ദൂരത്തിൽ ഒരു ചെറിയ ദ്വീപുണ്ട്. ലോകത്തിലെ ആൾപാർപ്പുള്ള ഏറ്റവും ചെറിയ നദിദ്വീപായി കണക്കാക്കപ്പെടുന്ന ഇവിടെ ഉമാനന്ദ എന്ന ഒരു പുരാതന ശിവക്ഷേത്രമുണ്ട്. ഗുവഹത്തിയിലെ ഏറ്റവും നല്ല കാഴ്ചകളിൽ വസിഷ്ഠാശ്രമമുൾപ്പെടുന്നു. വസിഷ്ഠൻ തപസ്സ് ചെയ്തതായി പറയുന്ന ആശ്രമം ഇവിടെ കാണാം. അദ്ദേഹം പൂജാദിക്രമങ്ങൾക്ക് വേണ്ടി ഗംഗയെ ഇവിടേക്ക് വരുത്തിയത്രെ. സന്ധ്യ, ലളിത, കാന്ത തുടങ്ങിയ മൂന്നു ചെറുജലപ്രവാഹങ്ങൾ ഇവിടെയുണ്ട്. ഇവ മൂന്നും ചേർന്ന് വസിഷ്ഠഗംഗ എന്നറിയപ്പെടുന്നു.

ഇന്ത്യയിലെ തന്നെ വലിപ്പമേറിയ നവഗ്രഹക്ഷേത്രങ്ങളിലൊന്നാണ് ഗുവഹത്തിയിൽ ചേനികുത്തിക്കടുത്തുള്ള മലമുകളിലെ നവഗ്രഹമന്ദിർ. ഇവിടെ ഗണികസമുദായക്കാരാണ് പൂജകൾ ചെയ്യുന്നതും ജ്യോതിഷശാസ്ത്രം പറയുന്നതും. ജാതകമെഴുതിക്കാനും ജാതകം നോക്കി ഫലമറിയാനും വൻതിരക്കാണ്.

ഈ അമ്പലങ്ങൾപോലെ തന്നെ പ്രശസ്തമാണ് ഗുവഹത്തിക്കടുത്ത് ഹാജോയിലുള്ള പോാമെക്കയും. പോാ - എന്നാൽ കാൽഭാഗം എന്നർത്ഥം. ഇവിടെ തൊഴുതാൽ മെക്കയിൽ തൊഴുന്നതിന്റെ കാൽഭാഗം പുണ്യം കിട്ടുമെന്നാണ് വിശ്വാ

ഗുവഹത്തി കാഴ്ചകൾക്കു പിന്നിൽ ചരിത്രവും പുരാണവുമുണ്ട്; ഒപ്പം മറക്കാനാവാത്ത അനുഭവമായി ബ്രഹ്മപുത്രയും.


കാമാഖ്യ ക്ഷേത്രം

സം. തൊട്ടടുത്ത് ഹയഗ്രീവമന്ദിരിൽ തൊഴുതാൽ പുരി ജഗന്നാഥക്ഷേത്രത്തിൽ തൊഴുന്നതുപോലെയാണെന്നാണ് ഇവിടത്തുകാർ പറയുന്നത്. ബുദ്ധമതക്കാർ ഈ അമ്പലത്തിന് വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഹയഗ്രീവമാധവമന്ദിരിലും പോമെക്കെയിലും മുസ്ലീങ്ങളും ഹിന്ദുക്കളും ദർശനം നടത്തുന്നു. നമ്മുടെ ശബരിമല പോലെ മതസൗഹാർദ്ദം ഉയർത്തിപ്പിടിക്കുന്ന ദർശനസ്ഥലങ്ങളാണിവ.

ബോട്ടിലോ വഞ്ചിയിലോ കയറി ബ്രഹ്മപുത്രയുടെ മറുകരയിലെത്തിയാൽ 'ഡോൽഗോവിന്ദ' എന്ന കൃഷ്ണക്ഷേത്രം കാണാം. സുന്ദരമായ രാധാകൃഷ്ണ വിഗ്രഹങ്ങളും, പ്രസാദമായി തരുന്ന പാൽപ്പായസവും ഈ അമ്പലത്തിന്റെ സ്മരണകളിൽ നിറഞ്ഞുനിൽക്കും.

ആസാം കലാപത്തിന്റെ ഫലമായുണ്ടാക്കിയ ആസ്സാം ഉടമ്പടി ഈ ഭാഗങ്ങളിലെ കലാരൂപങ്ങളുടെ സംരക്ഷണത്തിന് ഊന്നൽ നൽകുന്നതാണ്. അതിന്റെ ഭാഗമായുണ്ടാക്കിയ ശങ്കർദേവ കലാക്ഷേത്രം വടക്കുകിഴക്കൻ സംസ്ഥാനങ്ങളുടെ സാംസ്കാരികത്തനിമയും വൈവിധ്യവും വ്യക്തമാക്കിത്തരുന്നു. ചിത്രശിൽപ പ്രദർശനങ്ങളും കലാപരിപാടികളും ഇവിടെ സ്ഥിരമായുണ്ടാകും. കലാക്ഷേത്രയുടെ അന്തരീക്ഷവും കെട്ടിടങ്ങളുമൊക്കെ കലാചാതുര്യത്തോടെ ഒരുക്കിയിരിക്കുന്നു.

ഗുവഹത്തിയിലെത്തുന്ന പുറംനാട്ടുകാരന് മറക്കാനാവാത്ത അനുഭവം ബ്രഹ്മപുത്ര തന്നെയായിരിക്കും. ഒന്ന് തൊട്ട് നമസ്കരിച്ച് വിരിമാറിലൂടെ ഒരു യാത്ര – ബ്രഹ്മപുത്രയുടെ 'മൂഡ്' ശരിയാണെങ്കിൽ അതത്ര വലിയ പ്രയാസമുള്ള കാര്യമല്ല. മൺസൂൺ കാലത്ത് സംഹാരഭാവം പൂണ്ട് പാഞ്ഞൊഴുകുമ്പോൾ ദൂരെ നിന്ന് കണ്ട് മടങ്ങാനേ പറ്റൂ. അല്ലെങ്കിൽ പകൽ വലുതും ചെറുതുമായ ബോട്ടുകൾ മാടി വിളിക്കും – അക്കരെ ഡോൽഗോവിന്ദയിലും ഉമാനന്ദയിലുമൊക്കെ സന്ദർശിച്ച് മടങ്ങാം – സന്ധ്യയായാൽ വർണ്ണ വിളക്കുകളിട്ട ബോട്ടുകൾ ഒരുങ്ങി കിടപ്പുണ്ടാവും – ഒരു മണിക്കൂർ ബ്രഹ്മപുത്രയിൽ ചുറ്റിക്കറങ്ങി ബോട്ടിലെ ഓപ്പൺ എയർ റസ്റ്റാറന്റിൽ നിന്ന് ഭക്ഷണവും കഴിച്ച് മടങ്ങാം. പിന്നെ കാഴ്ചക്കാർക്ക് ദിഗാലി പുക്രിയിൽപോയി പെഡൽ ബോട്ടിംഗ് നടത്താം, മ്യൂസിയത്തിൽ പോയി ആസാമിന്റെ ചരിത്രസ്മരണികകളും സാംസ്കാരിക പാരമ്പര്യവുമൊക്കെ മനസിലാക്കാം. കാഴ്ചബംഗ്ലാവിൽ പോയാൽ ആസാമിലെ കാസിരംഗയിൽ മാത്രമുള്ള ഒറ്റക്കൊമ്പൻ റൈനോകളെ കാണാം.

പിന്നെ പൂർവ്വബാലാജി ക്ഷേത്രം. തിരുപ്പതി ക്ഷേത്രത്തിന്റെ മാതൃകയിലുള്ള ഈ ക്ഷേത്രം നടത്തുന്നത് കാഞ്ചികാമകോടി മഠമാണ്. ദക്ഷിണേന്ത്യൻ രീതിയിലുള്ള ഗണപതി ക്ഷേത്രവുമുണ്ട്. ഗുവഹത്തിയിലെ മലയാളികൾ ഇവിടെയൊരു അയ്യപ്പക്ഷേത്രമുണ്ടാക്കാനുള്ള തീവ്രശ്രമത്തിലാണ്. വൈകാതെ അതും ഗുവഹത്തിയുടെ കാഴ്ചകളിലൊന്നായി മാറും.

ആസാംസിൽക്കിന്റെ ജന്മനാടായ സുവാൽകുച്ചിയും ഗുവഹത്തിക്കടുത്താണ്. ഇവിടെയുണ്ടാക്കുന്ന 'മുഗ', 'പാറ്റ്' പട്ടുകൾ പ്രശസ്തമാണ്. പക്ഷെ ഒന്ന് വാങ്ങണമെന്ന് തോന്നിയാൽ പഴ്സിന്റെ കനം പ്രശ്നമാവും. ഏറ്റവും കുറഞ്ഞ സാരിക്ക് വില 3500 രൂപയായിരിക്കും.

ആസാമീസ് ഭക്ഷണം മുഖ്യമായും ചോറും മീനുമാണ്. കടൽമീൻ കിട്ടുമെന്ന പ്രതീക്ഷ വേണ്ട. റോഹു, ഹിൽസ തുടങ്ങിയ പുഴമീനുകളാണ് ഇവിടെ സുലഭവും ഇവിടത്തുകാർക്ക് പ്രിയംകരവും. മീൻവറുത്തതിനുശേഷം കറിക്കൂട്ടിലേക്ക് ഇടുന്ന ബംഗാളി പാചകരീതിയാണിവർക്കും ഇഷ്ടം. ചോറ് മുഖ്യ ആഹാരമെന്നു പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. രാവിലെയും ഉച്ചയ്ക്കും രാത്രിയിലും ചോറ് തന്നെയാണ് ഇവിടെ പത്ഥ്യം. കറികൾക്ക് എരിവും പുളിയുമൊന്നും പ്രതീക്ഷിക്കരുത്. അതിന് ചേരുവകൾ മേശപ്പുറത്ത് നാരങ്ങ, പച്ചമുളക്, ഉപ്പ് തുടങ്ങിയവ റെഡിയായി ലഭിക്കും. പരിപ്പ് കറി, മെഴുക്കുപുരട്ടി തുടങ്ങിയ കറികൾ ഉണ്ടാവും. ആസാമീസ് താലി ലഭിക്കുന്ന ഹോട്ടലുകൾ ഗുവഹത്തിയിൽ ധാരാളമുണ്ട്. അതിലുമേറെയാണ് സൗത്ത് ഇന്ത്യൻ റസ്റ്റാറന്റുകൾ. മലയാളികൾ നടത്തുന്ന ഹോട്ടലുകളും ഗുവഹത്തിയിൽ നല്ല തെന്നിന്ത്യൻ ഭക്ഷണം നൽകുന്നുണ്ട്. ചൈനീസ് ഭക്ഷണവും ആസ്വദിക്കാൻ ഏറെ സ്ഥലങ്ങളുണ്ട്.

ആസാമിന്റെ ദേശീയോത്സവമായ ബിഹുനാളുകളിൽ ഗുവഹത്തി ആഹ്ലാദഭരിതമാകുന്നു. മൂന്ന് ബിഹുക്കളാണ് ഈ നാട്ടിലുള്ളത്. ജനുവരിയിൽ മകരസംക്രാന്തിദിനത്തിൽ മാഘ്ബിഹു, ഏപ്രിൽ പതിനാലിന് നമ്മുടെ വിഷുദിനത്തിൽ രംഗോലി ബിഹു, പിന്നെ ഒക്ടോബറിൽ കാത്തിബിഹുവും. ബിഹു തീറ്റിയുടെയും, നൃത്തഗാനങ്ങളുടെയും ഉത്സവാഘോഷങ്ങളുടെയും സമയമാണ് – ആ സമയത്ത് നമ്മുടെ മുണ്ടും, നേര്യതും പോലെയുള്ള 'മേഖല ഛദർ' ധരിച്ചാണ് സ്ത്രീകൾ ആഘോഷങ്ങളിൽ പങ്കെടുക്കുന്നത്.

ഗുവഹത്തി കാഴ്ചകൾക്കും കഥകൾക്കും മികവ് ഏറെയുണ്ട്. ഒപ്പം അക്രമങ്ങളും, അസ്വസ്ഥതകളും – ഈ പ്രദേശത്തെ തീവ്രവാദികളുടെ വിഹാരരംഗങ്ങളിലൊന്നാണ് ഗുവഹത്തി. അതുകൊണ്ട് തന്നെ ഏതു നിമിഷം എവിടെ ബോംബ് പൊട്ടുമെന്നോ, ഗ്രനേഡാക്രമണമുണ്ടാകുമെന്നോ പ്രവചിക്കാൻ കഴിയില്ല. പ്രകൃതി കനിഞ്ഞനുഗ്രഹിച്ചിട്ടും വിനോദ സഞ്ചാരികളെ ആകർഷിക്കാൻ ഈ ദേശത്തിന് കഴിയാത്തതിന്റെ മുഖ്യകാരണവും ഇതത്രെ. പിന്നെ വർഷംതോറും മുടങ്ങാതെയെത്തുന്ന വെള്ളപ്പൊക്കം – അപൂർവ്വമായ ഇത്തരം അനുഭവങ്ങൾ തേടി യാത്ര ചെയ്യാൻ തയ്യാറുള്ളവർക്ക് ഗുവഹത്തി മടുപ്പുണ്ടാക്കില്ല. ചെന്നിറങ്ങുമ്പോൾ മുതൽ സജീവ സാന്നിധ്യംപോലെ റോഡിലെങ്ങും കാണുന്ന പോലീസും പട്ടാളവും ഒരൽപം സുരക്ഷിതത്വബോധം ഉണ്ടാക്കിത്തരുകയും ചെയ്യും.



ബ്രഹ്മപുത്രയുടെ വിരിമാറിലൂടെ...



# വളരുന്ന മലയാള നാടകവേദി

**മേലേതിൽ സേതുമാധവൻ**

സംസ്കൃതഭാഷയോടോ സംസ്കാരത്തോടോ
തീരെ ബന്ധമില്ലാത്ത ഒരു മാർഗത്തിലൂടെയാണ്
മലയാള നാടകവേദിയുടെ വികാസം.
അഭിജാതവർഗ്ഗം ഈ കലയെ പുച്ഛിച്ചു തള്ളി.
പക്ഷെ ജനങ്ങളുടെ സ്വതന്ത്രചിന്തയെ പുഷ്ടിപ്പെടുത്തി,
സാമൂഹികരംഗത്ത് വൻ മാറ്റങ്ങൾ വരുത്തി
ഈ കല വളരുകയായിരുന്നു.

ചിരപുരാതനമായ നമ്മുടെ നാടോടി പാരമ്പര്യത്തിൽ നാടകത്തിന്റെ ചില ഘടകങ്ങൾ കണ്ടെത്താം. നിയതഭാവത്തോടെ ഒരു നാടകവേദി ഇവിടെ രൂപം കൊണ്ടത് സംസ്കൃതം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളോടും നാടകവേദികളോടും ബന്ധപ്പെട്ടുകൊണ്ടാണ്. കേരളത്തിലെത്തിയ ആര്യന്മാർ സംസ്കൃത സംസ്കാരം ഈ മണ്ണിൽ നട്ടുവളർത്താൻ യത്നിച്ചു. കാളിദാസന്റെയും ഭാസന്റെയും നാടകങ്ങൾ ഏവർക്കും പരിചിതങ്ങളായി. പക്ഷേ, ഈ നാടകങ്ങൾ വായിച്ചു രസിക്കാനല്ലാതെ വേദികളിൽ പരീക്ഷിക്കാൻ അധികമാരും ശ്രമിച്ചില്ല. ഒറ്റപ്പെട്ട ചില സംരംഭങ്ങൾ ഉണ്ടായിട്ടുണ്ട്; എങ്കിലും നാടകവേദിയുടെ അരുണോദയം എന്ന് അതിനെ പ്രകീർത്തിക്കാനാവില്ല.

സംസ്കൃതഭാഷയോടോ സംസ്കാരത്തോടോ തീരെ ബന്ധമില്ലാത്ത ഒരു മാർഗത്തിൽകൂടിയാണ് മലയാള നാടകവേദി വികാസം പ്രാപിച്ചത്. കടൽ കടന്ന് കേരളത്തിലെത്തിയ വാസ്കോ ഡി ഗാമയുടെ പിൻഗാമികൾ കേരളജനതയെ വ്യാപകമായി മതപരിവർത്തനം ചെയ്യിച്ചു. മിശ്രവിവാഹങ്ങളും നടത്തി. ഇതുമൂലം സ്വന്തം നാട്ടിൽ അന്യരായിത്തീർന്ന ജനസമൂഹം തങ്ങൾ ആസ്വദിച്ചുപോന്ന കലാപാരമ്പര്യത്തിൽനിന്ന് പുറംതള്ളപ്പെട്ടു. ക്ഷേത്രത്തിന്റെ മതിൽക്കെട്ടിനുള്ളിൽ നടക്കുന്ന കലാവതരണം അവർക്ക് നിഷിദ്ധമായി. ഇതിന് പരിഹാരമെന്നോണം യൂറോപ്പിൽ നിന്ന് പുതിയ കലാരൂപം കടംകൊള്ളേണ്ടി വന്നു. മലയാളനാടകവേദിയുടെ ആവിർഭാവത്തിന് നിദാനമായിത്തീർന്ന ഘടകം ഇതാണ്.

മലയാള നാടകവേദിയിൽ ആദ്യം അവതരിപ്പിക്കപ്പെട്ടവയിൽ ഏറ്റവും പ്രസിദ്ധമായത് ജനോവ നാടകമാണ്. റോമൻ ചക്രവർത്തിയുടെ അപദാനങ്ങൾ വാഴ്ത്തുന്ന ഈ നാടകത്തിൽ സംഘർഷാത്മകമായ ഇതിവൃത്തവും വ്യക്തിത്വമാർന്ന കഥാപാത്രങ്ങളും രസകരമായ സംഭാഷണവും ഒത്തിണങ്ങിയിരുന്നു. രംഗസംവിധാനം, യവനിക, മുഖംമൂടി, വേഷഭൂഷാദികൾ എന്നിവയെല്ലാം ശ്രദ്ധയോടെ ഉപയോഗിച്ചുകൊണ്ടുള്ളതായിരുന്നു നാടകാവതരണം. യുദ്ധരംഗങ്ങളിൽ കളരിപ്പയറ്റിന്റെയും ചുവടുവയ്പുകളിൽ കഥകളിയുടെയും സ്വാധീനത പ്രകടമായിരുന്നു.

മലയാള നാടകവേദി ചവിട്ടുനാടകാവതരണത്തിന് സാക്ഷ്യം വഹിച്ചതും ഇക്കാലത്തുതന്നെ. കഥാപാത്രങ്ങൾ പാട്ടുപാടി, നൃത്തം ചവിട്ടി നാടകങ്ങൾ അവതരിപ്പിച്ചു. കഥകളി രസിക്കുവാൻ തക്ക സാങ്കേതികജ്ഞാനമില്ലാത്തവരും മതപരിവർത്തനം നിമിത്തം അതിനുള്ള അവകാശം നഷ്ടപ്പെടുത്തിയവരും ഒരുപോലെ പുതിയ കലയുടെയും അതിന്റെ അവതരണ സമ്പ്രദായങ്ങളുടെയും ആരാധകരും പ്രചാരകരുമായി. അഭിജാതവർഗം നാടകവേദിയെ പുച്ഛഭാവത്തോടെയാണ് വീക്ഷിച്ചത്. ക്ലാസിക്കൽ കലാരൂപങ്ങളുടെ ആരാധകരായ നാടുവാഴിവർഗത്തിന് കഥകളിയിൽ കുറഞ്ഞൊന്നും സ്വീകാര്യമായിരുന്നില്ല.

ഈ അവഗണനകൾക്കിടയിലും മലയാള നാടകവേദി തളരാതെ നിന്നു. ഗ്രീസിൽനിന്നും റോമിലെത്തി, അവിടെ നിന്ന് പോർച്ചുഗൽ വഴി കേരളത്തിൽ കടന്നുകൂടിയ ജനകീയ കലാവേദി ഈ മണ്ണിൽ സാവധാനം വേരുപിടിച്ചു. ആദ്യമാദ്യം അതിന്റെ വൈദേശിക സ്വഭാവം ഒഴിയാബാധയായി നിലകൊണ്ടു. നാടകത്തിന്റെ ഉള്ളടക്കം മിക്കവാറും പാശ്ചാത്യ നായകന്മാരുടെ വീരേതിഹാസമായിരുന്നു.



വീരസേനാനികളായ കാറൽമാൻ, നെപ്പോളിയൻ എന്നിവരുടെ ചരിത്രങ്ങളായിരുന്നു നാടകങ്ങൾക്ക് ഇതിവൃത്തമായിത്തീർന്നത്. ഇതിൽ നെപ്പോളിയൻ ചരിത്രം പതിനൊന്ന് ദിവസങ്ങൾ കൊണ്ടുമാത്രം അഭിനയിച്ചു തീർക്കാൻ കഴിയുന്ന ബൃഹത്തായ ഘടനയും വൈചിത്ര്യമാർന്ന അഭിനയരീതിയും കൊണ്ട് സമ്പന്നമായിരുന്നു. ഉത്തര ഭാരതത്തിലെ രാമലീല പോലെ അന്യദേശങ്ങളിൽനിന്നുപോലും ആസ്വാദകരെ ആകർഷിക്കാൻ അതിനു കഴിഞ്ഞിരുന്നു.

നാടകവേദി ജനങ്ങളുടെ ആകർഷണ കേന്ദ്രമായി മാറാൻ തുടങ്ങിയതോടെ പുരോഹിതവർഗ്ഗം അസ്ഥാളിച്ചു. കലാസ്വാദനം സ്വതന്ത്രചിന്തയെ പുഷ്ടിപ്പെടുത്തുമെന്ന ഭീതിക്ക് അവർ വശംവദരായി. ഇവരുടെ എതിർപ്പ് ഒഴിവാക്കുന്നതിനു വേണ്ടി ബൈബിൾ കഥകൾ തിരഞ്ഞെടുത്ത് നാടകവേദിയിൽ അവതരിപ്പിക്കുവാൻ ശ്രദ്ധപുലർത്തി. പക്ഷേ, മൗലികമായ സംഭാവനയൊന്നും ഇതുവഴി ലഭ്യമായില്ല.

മലയാള നാടകവേദിയുടെ ശ്രദ്ധേയമായ ഘട്ടം ഗാർഹിക നാടകങ്ങളുടെ ഉദയമാണ്. കുടുംബാന്തരീക്ഷത്തിൽ നിലനില്ക്കുന്ന അലോസരങ്ങൾ ഹൃദ്യമായി ആദ്യം വേദിയിൽ അവതരിപ്പിച്ച 'മറിയാമ്മ' നാടകം ചരിത്രപരമായ പ്രാധാന്യം അർഹിക്കുന്നു. സംസാരഭാഷയിൽ എഴുതപ്പെട്ടതാണ് പ്രസ്തുത നാടകം. അഭിനയവും വേഷവിധാനവും യഥാതഥമായി. ജനജീവിതത്തിന്റെ പകർപ്പായി നാടകവേദി പരിണമിക്കുകയായിരുന്നു.

അക്കാലത്ത് സുസജ്ജമായിരുന്നു തമിഴ് നാടകവേദി. കേരളത്തിലുടനീളം നാടകങ്ങൾ അവതരിപ്പിച്ച് മലയാളനാടകങ്ങളെ അതു പാടേ പുറംതള്ളി. സംഗീതത്തിന് പ്രാധാന്യം നൽകുന്ന അവതരണ സമ്പ്രദായമാണ് അവയിൽ സ്വീകാര്യമായത്. അഭിനയത്തിനും ഏറെക്കുറെ തുല്യസ്ഥാനമായിരുന്നു. കരുണം, രൗദ്രം, വീരം എന്നീ രസാവിഷ്കരണങ്ങളിൽ തമിഴ് നാടകവേദി സവിശേഷ സാമർത്ഥ്യം പ്രകടിപ്പിച്ചു. ചിത്രയവനികകളും കട്ട് ഔട്ടുകളും രംഗത്ത് സ്ഥാനംപിടിച്ചു. സ്ത്രീകൾ അഭിനയവേദിയിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

തമിഴ് നാടകവേദിയെ അനുകരിച്ച് മലയാളികളും സംഗീതനാടകങ്ങൾക്ക് രൂപം കൊടുത്തു. ഇത്തരം സംഘങ്ങൾ തമിഴ് നാടകങ്ങൾ തന്നെയാണ് ആദ്യം അവതരിപ്പിച്ചത്. അതിന് മാറ്റംവരുത്തിയത് കെ.സി. കേശവപിള്ളയാണ്. അദ്ദേഹത്തിന്റെ 'സദാരാമ' മലയാള നാടകവേദിയുടെ പരിണാമചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. കാലക്രമത്തിൽ മലയാള നാടകവേദി കൂടുതൽ സ്വതന്ത്ര സ്വഭാവമുൾക്കൊണ്ടു. ശാകുന്തളം, അനാർക്കലി, കരുണ എന്നീ നാടകങ്ങളുടെ അവതരണ ഘട്ടത്തിലെത്തുമ്പോൾ മലയാള നാടകവേദി തനതായ വ്യക്തിത്വം കൈവരിക്കുകതന്നെ ചെയ്തു. ഓച്ചിറ പരബ്രഹ്മോദയം നടന സഭ നാടക രൂപത്തിൽ അവതരിപ്പിച്ച 'കരുണ' മലയാള നാടകവേദിയിൽ സൃഷ്ടിച്ച ചൈതന്യം ഇനിയും അസ്തമിച്ചിട്ടില്ലെന്ന് പറയാം.

സംഗീതനാടകങ്ങളിൽ പ്രധാന കഥാപാത്രങ്ങൾ പാടി അഭിനയിക്കാൻ ബാധ്യസ്ഥരായിരുന്നു. കഥയുടെ മർമ്മഭാഗങ്ങൾ ഗാനരൂപത്തിലാണ് അവതരിപ്പിച്ചിരുന്നത്. നടീനടന്മാരുടെ അഭിനയ സിദ്ധികളെക്കാൾ സംഗീത വൈദുഷ്യത്തിനായിരുന്നു പ്രാമുഖ്യം. ഇതുകൂടാതെ രംഗവേദിയിൽ ഹാർമോണിയവുമായി ഒരു ഭാഗവതരും സ്ഥാനം പിടിച്ചു. നടീനടന്മാർക്കൊപ്പം പാടുകയും ചേഷ്ടകൾ പ്രകടിപ്പിക്കുകയും ചെയ്യുന്നതിനായിരുന്നു ഭാഗവതരുടെ രംഗപ്രവേശം.

നാടകസമിതികൾ ധാരാളമായി ആവിർഭവിക്കുകയും അവ നാടകവേദിയിൽ പുതുമകൾ ആവിഷ്കരിക്കുകയും ചെയ്തതോടെ നാടകത്തെ തള്ളിക്കളഞ്ഞ് മേനിനടിച്ചു കഴിഞ്ഞ അഭിജാതവർഗം അതിന്റെ ആരാധകരായി. നാടകാഭിനയം ജീവിതമാർഗമാക്കിയ പ്രൊഫഷണൽ നാടക സംഘങ്ങൾ കേരളത്തിൽ വിജയകരമായി പര്യടനം തുടർന്നു. ഇതേസമയംതന്നെ ആംഗല വിദ്യാഭ്യാസമുണർത്തിയ നൂതനാവബോധത്തിൽ പ്രചോദിതരായ യുവാക്കൾ അമച്വർ നാടകസംരംഭങ്ങളുമായി നാടകവേദിയെ സമ്പന്നമാക്കാൻ സന്നദ്ധരായി. ഷേക്സ്പിയർ നാടകങ്ങളും മറ്റും പരിഭാഷപ്പെടുത്തി രംഗത്തവതരിപ്പിക്കാൻ ആദ്യം നടത്തിയ ശ്രമം വിജയിച്ചില്ല. തുടർന്ന് ഹാസ്യരസത്തിന് പ്രാമുഖ്യമേകുന്ന പ്രഹസനങ്ങളുടെ വരവായി. 1887-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ അവതരിപ്പിച്ച സി.വി. രാമൻപിള്ളയുടെ ചന്ദ്രമുഖീവിലാസമാണ് ഈ രംഗത്തെ ഗണപതിക്കുറിപ്പ്. നഗരജീവിതത്തിൽ ഒഴിയാബാധയായിത്തീർന്ന തിരുവാതിരയാശാന്മാരെ കണക്കിന് കളിയാക്കുകയായിരുന്നു ഈ പ്രഹസനത്തിന്റെ ലക്ഷ്യം. സംഗീതത്തെ വേദിക്ക് പുറത്തു നിറുത്തി എന്നതാണ് നാടകവേദിയിൽ ഇതു സൃഷ്ടിച്ച കാതലായ പരിവർത്തനം. നടന്റെ സിദ്ധികളുടെ മാനദണ്ഡം സംഗീത വൈദഗ്ധ്യമല്ല, അഭിനയപാടവമാണെന്ന സ്ഥിതി സംജാതമായി. ആലങ്കാരിക ഭാഷയ്ക്കുപകരം സംസാര ഭാഷയിൽ കഥാപാത്രങ്ങൾ സംസാരിച്ചു. അമച്വർ നാടക സമിതികൾ ധാരാളമായി ആവിർഭവിച്ചു. അതോടെ നാടകവേദി മൗലികമായ മാറ്റങ്ങൾക്ക് വിധേയമായി.

ആധുനിക ഗദ്യനാടകങ്ങളുടെ ശരിയായ പ്രകൃതം പ്രത്യക്ഷമാക്കുന്ന ഏതാനും രചനകൾ രംഗത്തവതരിപ്പിച്ചുകൊണ്ട് മലയാള നാടകവേദിയുടെ പരിണാമം ത്വരിതപ്പെടുത്തുന്നതിന് തിക്കുറിശ്ശി സുകുമാരൻ നായർ ചെയ്ത സേവനവും ഓർമിക്കപ്പെടേണ്ടതാണ്. ഭാഗവതരെ രംഗവേദിയിൽ നിന്ന് ഒഴിവാക്കിയത് ആ കലാകാരൻ അവതരിപ്പിച്ച നാടകങ്ങൾ വഴിയാണ്. ഇങ്ങനെ പ്രൊഫഷണൽ നാടകവേദിയിലും അമച്വർ നാടകവേദിയിലും പുതിയ പരീക്ഷണങ്ങൾ ശക്തിപ്പെടുന്ന ഘട്ടത്തിലാണ് കാതലായ ജീവിത പ്രശ്നങ്ങൾ, ഇബ്സൻ നാടകങ്ങളിലേതുപോലെ ശക്തിയായി അവതരിപ്പിക്കുന്ന പുതിയൊരു യുഗം മലയാളത്തിൽ ആരംഭിക്കുന്നത്.

രണ്ടു മഹായുദ്ധങ്ങൾക്കിടയിൽ ലോകനാടകവേദി അദ്ഭുതകരമായ പുരോഗതി കൈവരിക്കുകയുണ്ടായി. പ്രശ്നങ്ങളെ വസ്തുനിഷ്ഠമായി സമീപിക്കുന്നവരെന്നും ആത്മനിഷ്ഠമായി സമീപിക്കുന്നവരെന്നും രണ്ടു ചേരികളിലായി സാഹിത്യകാരന്മാർ. റഷ്യയിൽ ഒക്ടോബർ വിപ്ലവത്തിന്റെ വിജയത്തോടെ സമത്വാധിഷ്ഠിത സമ്പദ് വ്യവസ്ഥ യാഥാർത്ഥ്യമാക്കുന്നതിന് നാടകം ശക്തമായ ഉപാധിയായി ഉപയോഗിക്കപ്പെട്ടു. സാമൂഹികമായ പുരോഗതിക്ക് നാടകവേദി ആദരണീയമായ സംഭാവന നൽകി. ബൽജിയത്തിൽ മെറ്റർലിങ്കും ഇറ്റലിയിൽ ലൂയി പിരാൻദല്ലോവും അമേരിക്കയിൽ യൂജിൻ ഓനീലും കൈക്കൊണ്ട സമീപനം കൂടുതൽ ആത്മനിഷ്ഠമായിരുന്നു. വ്യത്യസ്ത തലങ്ങളിൽ ലോകനാടകവേദി വികാസം തേടുന്ന വേളയിൽ മലയാളനാടകവേദി പ്രഹസനങ്ങളിൽ താവളമടിക്കുകയായിരുന്നു. അവിടെനിന്ന് മൗലികമായ പരിവർത്തനത്തിന് തുടക്കമിട്ടത് എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളാണ്. മനുഷ്യനെ മഥിക്കുന്ന ജീവിതപ്രശ്നങ്ങൾ നാടകത്തിന്റെ ഉള്ളടക്കമായെങ്കിലും നാടകവേ

> നാടകവേദിയിൽ അപൂർവമായ പരീക്ഷണങ്ങൾക്ക് നിദാനമായിത്തീർന്ന രണ്ടു നാടകങ്ങൾ 1950കളിൽ രൂപംകൊണ്ടു. പുളിമാനപരമേശ്വരൻപിള്ളയുടെ 'സമത്വവാദി', സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27' എന്നീ നാടകങ്ങളാണവ. ആധുനിക നാടകവേദിയുടെ മുഖ്യ പ്രചോദനങ്ങൾ ഇന്നും ഈ രണ്ടു കലാസൃഷ്ടികൾ തന്നെ.

ദിയുടെ സ്വഭാവത്തിൽ മാറ്റമൊന്നും സംഭവിച്ചില്ല. അമചർ നാടകവേദിക്ക് വികാസമാർജിക്കാൻ കഴിഞ്ഞു എന്നതു മാത്രമാണ് എടുത്തുപറയാനുള്ള പ്രത്യേകത.

നാടകവേദിയിൽ അപൂർവമായ പരീക്ഷണങ്ങൾക്ക് നിദാനമായിത്തീർന്ന രണ്ടു നാടകങ്ങൾ 1950കളിൽ രൂപംകൊണ്ടു. പുളിമാന പരമേശ്വരൻപിള്ളയുടെ 'സമത്വവാദി', സി.ജെ. തോമസിന്റെ '1128-ൽ ക്രൈം 27' എന്നീ നാടകങ്ങൾ സാഹിത്യത്തിന്റെയല്ല നാടകവേദിയുടെ സാധ്യതകളെയാണ് തട്ടിയുണർത്തിയത്. ആധുനിക നാടകവേദിയുടെ മുഖ്യ പ്രചോദനങ്ങൾ ഇന്നും ഈ രണ്ടു കലാസൃഷ്ടികൾ തന്നെയാണ്. ഇവയിൽ ജീവിത സംഭവങ്ങൾ യഥാതഥമായി ചിത്രീകരിക്കപ്പെടുന്നില്ല. അവയുടെ അന്തർഭാവങ്ങൾ കണ്ടെത്തി നാടകകർത്താവിന്റെ ജീവിതദർശനം അനാവരണം ചെയ്യുന്നതിനുതകുന്ന ദൃശ്യങ്ങൾ ബോധപൂർവം അന്വയിപ്പിച്ചിരിക്കുന്നു. ദൃശ്യവേദിയുടെ വിപുലമായ സാധ്യതകളും ഭാവാവിഷ്കരണത്തിനുള്ള ഉപാധികളും ഈ നാടകങ്ങളിൽ പ്രയോജനപ്പെടുത്തിയിരുന്നു.

പാശ്ചാത്യ നാടകത്തിൽ നിന്ന് പൂർണമായും മുക്തി നേടി, ഭാരതീയ പാരമ്പര്യത്തിന് സ്വതസിദ്ധമായ കാവ്യാത്മകത്വം നാടകവേദിയിൽ പരീക്ഷിച്ച സി.എൻ. ശ്രീകണ്ഠൻനായരുടെ രാമായണ നാടകങ്ങളാണ് സാകേതം, കാഞ്ചനസീത, ലങ്കാലക്ഷ്മി എന്നിവ. ഭക്തിജന്യമായ വിധത്തിൽ ഇതിഹാസകഥകൾ ആഖ്യാനം ചെയ്യുകയല്ല, സ്വന്തം ദർശനത്തിന് അനുരോധമായ വിധത്തിൽ പുനഃസംവിധാനം ചെയ്യുകയാണ് സി.എൻ. ശ്രീകണ്ഠൻനായർ. മലയാളനാടക വേദിയിൽ പരീക്ഷിക്കപ്പെട്ട ദൃശ്യാത്മകതയ്ക്ക് കൂടുതൽ ആഴവും മിഴിവും നൽകാൻ ഇതോടെ സാദ്ധ്യമായി.

നാടകവേദിയുടെ വികാസപരിണാമങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പ്രത്യേകം അനുസ്മരിക്കേണ്ടതാണ് കേരളത്തിലെ കലാസമിതി പ്രസ്ഥാനം. മലയാളനാടകവേദിയുടെ വളർച്ചയിൽ ആ ജനകീയ പ്രസ്ഥാനം മികച്ച സംഭാവനകൾ നല്കി. 1948-നോടടുത്ത് കേരളത്തിലെ ആദ്യത്തെ കലാസമിതി കോഴിക്കോട്ട് രൂപംകൊണ്ടു. തുടർന്ന് പൊന്നാനിയിൽ ചേർന്ന കലാസമിതി സമ്മേളനത്തിലാണ് ഇടശ്ശേരിയുടെ 'കൂട്ടുകൃഷി' എന്ന നാടകം അരങ്ങേറിയത്. അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ കാതലായ ജീവിതപ്രശ്നങ്ങൾ നാടകവേദിയിൽ പ്രത്യക്ഷപ്പെട്ടു. സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള ഒരു മുന്നേറ്റത്തിന്റെ സ്വഭാവം അതിനു കൈവരുകയായിരുന്നു. കർഷകരുടെയും തൊഴിലാളികളുടെയും അവകാശസംരക്ഷണത്തിനുതകുന്ന ആശയപ്രചാരണവേദിയായി കലാസമിതി പ്രസ്ഥാനം നാടകവേദിയെ രൂപാന്തരപ്പെടുത്തി. കായംകുളത്തെ കേരള പീപ്പിൾസ് ആർട്സ് ക്ലബ് അവതരിപ്പിച്ച തോപ്പിൽഭാസിയുടെ നിങ്ങളെന്നെ കമ്യൂണിസ്റ്റാക്കി എന്ന നാടകം പ്രൊഫഷണൽ നാടകവേദിയുടെ വികാസചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്.

പ്രൊഫഷണൽ സ്വഭാവം നിലനിറുത്തിക്കൊണ്ടുതന്നെ ഫാന്റസി, മെലോഡ്രാമ, കാരിക്കേച്ചർ എന്നിങ്ങനെയുള്ള ആധുനിക നാടകസങ്കേതങ്ങൾ വിജയകരമായി പരീക്ഷിക്കുന്ന കെ.ടി. മുഹമ്മദിന്റെ നാടകങ്ങളും മലയാള നാടകവേദിക്ക് പുതിയ മാനം നല്കിയിട്ടുണ്ട്. ഉപഹാസക ശൈലി ഉപയോഗിച്ച് സാമൂഹ്യവിമർശനം സാധിക്കുകയും അടിസ്ഥാനപരമായ മാറ്റത്തിന് പ്രേരണ നൽകുകയും ചെയ്യുകയാണ് കെ.ടി.യുടെ നാടകങ്ങളിൽ. രംഗബോധത്തോടെ, ശക്തമായ ജീവിത പ്രശ്നങ്ങൾ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അഭിനയസാധ്യതകൾ പൂർണമായി ചൂഷണംചെയ്യുന്ന കെ.ടി.യുടെ നാടകങ്ങൾ കേവലം സംഭാഷണപ്രധാനങ്ങളല്ലെന്നുള്ളത് പ്രശംസയർഹിച്ചിരുന്നു.

പ്രൊഫഷണൽ നാടകവേദിയുടെ വളർച്ചയ്ക്കൊപ്പം കേരളീയ കലകളും നാടോടി പാരമ്പര്യവും നിലനിറുത്തുന്ന തനതു നാടകവേദിയും കാലിടറാതെ നില നിൽക്കുന്നു. ജി. ശങ്കരപ്പിള്ളയുടെയും മറ്റും നേതൃത്വത്തിൽ വളർന്നുവന്ന നാടക സങ്കല്പം സാങ്കേതികമായ പരീക്ഷണങ്ങളിലാണ് കൂടുതൽ ഊന്നിയത്. നാടകം രംഗകലയാണെന്ന തികഞ്ഞ ബോധത്തോടെ, അതിന്റെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ ബോധപൂർവകമായ ശ്രമങ്ങൾ അവർ നടത്തിയിട്ടുണ്ട്. ഇതിവൃത്തത്തിന്റെ സ്ഥൂലരൂപം വേദിയിൽ അവതരിപ്പിക്കുന്നതിനു പകരം പ്രേക്ഷകരിൽ അനുഭൂതികൾ ഉണർത്താനുതകുന്ന ബിംബങ്ങൾ സൃഷ്ടിക്കാനായിരുന്നു അവരുടെ യത്നം.

ഭാരതീയ നാടകപാരമ്പര്യത്തെ ആധുനിക കലാദർശനങ്ങൾക്കനുരൂപമായി പുനരാവിഷ്കരിക്കുന്നതിനുള്ള പരീക്ഷണമാണ് കാവാലം നാരായണപ്പണിക്കർ നടത്തുന്നത്. നമുക്ക് തനതായ ഒരു നാടക പാരമ്പര്യമുണ്ട്. സമ്പന്നമായ ആ പശ്ചാത്തലം അവഗണിച്ചുകൊണ്ട് വിദേശ മാതൃകകൾ തേടിപ്പോകുന്നത് മലയാളനാടകവേദിയുടെ വികാസത്തിന് തടസ്സമായിത്തീരുമെന്ന് കാവാലം സിദ്ധാന്തിക്കുന്നു. നാടോടി നാടക ശൈലികൾ മാത്രമല്ല ക്ലാസിക്കൽ ശൈലിയും പുനരുജ്ജീവിപ്പിച്ചുകൊണ്ട് തികച്ചും കേരളീയമായ ഒരു നാടകവേദിയുടെ സൃഷ്ടിയാണ് പുതിയ തലമുറയുടെ ലക്ഷ്യം. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏതാണ്ടൊരേകാലത്ത് രൂപംകൊണ്ട് വളർന്ന നാടകവേദികളുടെ ആത്മസത്ത കണ്ടെത്തി ഭാഷയുടെ അതിർവരമ്പുകൾ ഭേദിച്ചുകൊണ്ട് എല്ലാവർക്കും നാടകം ആസ്വദിക്കാവുന്ന ഒരവസ്ഥ സൃഷ്ടിക്കുന്നതിന് അവർ പ്രതിജ്ഞാബദ്ധരാകേണ്ടിയിരിക്കുന്നു. നാടകത്തെ സാഹിത്യത്തിന്റെ ആധമർണ്യത്തിൽ നിന്ന് മോചിപ്പിച്ചുകൊണ്ട് തികച്ചും ഒരു ദൃശ്യകലാരൂപമാക്കി മാറ്റാനുള്ള യത്നം മലയാള നാടകവേദിയിൽ തികച്ചും സജീവമായിത്തീർന്നിരിക്കുന്നു.





സെല്ലുലോയ്ഡിലെ ഈ കവിത ഇന്നും പ്രേക്ഷകർക്ക് പുതിയ അനുഭവം തന്നെയാണ്. വിഭൂതിഭൂഷൻ ബാനർജിയുടെ നോവലിന് പുറംചട്ട വരക്കാൻ സത്യജിത്റേയ്ക്ക് ലഭിച്ച അവസരമാണ് ലോക സിനിമാ ഭൂപടത്തിൽ അപുവിന്റെ ലോകത്തിനും ഇടം നൽകിയത്.

എം.എം. ബാലചന്ദ്രൻ

# പഥേർ പാഞ്ചലിക്ക് ൦

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് സ്ഥിതിചെയ്യുന്നതെന്ന് പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ്. ടാഗോറിന്റെയും ഗാന്ധിജിയുടെയും നെഹ്റുവിന്റെയും ആ സങ്കൽപത്തിന്റെ പൊരുൾ തേടിയുള്ള ഒരു ചലച്ചിത്രകാരന്റെ അന്വേഷണത്വര ചെന്നെത്തിനിന്നത് കൽക്കത്തയിൽ നിന്നും 60 കി.മീ. അകലെയുള്ള ബോറൽ എന്ന ഗ്രാമത്തിലാണ്. അവിടെയാണ് 'അപുവിന്റെ ലോകം'. അവന്റെ അമ്മായി എൺപതുകഴിഞ്ഞ ഒടിഞ്ഞുതൂങ്ങിയ കിഴവിത്തള്ള ഇന്ദിറിന്റെ, സ്കൂൾമാസ്റ്ററുടെ, കുലീനനായ പിതാവിന്റെ, അയൽവാസിയുടെ, അങ്ങനെ മുഖംമൂടിയില്ലാത്ത ഒട്ടേറെ പച്ചയായ മനുഷ്യരുടെ ഗ്രാമം: അപുവിന്റെ കാഴ്ചപ്പാടിലൂടെ. ഭാരതീയ ഗ്രാമത്തിലെ പച്ചയായ മനുഷ്യരുടെ യാഥാർത്ഥ്യത്തിന്റെ നേർക്കുള്ള സമീപനത്തിന്റെ അർത്ഥവും വ്യാപ്തിയും സെല്ലുലോയിഡിൽ വിരിഞ്ഞ ആ കവിതയിലൂടെ നാം ദർശിച്ചു. അവന്റെ കാഴ്ചപ്പാടുകൾക്ക് വാർദ്ധക്യമില്ല. കാലത്തെ അതിജീവിച്ച് അതിന്നും നമ്മുടെ ഗ്രാമഗ്രാമാന്തരങ്ങളിൽ നിലനിൽക്കുന്നു. ഇന്ത്യൻ സിനിമയുടെ രാജശിൽപിയായ സത്യജിത്റേ അവതരിപ്പിച്ച പഥേർ പാഞ്ചലിക്ക് ഇന്ന് അൻപത് വയസ്സ് പൂർത്തിയായിരിക്കുന്നു. അതോടെ ഇന്ത്യൻ ജനതയ്ക്ക് അന്നുവരെ അജ്ഞാതമായിരുന്ന സിനിമയുടെ പുതിയ വ്യാകരണശൈലിയുടെ കർത്താവായും റേ അറിയപ്പെട്ടു. മൊൻടാഷും ജംബ്കട്ടും ഫെയ്ഡ് ഔട്ടും നമ്മുടെ സിനിമയിൽ നിന്നും അതോടെ വിടവാങ്ങി. 1954-ൽ റിലീസ് ചെയ്ത സത്യജിത്ത്റേയുടെ 'പഥേർ പാഞ്ചലി' (നടപ്പാതയുടെ സംഗീതം) സെല്ലുലോയിഡിലെ കവിതയാണ്; അതൊന്നുകൊണ്ടു തന്നെ ഇന്നും 'പഥേർ പാഞ്ചലി' കാണുമ്പോൾ പ്രേക്ഷകർക്ക് അത് പുതിയ അനുഭവമായി മാറുന്നു. ബർഗ്മാൻ, കുറോസോവ, ഡിസീക്ക തുടങ്ങിയ വിശ്വവിഖ്യാതരായ ചലച്ചിത്രകാരന്മാരുടെ നിരയിലേക്ക് റേ ഉയർന്നു. അതോടെ ലോകസിനിമയുടെ ഭൂപടത്തിൽ ഇന്ത്യൻ സിനിമയ്ക്കും ഇടം ലഭിച്ചു.

1921 മുതൽ 1962 വരെയുള്ള കാലഘട്ടത്തിൽ ഇരുപത്തെട്ടു ഫീച്ചർ ഫിലിമുകളും അഞ്ചു ഡോക്യുമെന്ററികളും മൂന്നു ഷോർട്ട് ഫിലിമുകളും സത്യജിത് റേ സംവിധാനം ചെയ്തു. 1955 മുതൽ 78 വരെ ഒരു വർഷം ഒരു ചിത്രം എന്ന കണക്കിന് റേ ചിത്രങ്ങൾ പുറത്തുവന്നുകൊണ്ടിരുന്നു. സത്യജിത് റേയുടെ സർഗ്ഗജീവിതത്തിലെ പ്രഥമവും പ്രധാനവുമായ ഘട്ടം 'അപൂത്രയ'ത്തിന്റേതാണ്. പഥേർ പാഞ്ചലി, അപരാജിതോ, അപുസൻസാർ എന്നിവയായിരുന്നു ആ ചിത്രങ്ങൾ.

നടപ്പാതയുടെ സംഗീതം എന്നർത്ഥം വരുന്ന പഥേർപാഞ്ചലിയിലേയ്ക്കുള്ള റേയുടെ യാത്ര അത്യന്തം ക്ലേശപൂർണ്ണമായിരുന്നു. ബംഗാളിലെ അറിയപ്പെടുന്ന ഒരു കലാകുടുംബത്തിലാണ് 1921-ൽ റേ ജനിച്ചത്. അച്ഛൻ സുകുമാർറേ അറിയപ്പെടുന്ന ഒരു എഴുത്തുകാരൻ ആയിരുന്നു. മുത്തച്ഛൻ പ്രശസ്തനായ ചിത്രകാരനും അമ്മ സംഗീതജ്ഞയുമായിരുന്നു. മഹാകവി രവീന്ദ്രനാഥടാഗോറിന്റെ കുടുംബവുമായി അടുത്തബന്ധവും ഉണ്ടായിരുന്നു. രണ്ടാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. പിതാവു നഷ്ടപ്പെട്ട മകനെ പഠിപ്പിക്കുന്നതിന് അമ്മ വളരെയധികം പാടുപെട്ടു. സത്യജിത് റേ മെട്രിക്കുലേഷനുശേഷം പ്രസിഡൻസി

# 50 വയസ്സ്

കോളേജിൽ നിന്നും ധനതത്ത്വശാസ്ത്രത്തിൽ ബിരുദമെടുത്തു. ചെറുപ്പം മുതലേ സിനിമയിൽ കമ്പം തോന്നിയിരുന്ന റേ താൻ കാണുന്ന സിനിമയെക്കുറിച്ച് കുറിപ്പുകൾ തയ്യാറാക്കി സൂക്ഷിച്ചിരുന്നു. ഈ കമ്പം കോളേജു വിദ്യാഭ്യാസകാലത്താണ് ഏറ്റവും ശക്തമായത്. താരപരിവേഷത്തിന്റെ മാസ്മരിക പ്രപഞ്ചത്തിൽ നിന്നും സിനിമയെ ഗൗരവമായി കാണുന്നതിനുള്ള ഒരു ചലച്ചിത്രാവബോധം റേ നേടിയെടുത്തു. ലോകപ്രശസ്തരായ സംവിധായകരുടെ രചനകളുടെ സവിശേഷത കണ്ടെത്തി. കോളേജുവിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ലളിതകല അഭ്യസിക്കുന്നതിന് റേ ശാന്തിനികേതനിൽ ചേർന്നു. അവിടെ അദ്ദേഹത്തിന് പഠനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1942-ൽ ശാന്തിനികേതന്റെ പടിയിറങ്ങിയ റേ ഒരു ബ്രിട്ടീഷ് കമ്പനിയിൽ പരസ്യകലയ്ക്ക് ചിത്രം വരയ്ക്കുന്ന തൊഴിലിൽ ഏർപ്പെട്ടു. 1947-ൽ റേയും കുറെ കൂട്ടുകാരും ചേർന്ന് ഒരു ഫിലിം സൊസൈറ്റിയ്ക്ക് രൂപം നൽകി. ലോക ക്ലാസ്സിക്കുകൾ കാണാനും അതിനെക്കുറിച്ച് ചർച്ച നടത്താനും ഒരു വേദി ഉണ്ടാക്കി. അപ്പോഴേയ്ക്കും റേ ഇല്ലസ്ട്രേഷൻ വരയ്ക്കുന്നതിന് പ്രാഗത്ഭ്യം നേടി. ബംഗാളിൽ പ്രശസ്തനായിരുന്ന വിഭൂതിഭൂഷൻ ബാനർജിയുടടെ 'പഥേർ പാഞ്ചലി' എന്ന പ്രഖ്യാത നോവലിന് പുറംചട്ട വരയ്ക്കുന്നതിന് അവസരം ലഭിച്ചു. തികച്ചും യാദൃശ്ചികമായ ഈ നിയോഗമാണ് 'പഥേർ പാഞ്ചലി' എന്ന സിനിമയ്ക്ക് ജന്മം നൽകാൻ ഇടയായത്.

1949-ൽ വിഖ്യാതപാശ്ചാത്യ സംവിധായകൻ റെനോയർ 'ദി റിവർ' എന്ന ചിത്രത്തിന്റെ വാതിൽപുറ ചിത്രീകരണവുമായി കൊൽക്കത്തയിൽ വന്നു. റേ അദ്ദേഹത്തെ സന്ദർശിച്ചു. ആ കൂടിക്കാഴ്ച റേയുടെ സർഗ്ഗജീവിതത്തിന്റെ വഴിത്തിരിവായി. 1950-ൽ റേ പത്നീ സമേതനായി ഇംഗ്ലണ്ടിലേക്കു പോയി. അവിടെ വച്ചാണ് 'ബൈസിക്കിൾ തീവ്സ്' എന്ന വിശ്വക്ലാസിക് റേ കാണുന്നത്. ആ ചിത്രം അദ്ദേഹത്തിന്റെ ചലച്ചിത്രദർശനത്തിന് അടിത്തറ പാകി. താൻ മനസ്സിൽ ഓമനിച്ചു കൊണ്ടുനടന്ന പഥേർ പാഞ്ചലി ചലച്ചിത്രമാക്കുമ്പോൾ ബൈസിക്കിൾ തീവ്സിന്റെ ചുവടുപിടിച്ചായിരിക്കണം എന്നദ്ദേഹം ആത്മാർത്ഥമായി തീരുമാനിച്ചു. ഇംഗ്ലണ്ടിൽ നിന്നുള്ള മടക്കയാത്രയിൽ കപ്പലിൽ വെച്ചുതന്നെ പഥേർ പാഞ്ചാലിയുടെ സ്ക്രിപ്റ്റ് പൂർത്തിയാക്കി. തിരക്കഥയുടെ മാർജിനിൽ ഓരോ രംഗവും അദ്ദേഹം വരച്ചുവെച്ചിരുന്നു. ആ തിരക്കഥയുമായി അദ്ദേഹം പല സിനിമാക്കാരെയും സമീപിച്ചു. ഫലം നിരാശമാത്രം. 'ഡപ്പാകുത്തി' സിനിമാക്കാർക്ക് ഉണ്ടോ നടപ്പാതയുടെ സംഗീതം കേൾക്കാനുള്ള ആർജ്ജവം? റേ തന്റെ ഉറ്റചങ്ങാതിമാരായിരുന്ന സുബ്രതോ മിത്രയെയും ബാൻസി ചന്ദ്രഗുപ്തയെയും സമീപിച്ചു. സിനിമാ നിർമ്മാണത്തെക്കുറിച്ചുള്ള പദ്ധതിയ്ക്ക് അവർ രൂപം നൽകി. റേ തന്റെ ലൈഫ് ഇൻഷുറൻസ് പോളിസിയിൽ നിന്നും 7500 രൂപ കടമെടുത്തു. കുറേ പണം ബന്ധുക്കൾ കടമായി നൽകി. തന്റെ അമൂല്യ പുസ്തകശേഖരവും ഗ്രാമഫോൺ റെക്കോർഡും വിറ്റ് കുറേ പണംകൂടി സ്വരൂപിച്ചു. ഭാര്യയുടെ ആഭരണം വാങ്ങി പണയം വച്ച് ബാക്കി പണവും കരുതി. അങ്ങനെ മുപ്പതാമത്തെ വയസ്സിൽ റേ 'പഥേർ പാഞ്ചലി'യുടെ നിർമ്മാണം ആരംഭിച്ചു.





കൊൽക്കൊത്തയിൽ നിന്നും അറുപതു കിലോമീറ്റർ അകലെയുള്ള ബോറൽ എന്ന ഗ്രാമമായിരുന്നു ലൊക്കേഷൻ. ഒൻപത് അംഗങ്ങളുണ്ടായിരുന്ന യൂണിറ്റിൽ കലാസംവിധായകന് മാത്രമേ സിനിമയുമായി പൂർവ്വബന്ധം ഉണ്ടായിരുന്നുള്ളൂ. കലാസംവിധായകൻ ഒരു സെറ്റ് തയ്യാറാക്കി. ഷൂട്ടിംഗ് ആരംഭിച്ചു. പ്രേക്ഷകരുടെ മനസ്സിൽ നിത്യവിസ്മയമായ ഇന്ദിർ എന്ന ചുനിബാലയെ റെഡ് സ്ട്രീറ്റിൽ നിന്നാണ് റേ കണ്ടെത്തിയത്. അന്ന് ചുനിബാലയ്ക്ക് എഴുപത്തൊൻപതു വയസ്സ് ഉണ്ടായിരുന്നു. ഇന്നത്തേതുപോലെ വാഹനസൗകര്യമൊന്നും യൂണിറ്റിൽ ഉണ്ടായിരുന്നില്ല. ബസ്സിൽ യാത്ര ചെയ്താണ് സെറ്റിൽ എത്തുന്നത്. റേയ്ക്ക് പലപ്പോഴും ബസ്സിന്റെ ഫുട്ബോഡിൽ നിന്ന് യാത്ര ചെയ്യേണ്ടിവന്നിട്ടുണ്ട്. ക്യാമറാ മാൻ സുബ്രതോമിത്രയും സംവിധായകൻ റേയും നവാഗതർ. ഒരു ദസറാ ദിവസമായിരുന്നു ഷൂട്ടിംഗ് ആരംഭിച്ചത്. ക്യാമറയുടെ പിന്നിൽ നിന്നിരുന്ന റേ അൽപം നെർവസ് ആയിരുന്നു. ക്രമേണ അദ്ദേഹം സാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്നു. ആവിഷ്കരണ ശൈലിയിൽ റേ വിട്ടുവീഴ്ചയ്ക്ക് തയ്യാറായിരുന്നില്ല. അപ്പുവിന്റെ അമ്മായി എഴുപത്തൊൻപതുകാരിയായ ഇന്ദിർ എന്ന കഥാപാത്രത്തിന്റെ മരണരംഗ ചിത്രീകരണവേള റേയ്ക്ക് ക്ലേശം നിറഞ്ഞതായിരുന്നു. എൺപതിനടുത്ത പ്രായം, തൊലി ചുളുങ്ങി പല്ല് കൊഴിഞ്ഞ മോണയുള്ള ചുനിബാല എന്ന നടിക്ക് കേഴ്‌വിയും കാഴ്ചയും കുറവ്. കറുപ്പ് തിന്നാണ് ജീവൻ നിലനിർത്തിയിരുന്നത്. ഇല്ലിക്കൂട്ടത്തിന്റെ ചുവട്ടിൽ മരിച്ചുമരവിച്ചിരിക്കുന്ന ഇന്ദിർ എന്ന വൃദ്ധയെയാണ് അവതരിപ്പിക്കേണ്ടത്. അവർക്കൊരു സ്ട്രോക്ക് വന്ന് പെട്ടെന്ന് വിറച്ചുവീണു. റേ അവരെ ചുമലിൽ താങ്ങി. പിന്നീട് പല ടേയ്ക്കിനുശേഷമാണ് വിശ്വസിനിമയിലെ അപൂർവ്വമായ ആ രംഗത്തിന്റെ സാക്ഷാത്കാരം നിർവഹിക്കാൻ റേയ്ക്കു കഴിഞ്ഞത്. അതേപോലെ അപുവും അവന്റെ സഹോദരി ദുർഗ്ഗയും അവരുടെ ഗ്രാമത്തിലെത്തുന്ന മിഠായി കച്ചവടക്കാരന്റെ അടുത്തെത്തുന്നു. അപുവിന്റെ പിന്നാലെ ഒരു നായ ഓടുന്നരംഗം ഉണ്ട്. പരിശീലനം സിദ്ധിച്ച നായയെയും അതിന്റെ ബോസിനെയും വരുത്തി. ടേക്ക്

റെഡി. സ്റ്റാർട്ട് പറഞ്ഞു. അപു ഓടി. നായ അവിടെത്തന്നെ നിന്നു. പന്ത്രണ്ടാമത്തെ ടേയ്ക്കിനാണ് ആ രംഗം റേയുടെ മനസ്സിന് ഇണങ്ങിയ രീതിയിൽ ചിത്രീകരിക്കാൻ കഴിഞ്ഞത്. സത്യജിത്ത് റേയുടെ സത്യദർശനത്തിന്റെ മറ്റു രണ്ട് ഉദാഹരണങ്ങൾകൂടെ ഇവിടെ വ്യക്തമാക്കാം. 1951-ൽ ഒരു ദസറാ ദിവസമായിരുന്നു ആരംഭം എന്നു പറഞ്ഞുവല്ലോ. ആദ്യഷോട്ടുതന്നെ കാവ്യാത്മകമായ ഒന്നായിരുന്നു. അപുവും അവന്റെ സഹോദരി ദുർഗ്ഗയും പൂത്തുനിൽക്കുന്ന കണയൻ പുല്ലിനിടയിലൂടെ, ചൂളം വിളിച്ച് പാഞ്ഞുപോകുന്ന ആവി എഞ്ചിൻ പിടിപ്പിച്ച തീവണ്ടി കാണാൻ ഓടുന്ന രംഗമായിരുന്നു അത്. നിരവധി ക്ലേശകരമായ നിമിഷങ്ങൾക്കു ശേഷമാണ് ആ രംഗം അദ്ദേഹം ചിത്രീകരിച്ചത്. 1957-ൽ 'സൈറ്റ് ആന്റ് സൗണ്ട്' എന്ന പ്രസിദ്ധീകരണത്തിന് നൽകിയ അഭിമുഖത്തിൽ റേ ഇങ്ങനെ പറയുന്നു. "ആദ്യ ഷോട്ട് ഞാൻ ഇപ്പഴും ഓർമ്മിക്കുന്നു, ഒരുൾഭീതി. മനസ്സിൽ പിരിമുറുക്കം? ഷൂട്ടിംഗ് പുരോഗമിച്ചപ്പോൾ റിലാക്സായി. അവസാനിച്ചപ്പോഴേയ്ക്കും ആത്മപ്രഹർഷവും."





പെർഫെക്ഷനുവേണ്ടി എത്ര ത്യാഗം സഹിക്കാനും അദ്ദേഹം തയ്യാറായിരുന്നു. ഷൂട്ടിംഗ് പൂർത്തിയാക്കി അദ്ദേഹം മടങ്ങി. റഷസ് കണ്ടു, അപ്പോഴാണ് ഹരിതാഭമായിരുന്ന ഒരു സീനറി കന്നുകാലികൾ മേഞ്ഞ് സ്വാഭാവികസൗന്ദര്യം നഷ്ടപ്പെട്ടതായി റേയ്ക്ക് തോന്നിയത്. അത് കണ്ടിന്യൂയിറ്റിയെ ബാധിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കി. വീണ്ടും ഒരു വസന്തത്തിനുവേണ്ടി അദ്ദേഹം കാത്തിരുന്നു. രണ്ടു വർഷത്തിനുശേഷമാണ് ആ രംഗം റീ ഷൂട്ട് ചെയ്തത്. യഥാർത്ഥ ചിത്രീകരണത്തിന് റേ എത്രമാത്രം സ്ട്രെയിൻ എടുത്തിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. നിർമ്മാണ വേളയിൽ ഇടയ്ക്കുവെച്ച് പണം തീർന്നിരുന്നു. അന്നത്തെ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ഡോക്ടർ ബി.സി. റോയിയെ റേ സമീപിച്ചു. സഹൃദയനായ റോയി പടം പൂർത്തിയാക്കുന്നതിന് ആവശ്യമായ സാമ്പത്തികസഹായം സർക്കാരിൽ നിന്നും അനുവദിച്ചു. ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപണിക്കുവേണ്ടിയുള്ള ഫണ്ടിൽ നിന്നാണ് മുഖ്യമന്ത്രി വഴിവിട്ട് പണം നൽകിയത്. ഗ്രാമജീവിതത്തെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി ആണെന്നാണ് മുഖ്യമന്ത്രി ധരിച്ചത്. നടപ്പാതയുടെ സംഗീതവും റോഡുപണിയുടെ ഫണ്ടും അങ്ങനെ യാദൃശ്ചികമായി പരസ്പര പൂരകങ്ങളായി. 'പഥേർ പാഞ്ചലി' അങ്ങനെ പൂർത്തിയാക്കി. ഇന്നേയ്ക്ക് അൻപതുവർഷം മുമ്പ് ഒരു ആഗസ്റ്റ് 26-ന് ന്യൂയോർക്കിലെ മ്യൂസിയം ഓഫ് മോഡേൺ ആർട്ടിൽ 'പഥേർ പാഞ്ചലി' ആദ്യമായി പ്രദർശിപ്പിച്ചു. വെള്ളക്കാരും നീഗ്രോകളും അടങ്ങിയ സദസ്സ്, പ്രദർശനം കണ്ട അവർ കരഞ്ഞു കലങ്ങിയ കണ്ണുകളുമായി റേയെ സമീപിച്ചു. 'മനുഷ്യഗന്ധിയായ കഥ' ഏവരും പ്രകീർത്തിച്ചു. റേ ധന്യനായി. പിന്നീട് ബംഗാളിൽ പ്രദർശിപ്പിച്ചപ്പോഴും ചിത്രത്തിന് ഉജ്ജ്വല വരവേൽപാണ് ലഭിച്ചത്. സിനിമയ്ക്കുവേണ്ടി തന്റെ ശിഷ്ടജീവിതം ഉഴിഞ്ഞുവയ്ക്കാൻ റേ തീരുമാനിച്ചു. പരസ്യകമ്പനിയിൽ നിന്നും ജോലി രാജിവച്ച് ഒരു മുഴുവൻ സമയചലച്ചിത്രകാരനായി പ്രവർത്തിക്കാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ സർഗ്ഗജീവിതത്തിന്റെ പ്രഥമഘട്ടം അങ്ങനെ അപുത്രയത്തിന്റെ രചനയിലൂടെ നിർവഹിച്ചു. ഇന്ത്യൻ സിനിമയ്ക്ക് ഒരു രാജശില്പിയെ ലഭിച്ചു. സെല്ലുലോയിഡിലെ കവി എന്നു ലോകം പ്രകീർത്തിച്ചു.

ബംഗാളിലെ ഒരു ഗ്രാമത്തിന്റെ കഥയല്ല, മറിച്ച് ഏതൊരാകാശത്തിൻ കീഴിലുമുള്ള മാനവരാശിയുടെ കഥയാണ് റേ പറഞ്ഞത്. 1956-ൽ 'പഥേർ പാഞ്ചലി' കണ്ട പാശ്ചാത്യ ചലച്ചിത്ര നിരൂപകനും സിനിമാചരിത്രകാരനുമായ ഡേവിഡ് റോബിൻസൺ റേ ചിത്രത്തെക്കുറിച്ച് ഇങ്ങനെയാണ് പ്രതികരിച്ചത്. 50 വർഷം പിന്നിട്ടിട്ടും 'പഥേർ പാഞ്ചലി'യുടെ സമീപനത്തിന്റെ സത്യസന്ധതയും അതിന്റെ കാവ്യാത്മകതയും ഇന്നും പ്രേക്ഷകരുടെ ഹൃദയം നിറഞ്ഞു തുളുമ്പാൻ പര്യാപ്തമാണ്. ഈ ചിത്രത്തിലെ പല ദൃശ്യങ്ങളും മറക്കാനാവില്ല. സാർവലൗകീകതയുടെ കാവ്യാത്മക ഭാഷ തുളുമ്പുന്ന ദൃശ്യങ്ങൾ: ബ്ലാങ്കറ്റിന്റെ സുഷിരത്തിലൂടെ നാം കാണുന്ന അപുവിന്റെ കണ്ണുകൾ; ആ കാഴ്ചപ്പാടിലൂടെയുള്ള അപുവിന്റെ ലോകം, ഇന്ദിർ എന്ന കിഴവിത്തള്ള, ദുർഗ്ഗ, അപുവിന്റെ പിതാവ് എന്നുവേണ്ട ഓരോ ഫ്രെയിമിലും വിരിയുന്ന പുൽക്കൊടിത്തുമ്പിലെ തുഷാരബിന്ദുപോലും ഒരു പ്രത്യേക ദൃശ്യാനുഭൂതിയാണ് പകരുന്നത്. ഗ്രാമീണരല്ല, ബംഗാളികളല്ല അവർ മനുഷ്യരാണ്. അതാണ് റേ ചിത്രത്തിന്റെ പ്രത്യേകത.

എല്ലാ മഹാന്മാരും നേരിട്ടിട്ടുള്ളതുപോലെ റേയ്ക്കും ചില അഗ്നിപരീക്ഷണങ്ങളെ അതിജീവിക്കേണ്ടി വന്നിട്ടുണ്ട്. ഇന്ത്യയുടെ ദാരിദ്ര്യമാണ് റേ മുതലെടുത്തിരിക്കുന്നത് എന്നായി ചിലരുടെ വിമർശനം. അദ്ദേഹത്തിന്റെ ദർശനം സത്യദർശനമാണ്. യഥാർത്ഥ ഇന്ത്യൻ ഗ്രാമങ്ങളിലെ പട്ടിണിക്കോലങ്ങളുടെ ദൃശ്യങ്ങൾ. അതിന് സാർവ്വലൗകീകതയുടെ ചാരുത വന്നിട്ടുണ്ട്. അതൊന്നുകൊണ്ട് തന്നെ അത് മാനവരാശിയുടെ കഥയുമാണ്. അൻപതു വർഷമായ നടപ്പാതയുടെ സംഗീതം ഇന്നും നമ്മുടെ കാതോരങ്ങളിൽ അനുരണനം ചെയ്യുന്നുണ്ടെങ്കിൽ റേയും റേയുടെ ദർശനവും കാലദേശങ്ങളെ അതിജീവിച്ചിരിക്കുന്നു എന്നുള്ളതാണ് സത്യം.

ഇന്ത്യയുടെ മഹാനായ ഈ ചലച്ചിത്രകാരനെ ആദരിക്കാൻ അദ്ദേഹത്തിന്റെ കന്നിച്ചിത്രമായ പഥേർ പാഞ്ചലിയുടെ അരനൂറ്റാണ്ട് നമുക്ക് ആഘോഷിക്കാം. ഇനി വരാൻ പോകുന്ന അരനൂറ്റാണ്ടിലെ തലമുറകളിലേയ്ക്ക് അപുവിന്റെ ലോകം നമുക്ക് കൈമാറാം.



## പൊലീസ് സ്റ്റേഷനുകൾ രക്ഷാകേന്ദ്രങ്ങൾ

സാധാരണക്കാരന് നീതിയും സംരക്ഷണവും ലഭിക്കുന്ന രക്ഷാകേന്ദ്രങ്ങളാവണം പൊലീസ് സ്റ്റേഷനുകൾ. അത്തരം അന്തരീക്ഷം ഉണ്ടായാലേ പൊലീസ് സംവിധാനം പൂർണ്ണവിജയത്തിലെത്തൂ എന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. മൂന്നാം കേരള സായുധസേന ട്രെയിനിംഗ് ബറ്റാലിയന്റെ പാസിംഗ്ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതാണ് പൊലീസിന്റെ ഉത്തരവാദിത്തം. സാമൂഹികബാധ്യത നിലനിർത്തിക്കൊണ്ടാവണം ഉത്തരവാദിത്തം നിറവേറ്റേണ്ടത്. പൊലീസിനെ നവീകരിക്കാൻ സർക്കാർ എല്ലാ ശ്രമവും നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു. 265 റിക്രൂട്ടുകളാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.




## അനാവശ്യവിവാദം വേണ്ട

അനാവശ്യവിവാദവും എതിർപ്പും കേരളത്തിന്റെ വികസനമുന്നേറ്റത്തെ തടസ്സപ്പെടുത്തുന്നുവെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. രാജ്യത്തിന് തന്നെ അഭിമാനമായ നെടുമ്പാശ്ശേരി വിമാനത്താവളം ഇന്ന് ഏറെ ലാഭകരമായി പ്രവർത്തിക്കുന്നു. ഗോശ്രീ പദ്ധതിയും വിജയമാണ്. രണ്ട് പദ്ധതികളുടെയും പ്രാരംഭദശയിൽ ഏറെ വിമർശനവും വിവാദവും ഉണ്ടായതാണ്. അവ അടിസ്ഥാനരഹിതമായിരുന്നുവെന്ന് ഈ വിജയം കാട്ടിത്തരുന്നു. ഈ വസ്തുതയുടെ വെളിച്ചത്തിൽ അനാവശ്യവിവാദങ്ങൾ ഒഴിവാക്കാൻ ഏവരും ശ്രമിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു. അച്ചടി മാധ്യമങ്ങളുടെ പത്രാധിപന്മാരുമായി തിരുവനന്തപുരത്ത് നടത്തിയ ചർച്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് സെക്രട്ടറി ജിജി തോംസൺ, അഡീഷണൽ ഡയറക്ടർ കെ.സി. വേണു എന്നിവരും പങ്കെടുത്തു.




സംസ്ഥാനത്തെ ദൃശ്യ-ശ്രാവ്യ മാധ്യമ രംഗത്തെ പ്രതിനിധികളുമായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ചർച്ച നടത്തുന്നു.



## ഗാന്ധിയൻതത്ത്വം പ്രചരിപ്പിച്ചവർക്ക് പെൻഷൻ

സാധാരണക്കാർക്കിടയിൽ ഗാന്ധിയൻതത്ത്വം, ഖാദി, ഹിന്ദി എന്നിവ പ്രചരിപ്പിച്ചവർക്ക് നൽകിവന്ന പെൻഷൻ വീണ്ടും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അറിയിച്ചു.

പുതിയ തലമുറ ഗാന്ധിയൻആദർശങ്ങൾ ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകത മുഖ്യമന്ത്രി വിശദീകരിച്ചു. ഗാന്ധിയൻആദർശങ്ങൾക്ക് ദിവസം കഴിയുന്തോറും പ്രസക്തി വർദ്ധിക്കുകയാണ്. അവ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രചോദനമായി എന്നും നിലനിൽക്കും. ഭാരതീയ പാരമ്പര്യം നിലനിർത്താൻ ഗാന്ധിജി പുതിയ തലമുറയിലൂടെ ജീവിക്കേണ്ടത് ആവശ്യമാണെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ഗാന്ധിജയന്തി വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

## സ്ത്രീധനത്തിനെതിരെ കലാജാഥ

ബോധവത്കരണവും അഭിപ്രായ രൂപീകരണവും കൊണ്ടുമാത്രമേ സ്ത്രീധനമെന്ന സാമൂഹിക വിപത്തിനെ നേരിടാൻ കഴിയൂ എന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു.

സ്ത്രീധനത്തിനെതിരെ സംസ്ഥാന വനിതാകമ്മീഷനും ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പും സംയുക്തമായി സംഘടിപ്പിച്ച കലാസാംസ്കാരിക ജാഥയുടെ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

